# NEW VISION

## FOR A CHANGING WORLD




ദക്ഷിണേന്ത്യ സഭ മോഡറേറ്ററായി തെരഞ്ഞെടുക്കപ്പെട്ട
മോസ്റ്റ് റവ തോമസ് കെ ഉമ്മന് കോട്ടയം പൗരാവലി നൽകിയ സ്വീകരണത്തിൽ
മോസ്റ്റ് റവ ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത.

**ന്യൂ വിഷൻ** ഫോർ എ ചെയ്ഞ്ചിങ് വേൾഡ്
ഫെബ്രുവരി 2017

NEW VISION FOR A CHANGING WORLD is an ecumenical magazine owned by Nava Darshan Trust, a Public Charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled NEW VISION, has become a monthly since February 2001. It serves as a forum for exchange of views and a source of inspiration for enlighted action. This publication and a source of inspiration for enlighted action. This publication is solely supported by the voluntary donations of its readers. Your contributions intellectual and financial are most welcome. The Meeting Point (a publication of CISAC, USA) is currently being published in association with New Vision.

**EDITORIAL BOARD**

| | |
|---|---|
| Patron | : Most Rev.Dr. Philipose Mar Chrysostom Mar Thoma Valiya Metropolitan |
| Hon.Chief Editor | : Dr. Cyriac Thomas |
| Executive Editors | : Dr. Jose Parekadavil<br>Dr. Jesudas Athyal (USA) |
| Managing Editors | : George Mathew . C<br>Koshy George (USA) |
| Manager | : Rev. Prof. K.C. Mathew |
| Associate Editor | : Nainan K. Jacob |
| Editor & Publisher | : Dr. Mathew Koshy Punnackad |
| Office Assistant | : Kurian Thomas .T |
| Editorial Board | : Dr. Sabu George, *Principal Bishop Moore College Mavelikara*<br>Prof. Vijo Thomas Kurian, *CMS College Kottayam*<br>Dr. Achamma Alex, *Principal Christian College Chengannur*<br>Rev.Dr. Mathew Daniel, *Secretary CSS Thiruvalla*<br>George Beharian<br>Prof. Dr. Sabu .D. Mathew, *St.Thomas College Pala*<br>Prof. John George Athyal, *Christian College Chengannur*<br>Prof.Dr. Muse Mary George, *UC College Alwaye*<br>T. Mathew (USA)<br>Rev. Anandraj (USA)<br>Rev.A.C.Thomas<br>Rev.Abraham P Varkey |



# ന്യു വിഷൻ ഫോർ എ ചെയ്ഞ്ചിങ് വേൾഡ്

പുസ്തകം 17 ലക്കം 6 ഫെബ്രുവരി 2017




## താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| 3 | എഡിറ്റോറിയൽ | ഡോ. ജോസ് പാറക്കടവിൽ |
| 4 | കുറ്റവും ശിക്ഷയും | മേജർ ജേക്കബ് ഫിലിപ്പോസ് |
| 6 | മുഖാമുഖം – മനോഭാവം മാറണം | |
| 8 | ഗാന്ധിജിയുടെ വധം | ജസ്റ്റിസ്. കെ. റ്റി. തോമസ് |
| 11 | ആലുവാപ്പുഴ പിന്നെയും ഒഴുകുന്നു | ഡോ. ഡി. ബാബു പോൾ |
| 13 | ഈ തണലിൽ ഇത്തിരി നേരം | നൈനാൻ കെ. ജേക്കബ് |
| 16 | നിങ്ങൾക്ക് എന്ത് വില കിട്ടും | റ്റി. ജോർജ് ബഹന്നാൻ |
| 18 | ആത്മാവിന്റെ പ്രൈസ് ടാഗ് | ഫാദർജി |
| 19 | Modi meets St. Francis of Assisi | Dr. Valson Thampu |
| 21 | ക്രിസ്റ്റ്യൻ മാനേജ്മെന്റ് | റവ. എബ്രഹാം പി. വർക്കി |
| 24 | മരുഭൂമിയിലെ നീരുറവകൾ | റവ. എ. സി തോമസ് |
| 26 | വാർത്തകളും വിശേഷങ്ങളും | രാജൻ കെ. വർഗീസ് |



ലിപി വിന്യാസം : സുജ ഇവാഞ്ചൽ പ്രസ് ഫോട്ടോ: ശിശിർ തിരുവല്ല
രൂപകല്പന സംശോധന : നൈനാൻ കെ. ജേക്കബ് (എൻജെ തിരുവല്ല) 9847558743
അച്ചടി : ഇവാഞ്ചൽ പ്രസ് തിരുവല്ല 0469 2630223


# സഭ അഭിമാനം കൊള്ളേണ്ടത് ദൗത്യത്തിലാണ് വലിപ്പത്തിലല്ല

**മന്ത്രി മാത്യു ടി തോമസ്**

സിഎസ്ഐ സഭയുടെ ശക്തി പ്രകടിപ്പിക്കേണ്ടത് അതിന്റെ വലിപ്പത്തിലല്ല, ദൗത്യനിർവ്വഹണത്തിൽ സജീവമാകുന്നതിൽ കൂടിയായിരിക്കണമെന്ന് കേരളത്തിന്റെ ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസ്. സാധാരണയായി സഭകൾ ചെയ്തു വരുന്നത് സഭയുടെ അംഗസംഖ്യയുടെ വലുപ്പം ചൂണ്ടിക്കാണിച്ച് അധികാരികളുടെ മുമ്പിൽ വില പേശുകയാണ്. ഇത് ക്രൈസ്തവ സഭകൾക്ക് ഭൂഷണമല്ല. സമൂഹത്തിൽ നീതി നിഷേധിക്കപ്പെട്ട സാധാരണ ജനങ്ങളോട് ചേർന്ന് അവരുടെ പോരാട്ടങ്ങളിൽ പങ്കാളികളാകുവാൻ സഭയ്ക്ക് കഴിയണം. ദക്ഷിണേന്ത്യ സഭയുടെ മോഡറേറ്ററായി തെരഞ്ഞെടുക്കപ്പെട്ട മോസ്റ്റ് റവ തോമസ് കെ. ഉമ്മന് കോട്ടയം പൗരാവലി നൽകിയ സ്വീകരണത്തിൽ സർക്കാരിന്റെ പ്രതിനിധിയായി ആശംസകളർപ്പിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ഒരു വൈദികന്റെ മകനായതിനാൽ തന്നെ സഭകളുടെ നിലപാടുകൾ ശ്രദ്ധയോടെ വീക്ഷിക്കുകയും പഠിക്കുകയും ചെയ്യുന്ന വ്യക്തിയാണെന്ന് മന്ത്രി തുടർന്നു പറഞ്ഞു. സഭയുടെ നയങ്ങൾ രൂപവൽക്കരിക്കുന്നതിൽ അൽമായർക്കും തുല്യ പങ്കാളിത്തമുള്ള സഭയാണ് സിഎസ്ഐ. ഭാരതത്തിൽ സ്ത്രീകളെ വൈദികരാക്കുവാനും ഒരു വനിതാ ബിഷപ്പിനെ വാഴിക്കുവാനും നേതൃത്വം കൊടുത്ത സഭയെന്ന നിലയിൽ സിഎസ്ഐ സഭ അഭിനന്ദനം അർഹിക്കുന്നു. സിഎസ്ഐ സഭയുടെ നിലപാടുകൾ പലതും ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെട്ടിരിക്കയാണ്. പരിസ്ഥിതി സംരക്ഷണത്തിൽ സിഎസ്ഐ സഭ നൽകി വരുന്ന നേതൃത്വം പ്രശംസനീയമാണ്. സാമൂഹിക നന്മയ്ക്കും ,സാമൂഹിക വിപത്തുകൾക്കെതിരെ പോരാടുന്നതിനും സിഎസ്ഐ സഭയുടെ നേതൃത്വത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട തോമസ് കെ ഉമ്മൻ തിരുമേനിക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.



*മന്ത്രി മാത്യു റ്റി. തോമസ് ഇന്ത്യയിലെ പ്രഥമ വനിതാ ബിഷപ്പ് പുഷ്പലളിതയുടെ കൈമുത്തുന്നു*



# എഡിറ്റോറിയൽ

# വിദ്വേഷത്തിന്റെ വിഷവൃക്ഷങ്ങൾ

രാഷ്ട്രിയക്കാരുടെ വാചാടോപം നമുക്ക് എന്നും പുതിയ ചർച്ചാ വിഷയങ്ങൾ തന്നുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ വാർത്തയാകേണ്ടതും ചർച്ച ചെയ്യപ്പെടേണ്ടതുമായ എത്രയോ വിഷയങ്ങൾ ആരുടെയും ശ്രദ്ധയിൽ പെടാതെ പോകുന്നു എന്നതാണ് ഇതിന്റെ ദുഃഖകരമായ പരിണതഫലം. പത്രങ്ങൾ മാത്രമുണ്ടായിരുന്ന കാലത്തേതിൽ നിന്ന് വ്യത്യസ്തമാണ് നമ്മുടെ കാലം. വിവാദങ്ങളുടെ പിന്നാലെ പായുന്ന ദൃശ്യമാധ്യമങ്ങൾ വെറുതെയിരിക്കുന്നവരെകൊണ്ടു പോലും പ്രതികരിപ്പിച്ച് ചർച്ചകൾക്കു വഴിമരുന്നിടുന്നു. നവമാധ്യമങ്ങൾ ഇതേറ്റുപിടിക്കുന്നതോടെ അതിരുകളില്ലാത്ത ഭാവനയുടെ സൃഷ്ടികളായി കാലുഷ്യത്തിന്റെയും വിദ്വേഷത്തിന്റെയും വിഷഗന്ധം വമിക്കുന്ന ആയിരക്കണക്കിനു പ്രതികരണങ്ങളാണുണ്ടാവുക.

ജനാധിപത്യത്തിന്റെ അടിത്തറ വ്യക്തികളുടെ അഭിപ്രായ സ്വാതന്ത്ര്യമാണെന്ന വസ്തുത വിസ്മരിച്ചുകൊണ്ടുള്ള കരണപ്രതികരണങ്ങളാണ് പുതുവർഷാരംഭത്തോടെ കേരളത്തിൽ അരങ്ങു തകർക്കുന്നത്.

നോട്ടു റദ്ദാക്കൽ നിമിത്തം സാധാരണ ജനങ്ങൾക്ക് ഒട്ടേറെ ബുദ്ധിമുട്ടുകളുണ്ടായതായി എം.ടി വാസുദേവൻ നായർ പ്രസ്താവിക്കുവാനിടയായി. സാധാരണ മനുഷ്യരുടെ ജീവിതപ്രശ്നങ്ങളെ അനുഭാവപൂർവ്വം പരിഗണിക്കുകയും അതിൽ പ്രതികരിക്കുകയും ചെയ്യുക എഴുത്തുകാരുടെ സഹജസ്വഭാവമാണ്. പക്ഷേ അതു മറന്നുകൊണ്ട് ഒരു രാഷ്ട്രിയക്കാരനോടെന്നപോലെയാണ് ചില ബിജെപി നേതാക്കൾ പ്രതികരിച്ചത്. എന്നാൽ ബിജെപിയുടെ പ്രതികരണത്തിന് പിന്നിൽ രാഷ്ട്രിയത്തേക്കാളുപരി ജാതിരാഷ്ട്രീയം കാണാൻ സംവിധായകനായ കമൽ ശ്രമിക്കുന്നതു നാം പിന്നീടു കാണുന്നു. ഭൂതകാലത്തിൽ നിന്നു പലതും ചികഞ്ഞു പുറത്തെടുക്കുവാനണദ്ദേഹം ശ്രമിച്ചത്. വാസ്തവത്തിൽ ചർച്ചയിലേക്ക് കമലിനെ വലിച്ചിഴച്ച മാധ്യമങ്ങൾ 'മാന്തിപ്പുണ്ണാക്കുക' എന്ന പ്രയോഗത്തിന്റെ പ്രയോക്താക്കളായി മാറുകയായിരുന്നു.

തൊട്ടു മുമ്പുണ്ടായ ചില അനുഭവങ്ങൾ കമലിനെ വിവാദപുരുഷനാക്കിയതാണ് പുതിയ വിവാദത്തിലേക്ക് അദ്ദേഹത്തെ ആനയിക്കുവാൻ മാധ്യമങ്ങൾക്കു പ്രേരണ.

തിയേറ്ററുകളിലെ ദേശീഗാനാലാപനം എന്ന നിർബന്ധിത ദേശപ്രേമത്തോടു കമൽ വിയോജിപ്പു പ്രകടമാക്കിയപ്പോഴേക്കും അദ്ദേഹം രാജ്യദ്രോഹിയായി ചിത്രീകരിക്കപ്പെട്ടു. ദേശീയഗാനമായി ഉപയോഗിക്കുന്ന ടാഗോറിന്റെ ജനഗണമനയിൽ ദേശസ്നേഹമില്ലെന്നും പകരം വന്ദേമാതരം ആലപിക്കണമെന്നും വാദിച്ചു പോന്നിരുന്നവർ ഇപ്പോൾ ജനഗണമനയുടെ ദേശാഭിമാനോത്തേജകത്തം അംഗീകരിച്ചത് കൗതുകകരമായി.

ദേശീയഗാനം തിയേറ്ററുകളിൽ നിർബന്ധമായി ആലപിക്കുന്നതിനോട് വിയോജിക്കുന്നവർ ധാരാളമുണ്ട്. ദേശീയഗാനത്തെ ആദരിക്കുന്നവർ തന്നെയാണവർ. ആളുകൾ മാനസിക ഉല്ലാസത്തിനായി എത്തുന്ന സിനിമാ തിയേറ്റർ ദേശീയഗാനാലാപനം പോലെ ഗൗരവമുള്ള ഒരാചാരത്തിന് അനുയോജ്യമായ ഇടമാണോ എന്നു കോടതി ചിന്തിക്കേണ്ടതായിരുന്നു. വളരെക്കാലം ഈ അനുഷ്ഠാനം നടത്തി അതിന്റെ അപഹാസ്യത മനസിലായപ്പോൾ ഉപേക്ഷിച്ചതാണെന്നും കോടതി ഓർമിച്ചില്ല.

രാജ്യത്തെ പരമോന്നത പദവികളുമായും സ്ഥാപനങ്ങളുമായും ബന്ധപ്പെടുത്തിയല്ലേ ദേശീയപതാക, ദേശീയഗാനം തുടങ്ങിയ പ്രതീകങ്ങളെ ആദ്യം പ്രതിഷ്ഠിക്കേണ്ടത്? തീർച്ചയായും പാർലമെന്റിലും നിയമസഭയിലും സഭ കൂടുമ്പോൾ ആദ്യം ദേശീയഗാനം ആലപിക്കേണ്ടതല്ലേ? തുല്യമായ പദവി കോടതികൾക്കും ഉള്ളതിനാൽ കോടതികളിലും ഇതുണ്ടാകേണ്ടതല്ലേ? അതോ, ബ്രിട്ടീഷ് വാഴ്ചയുടെ അടയാളങ്ങൾ കാത്തു സൂക്ഷിക്കുവാനുള്ള മ്യൂസിയമായി കോടതികളെ നിലനിർത്തണമെന്ന് നീതിപീഠങ്ങളും ആഗ്രഹിക്കുന്നുണ്ടോ?

എന്തായാലും അഭിപ്രായവ്യത്യാസങ്ങൾ ചർച്ച ചെയ്തു തീരുമാനങ്ങളിൽ എത്തുന്നതിനു പകരം വ്യക്തിപരമായ പരാമർശങ്ങൾ കൊണ്ട് വിഷമുതിർക്കുവാൻ മാധ്യമങ്ങൾ വേദിയൊരുക്കുന്നത് അഭിലഷണീയമല്ല.

**ഡോ. ജോസ് പാറക്കടവിൽ**

9447364487, jparakadavil@gmail.com

ക്രൈസ്തവ സഭയുടെ കാലിക പ്രസക്തമായ ദൗത്യത്തെക്കുറിച്ചുള്ള അന്വേഷണങ്ങളും, സഭാ വേലികൾക്കതീതമായ ക്രൈസ്തവ ദൗത്യത്തെക്കുറിച്ചുള്ള പഠനങ്ങളും ചർച്ചകളും കൂടിവരവുകളും, നീതിയ്ക്കും മനുഷ്യത്വത്തിനും പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടിയുള്ള പോരാട്ടങ്ങളിൽ നിലപാടുകളെടുക്കുവാൻ വായനക്കാരെ പ്രേരിപ്പിക്കുകയുമാണ് സ്വതന്ത്ര പ്രസിദ്ധീകരണമായ ന്യൂവിഷൻ മാസികയുടെ ലക്ഷ്യങ്ങൾ. വായനക്കാരുടെ നിർല്ലോഭമായ സംഭാവനകൾ മാത്രമാണ് മാസികയുടെ വരുമാന സ്രോതസ്. വായനക്കാർ ന്യു വിഷൻ കുടുംബത്തിലെ അംഗങ്ങളും.

ഓർമ



# കുറ്റവും ശിക്ഷയും



**മേജർ ജേക്കബ് ഫിലിപ്പോസ്**

ഞാൻ കേരളത്തിൽ വരുമ്പോഴെല്ലാം തിരുവനന്തപുരത്ത് പോകാറുണ്ട്. എന്റെ സഹപാഠികൾക്കും ബന്ധുക്കൾക്കുമൊപ്പം ഏതാണ്ട് ഒരാഴ്ചക്കാലം ചെലവിടും. ഒരിക്കൽ ഒരു സ്നേഹിതനുമൊത്ത് കാറിൽ സഞ്ചരിക്കുമ്പോൾ ഒരു കാഴ്ച കണ്ടു പുത്തൻ ട്രാൻസ്പോർട്ട് ബസുകൾ ചില്ലുകൾ പൊട്ടിയ നിലയിൽ ഡ്രൈവറന്മാർ പൊതുജനശ്രദ്ധ പിടിച്ചുപറ്റാൻ നടത്തിയ ഒരു പ്രകടനം. ധാർമിക രോഷത്താൽ ഞാൻ മൂക്കത്ത് വിരൽവച്ചുപോയി.

ഗൂഗിൾ അമ്മാവന്റെ കാരുണ്യത്തിൽ ഇന്ത്യയിലെ ചില പഴയ ഇംഗ്ലീഷ് ദിനപത്രങ്ങളിൽ ഞാൻ പരതുമ്പോൾ 2011 സെപ്റ്റംബർ 18ന് ഹിന്ദു ദിനപത്രത്തിൽ വന്ന ഒരു വലിയ സമരത്തിന്റെ വാർത്ത എന്റെ ശ്രദ്ധയിൽപ്പെട്ടു. പെട്രോൾ വിലയിൽ വർധനവുണ്ടായ കാരണം പറഞ്ഞ് കുറെ വ്യക്തികൾ അവരുടെ ഭരണഘടന അവകാശങ്ങൾ ഇരുപത് കെഎസ്ആർടിസി ബസുകളുടെമേൽ സ്ഥാപിച്ചു. മൂന്ന് കെഎസ്ആർടിസി ഡ്രൈവറന്മാരും, ഒരു തമിഴ്നാട് ഡ്രൈവറും, ഒരു ഇലക്ട്രിസിറ്റി ബോർഡ് ജീവനക്കാരനും കല്ലേറിൽ പരുക്കേറ്റ് ആശുപത്രിയിലായി.

കെഎസ്ആർടിസിക്ക് അന്നത്തെ സാമ്പത്തികനഷ്ടം ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ. ഇരുപത് ബസുകൾക്ക് ഒരുലക്ഷത്തിപന്തീരായിരം രൂപയുടെ കേടുപാട്. വിമാനയാത്രക്കാർക്കും ട്രെയിൻ യാത്രക്കാർക്കും ആ ദിവസം അനുഭവിക്കേണ്ടിവന്ന വിഷമം വേറെ. ഇത്തരം സമരങ്ങൾ കേരളത്തിൽ ഇന്നും അഭംഗുരം തുടരുന്നു. കീഴ്ക്കോടതികളും ഹൈക്കോടതികളും ധാരാളം വിധികൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇതുവരെ ഒരു സമരക്കാർക്കും യാതൊരു സാമ്പത്തിക നഷ്ടവും നേരിട്ടിട്ടില്ല.

കഴിഞ്ഞ നാൽപ്പത്തിയൊന്ന് വർഷങ്ങളായി ഞാൻ കാനഡയിൽ താമസിക്കുന്നു. ഇതുവരെയും വിദ്യാർത്ഥികളോ സമരക്കാരോ പൊതുമുതൽ നശിപ്പിക്കുന്ന കാഴ്ച ഇവിടെ ഞാൻ കണ്ടിട്ടില്ല.



എന്നാൽ അതിനൊരപവാദം എന്നപോല 1984ൽ നടന്ന ഒരു സംഭവം ഞാൻ വായനക്കാരുമായി പങ്കുവയ്ക്കുന്നു. ഞാനും ഭാര്യയും പത്തൊമ്പത് വർഷം കാനഡായിലെ സൺകോർ എന്ന ഓയിൽ കമ്പനിയിൽ ജോലി ചെയ്ത് വിരമിച്ചതിനു ശേഷം കാൽഗരി എന്ന പട്ടണത്തിൽ വിശ്രമജീവിതം കഴിക്കുന്നു.

എന്നാൽ ഞങ്ങൾ ജോലി ചെയ്തിരുന്ന കാലം ആൽബർട്ടായിലെ ഫോർട്ട് മാക്മറി എന്ന സ്ഥലത്താണ് താമസിച്ചിരുന്നത്. കാനഡായിലെ സൈബീരിയ എന്ന വിശേഷണം തണുപ്പിന്റെ കാര്യത്തിൽ ഈ പട്ടണത്തിനുണ്ട്. ശൈത്യകാലത്തിന്റെ നടുവിൽ മൈനസ് ഫോർട്ടി സാധാരണ താപനില. 1976 മുതൽ 1984 വരെ കമ്പനി തന്ന വീടുകളിൽ ചെറിയ വാടക കൊടുത്തായിരുന്നു ഞങ്ങളുടെ താമസം. 1984ൽ ഞങ്ങൾ സ്വന്തമായി ഒരു വീടു പണിത് താമസം അവിടേക്ക് മാറ്റി.

ഞങ്ങളുടെ ഭവനത്തിൽ നിന്ന് ഏതാണ്ട് ഒരു കിലോമീറ്റർ ദൂരെ ഒരു പബ്ലിക് സ്കൂൾ പണി നടക്കുന്നുണ്ടായിരുന്നു. പ്രഭാതസവാരിക്കും സായാഹ്ന സവാരിക്കും ഞങ്ങൾ ഈ സ്കൂളിന്റെ മുമ്പിൽ കൂടെ നടന്നുപോകുമായിരുന്നു.

ഒരു രാത്രിയിൽ ഏതാണ്ട് പാതിരാത്രി കഴിഞ്ഞപ്പോൾ, ഏതാനും ചെറുപ്പക്കാർ (പതിനഞ്ചിനും പതിനേഴിനും ഇടക്കുള്ള പ്രായക്കാർ) ഒരു വിനോദത്തിനിറങ്ങി. പെൺകുട്ടികളും ആൺകുട്ടികളും സഹിതം മുപ്പത് പേർ. പള്ളിക്കൂടം പണി പൂർത്തീകരണത്തിന്റെ സ്റ്റേജിൽ, ഒരാഴ്ചക്കകം കോൺട്രാക്ടർ കെട്ടിടം സർക്കാരിന് കൈമാറാൻ തയ്യാറെടുക്കുന്നു. സ്കൂളിന്റെ മുൻവശത്തെ വാതിലുകളും ജനലുകളും സാമാന്യം കട്ടികൂടിയ ഗ്ലാസുകൾ കൊണ്ടാണ് നിർമ്മിച്ചിരുന്നത്.

ചെറുപ്പക്കാരിൽ ഒരു കുബുദ്ധി പറഞ്ഞു *നമുക്ക് ഈ പള്ളിക്കൂടത്തിന് ഇട്ട് ഒരു പണികൊടുക്കാമെന്ന്.* പണികഴിഞ്ഞതിന്റെ അവശിഷ്ടങ്ങളായി ധാരാളം ഇഷ്ടികകഷണങ്ങൾ അവിടെ കൂടിക്കിടന്നിരുന്നു. നിമിഷങ്ങൾക്കകം ഇഷ്ടികയേന്തിയ കൈകൾ ചലിക്കാൻ തുടങ്ങി. വാതിലുകളും ജനലുകളും മരണനാദം മുഴക്കി.

രാത്രിയിൽ പെട്രോളിങ് നടത്തിയിരുന്ന ഒരു പോലീസുകാരന്റെ ദൃഷ്ടിയിൽ ഈ സംഭവം പെടുകയും ഉന്നതാധികാരികളെ അറിയിക്കുകയും

ചെയ്തു. മിനിറ്റുകൾക്കുള്ളിൽ പൊലീസ് പടയെത്തി ചെറുപ്പക്കാരെ കസ്റ്റഡിയിലെടുത്തു. ചിലർ ഓടി രക്ഷപെട്ടു. പൊലീസിന്റെ ചോദ്യശരങ്ങൾക്ക് മുമ്പിൽ പിടിച്ചു നിൽക്കാൻ കഴിയാതെ കുട്ടികൾ ഓടിരക്ഷപെട്ട സഹപാഠികളുടെ പേരും വിലാസവും നൽകി, അവരും അറസ്റ്റിലായി. അടുത്തദിവസം രാവിലെ ഇവരെ നല്ല ബലമുള്ള പ്ലാസ്റ്റിക് വിലങ്ങ് ധരിപ്പിച്ച് സ്ഥലത്തെ പ്രൊവിൻഷ്യൽ കോടതിയിൽ ഹാജരാക്കി. ഏതാണ്ട് നാല്പത് വയസുള്ള മൈക്ക് ഹോറോക്സ് എന്ന ന്യായാധിപന്റെ മുമ്പിലാണ് ഈ കേസെത്തിയത്.

ഈ ന്യായാധിപനെപ്പറ്റി അല്പം പറയാതെ വയ്യ. അദ്ദേഹം എന്റെ സ്നേഹിതനാണെന്ന് അവകാശപ്പെടുന്നില്ല. എന്നാൽ ഞങ്ങൾ രണ്ടും ഒരേ പള്ളിയിലാണ് ആരാധിച്ചിരുന്നത്. പള്ളി കമ്മിറ്റിയിൽ ഞങ്ങൾ രണ്ടുപേരും ഓരോ സ്ഥാനങ്ങളും വഹിച്ചിരുന്നു. മിതഭാഷിയായ അദ്ദേഹം തന്റെ വിധികളിലെല്ലാം അല്പം നർമം കലർത്തിയിരുന്നു.

ന്യായാധിപൻ കുട്ടികളോട് ഗുഡ് മോണിങ് പറഞ്ഞു. അവർ തിരിച്ച് അദ്ദേഹത്തിനും സുപ്രഭാതം നേർന്നു. *നിങ്ങൾക്ക് മാതാപിതാക്കളോ മാതാവോ പിതാവോ ഉണ്ടെന്ന് ഞാൻ വിശ്വസിക്കട്ടെ* എന്ന ന്യായാധിപന്റെ ചോദ്യത്തിന് *കോടതിയുടെ വെളിയിൽ അവർ നില്പ്പുണ്ട്* എന്നു കുട്ടികൾ ഉത്തരം നൽകി.

കുട്ടികളുടെ കൈകളിലെ വിലങ്ങുകൾ ന്യായാധിപന്റെ നിർദേശപ്രകാരം അഴിപ്പിച്ചതിനു ശേഷം അദ്ദേഹം പറഞ്ഞു. *നല്ല കുട്ടികളായി നിങ്ങൾക്ക് ഇപ്പോൾ മാതാപിതാക്കളോടൊപ്പം വീട്ടിലേക്ക് മടങ്ങാം. പഠിക്കുന്ന കുട്ടികൾ ക്ലാസുകൾ നഷ്ടമാകാതിരിക്കാൻ അവരവരുടെ സ്കൂളുകളിലേക്കും പോകാം. പക്ഷെ, നാളെ രാവിലെ പത്തുമണിക്ക് മാതാപിതാക്കൾ സഹിതം കോടതിയിൽ ഹാജരാകണം.* ന്യായാധിപന് സമ്മതം നൽകി കുട്ടികൾ എല്ലാം മാതാപിതാക്കൾക്കൊപ്പം കോടതിയിൽ നിന്നും മടങ്ങി.

രണ്ടാംദിവസം ന്യായാധിപന്റെ മുമ്പിൽ സ്കൂൾ പണി നടത്തിയ കോൺട്രാക്ടർ ഹാജരാക്കപ്പെട്ടു. അദ്ദേഹത്തിനുണ്ടായ നഷ്ടം കോടതി ചോദിച്ചറിഞ്ഞു. കോടതിയിൽ അദ്ദേഹം സമർപ്പിച്ച രേഖകളും സൂക്ഷ്മമായി പരിശോധിച്ച് മുപ്പതിനായിരം കനേഡിയൻ ഡോളറിന്റെ നാശനഷ്ടങ്ങൾ ഉണ്ടായതായി കോടതി വിലയിരുത്തി.

അതിനുശേഷം ന്യായാധിപൻ മാതാപിതാക്കളെ വിളിച്ച് അവരോട് നിങ്ങൾക്ക് പെട്ടെന്നുള്ള വിധി വേണോ അതോ വക്കീലന്മാരുടെ ദിവസങ്ങളോളം നീളുന്ന വാദം കേട്ടതിനുശേഷമുള്ള വിധി മതിയോ എന്നു ചോദിച്ചു. അപ്പോഴാണ് ഒരു നഗ്നസത്യം വെളിപ്പെടുന്നത്. മാതാപിതാക്കളായി വന്നിരിക്കുന്ന പലരും കുടുംബ ബന്ധങ്ങൾ തകർന്നവർ, അപ്പൻ അല്ലെങ്കിൽ അമ്മ കുട്ടികളോടൊപ്പമല്ല താമസം, പല കാരണങ്ങളാൽ വിവാഹമോചനം നേടിയവരോ, നേടാനിരിക്കുന്നവരോ ആണ് അവരിൽ ഭൂരിപക്ഷം. *മിനിഞ്ഞാന്ന് രാത്രിയിൽ നിങ്ങളുടെ മകനോ മകളോ പാതിരാത്രിക്കു ശേഷം നിങ്ങളുടെ ഭവനത്തിൽ ഉണ്ടായിരുന്നോ?* ന്യായാധിപന്റെ ഈ ചോദ്യത്തിന് മിക്കവർക്കും മറുപടി ഇല്ലായിരുന്നു. *നിങ്ങളുടെ മക്കളെപ്പറ്റി നിങ്ങൾ അറിയേണ്ടതല്ലേ എന്ന ചോദ്യത്തിന്* അതേ എന്നവർ സമ്മതിച്ചു.

(കനേഡിയൻ നിയമമനുസരിച്ച് പതിനെട്ടു വയസിന് താഴെയുള്ള കുട്ടികൾ ചെയ്യുന്ന കുറ്റകൃത്യങ്ങൾക്ക് മാതാപിതാക്കൾ ഉത്തരവാദികളാണ്).

ജഡ്ജി പറഞ്ഞു. *നിങ്ങൾ മുപ്പത് പേരുംകൂടി പിരിച്ചോ, അതോ ഒരാൾ തന്നെയോ നാളെ രാവിലെ പത്തുമണിക്കകം ഈ കോടതിയിൽ മുപ്പതിനായിരം കനേഡിയൻ ഡോളർ കെട്ടിവയ്ക്കണം. പണം എങ്ങനെ സ്വരൂപിച്ചു എന്ന് എനിക്കറിയേണ്ട നിങ്ങൾക്ക് വക്കീലന്മാരെ വച്ച് കേസു വാദിച്ച് അനേകദിവസങ്ങൾ കഴിഞ്ഞ് വേണമെങ്കിൽ വിധി കേൾക്കാം അതോ എന്റെ ഈ വിധി മതിയോ. പണം കെട്ടിവച്ചില്ലെങ്കിൽ ഓരോ കുട്ടിയുടെയും മാതാപിതാക്കൾക്ക് ആറു മാസം തടവ് ശിക്ഷ ഞാൻ വിധിക്കും. പണം വേണോ തടവ് വേണോ.*

പണം തരാം വാദിക്കുന്നില്ല എന്നവർ ഏകകണ്ഠമായി പറഞ്ഞു. മാതാപിതാക്കൾക്ക് കോടതിയുടെ വെളിയിൽ നിൽക്കാൻ പറഞ്ഞതിനു ശേഷം ന്യായാധിപൻ കുട്ടികളെ വിളിച്ചു ചോദിച്ചു.

*കുട്ടികളെ, നിങ്ങൾ മിനിഞ്ഞാന്നു രാത്രി ഇഷ്ടികപ്രഹരം നടത്തിയെന്ന് ഈ പോലീസുകാരും കോൺട്രാക്ടറും പറയുന്നത് സത്യമാണോ?*

സത്യമാണ്. ഞങ്ങൾ തെറ്റു സമ്മതിക്കുന്നു എന്ന് കുട്ടികൾ ഏറ്റു പറഞ്ഞു.

ഞാൻ നിങ്ങൾക്ക് രണ്ട് ചോയ്സ് തരാം. ഒന്ന്, മുപ്പത് പേരേയും ഈ സ്ഥലത്തുള്ള ജുവനൈൽ ഹോമിൽ ആറു മാസം തടവിലാക്കും. ആ ശിക്ഷ ലഭിച്ചാൽ ഭാവിയിൽ ജോലികൾക്ക് അപേക്ഷിക്കുമ്പോൾ ഒരു കാലത്ത് തടവുശിക്ഷ അനുഭവിച്ചതുകൊണ്ട് പലരും നിങ്ങൾക്ക് ജോലി തരാൻ വിസമ്മതിക്കും. രണ്ട്. നിങ്ങൾ സ്കൂളിനാണ് നാശം വരുത്തിയത്. അതുകൊണ്ട് അവർക്ക് നഷ്ടപരിഹാരം നൽകേണ്ടത് നിങ്ങളുടെ ധാർമ്മിക കടമയല്ലേ? ഈ പട്ടണത്തിൽ ചെറുതും വലുതുമായ പതിനാറ് പള്ളിക്കൂടങ്ങൾ ഉണ്ട്. അടുത്ത ആറു മാസം നിങ്ങൾ ഈ പള്ളിക്കൂടങ്ങളിലെ തറകൾ വൃത്തിയാക്കുകയും, കക്കൂസുകൾ, മൂത്രപ്പുരകൾ, കുളിമുറികൾ എന്നിവ ശുചിയാക്കുകയും ചെയ്യണം. റോയൽ കനേഡിയൻ മൌണ്ടഡ് പൊലീസ് സേനയിലെ ഒരംഗം നിങ്ങൾ ജോലി കൃത്യമായി നിർവഹിക്കുന്നുണ്ടോ എന്ന് എനിക്ക് എല്ലാ ആഴ്ചയിലും റിപ്പോർട്ട് സമർപ്പിക്കും. ഏതാണ് സ്വീകാര്യം. ജഡ്ജി അവരോട് ചോദിച്ചു. ഞങ്ങൾ ശുചീകരണ വേലകൾ ചെയ്തുകൊള്ളാം ജയിൽവാസം വേണ്ടയെന്ന് കുട്ടികൾ ഏകകണ്ഠമായി പറഞ്ഞു. ന്യായാധിപൻ തന്മയത്വമായി ആ കേസ് രമ്യതയിലെത്തിച്ച് കുട്ടികളെ വിട്ടയച്ചു.

ഞങ്ങൾ ഈ പട്ടണത്തിൽ പത്തു വർഷങ്ങൾകൂടെ താമസിച്ചു. അതുപോലൊരു സംഭവം പിന്നീട് നടന്നതായി ഞങ്ങൾക്കറിവില്ല. ന്യായാധിപനും ഭാര്യയും മിക്കവാറും എല്ലാദിവസവും രാവിലെ നിക്കറും റ്റീഷർട്ടും ധരിച്ച് ഞങ്ങളുടെ വഴിയിലൂടെ ഓടാൻ പോകുന്നത് കാണാമായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിലോ പിമ്പിലോ ഒരു സുരക്ഷാ പൊലീസുകാരനും ഓടുന്നതും കണ്ടിട്ടില്ല. ഇവരെ കാണുമ്പോഴെല്ലാം കുട്ടികളോടും രക്ഷകർത്താക്കളോടും ഈ ന്യായാധിപന്റെ തന്മയത്വമായ ഇടപെടൽ എന്റെ ഓർമകളിൽ കടന്നു വരും.

മുഖാമുഖം

# മനോഭാവം മാറണം



*സി.എസ്.ഐ സഭയുടെ വിമൻസ് ഫെലോഷിപ്പ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഡോ. സൂസൻ തോമസുമായി റവ. ബിനോയി പി. ജോസഫ് (സി.എസ്.ഐ കത്തീഡ്രൽ കോട്ടയം) നടത്തിയ അഭിമുഖം*

**നെടുങ്ങാടപ്പള്ളി എന്ന ഗ്രാമത്തിൽ നിന്നും സി.എസ്.ഐ സ്ത്രീജനസഖ്യത്തിന്റെ ആസ്ഥാന മന്ദിരമായ വിശ്രാന്തി നിലയത്തിലെത്തി നിൽക്കുമ്പോൾ എന്താണ് തോന്നുന്നത്?**

ദൈവം എല്ലാം മുന്നമേ കരുതിയെന്ന് വിശ്വസിക്കുകയും ഈ സ്ഥാനം ദൈവം നൽകിയതാണെന്ന് ഞാൻ കരുതുകയും ചെയ്യുന്നു. ഞാൻ അറിയാതെ തന്നെ ദൈവം എന്നെ ഒരുക്കി; എന്റെ ജീവിതത്തിലെ ഓരോ അനുഭവവും അനുഗ്രഹവും ദൈവനിശ്ചയം ആയിരുന്നു.

**ദൈവശാസ്ത്രപഠനം സ്ത്രീകൾക്ക് ഇന്നും പരിചിതമല്ലാത്ത മേഖലയാണ് ഈ മേഖല തിരഞ്ഞെടുക്കാനുള്ള സാഹചര്യം എന്തായിരുന്നു?**

വേദപുസ്തകം ചോദ്യംചെയ്യലോടെയാണ് ഞാൻ വായിച്ചിരുന്നത്. ദൈവവും, ദൈവും മനുഷ്യനും തമ്മിലുള്ള ബന്ധവുമെല്ലാം എന്നെ ആഴത്തിൽ ചിന്തിപ്പിച്ച വിഷയങ്ങളാണ്. എന്ത്, എന്തുകൊണ്ട് എന്ന ചോദ്യം ചോദിച്ചാണ് ഞാൻ ഓരോ ബൈബിൾ വരികളിലൂടെയും കടന്നു പോകുന്നത്. ദൈവശാസ്ത്ര പഠനം എനിക്ക് സത്യാന്വേഷണം തന്നെയായിരുന്നു

**ദൈവശാസ്ത്രപഠനത്തിന് കുടുംബത്തിന്റെ പ്രത്യേകിച്ച്, താങ്കളുടെ മാതാപിതാക്കളുടെ പങ്ക് എത്രമാത്രമുണ്ടായിരുന്നു?**

ദൈവശാസ്ത്രപഠനം തീർച്ചയായും എന്റെ സ്വന്തം തീരുമാനമായിരുന്നു. പക്ഷേ എന്റെ മാതാപിതാക്കൾ എന്നെ എതിർത്തില്ല. ഇന്നും ഞാൻ എന്റെ പിതാവിനെ അഭിമാനത്തോടെ ഓർക്കുന്നു. ആൺകുട്ടികളെ ഫീസ് കൊടുത്ത് തിയോളജി പഠിപ്പിക്കുന്നതിനെ എതിർക്കുന്നവരുള്ളപ്പോൾ എന്റെ പഠനത്തിന് പിതാവ് നൽകിയ പിന്തുണ ഈ രംഗത്ത് എനിക്ക് വലിയ പിൻബലമായിരുന്നു. പഠനത്തെ നിരുത്സാഹപ്പെടുത്തിയവരും ഉണ്ടായിരുന്നു. പ്രത്യേകിച്ച് എന്റെ കസിൻസ്. എന്റെ ഭാവി, സാമ്പത്തിക ഭദ്രത, നല്ല ജോലി തുടങ്ങിയ ചിന്തകൾ ആയിരുന്നു അതിനു പിന്നിൽ. ബന്ധുക്കളല്ലാത്തവരിൽ നിന്നും കാര്യമായ പിന്തുണ എനിക്ക് ലഭിച്ചില്ല. എന്നാൽ പി.ഒ. വർഗീസ് അച്ചൻ ഇക്കാര്യത്തിൽ എന്റെ പിതാവിനെ പ്രോത്സാഹിപ്പിക്കുകയും എനിക്കു പഠനത്തിനു പോകാനുള്ള പണം കടമായി നൽകുകയും ചെയ്തു. പിന്നീട് പിതാവ് ആ കടം വീട്ടി. സെമിനാരിയിൽ പ്രവേശനം ലഭിച്ച ആരോ വരാതിരുന്നതുകൊണ്ടാണ് എനിക്കു പ്രവേശനം ലഭിച്ചത്. കാരണം ഞാൻ താമസിച്ചാണ് അപേക്ഷിച്ചത്. അന്നും സെമിനാരിയിൽ ധാരാളം പെൺകുട്ടികൾ പഠിച്ചിരുന്നു. കേരളത്തിലെ മാർത്തോമ്മാ, സി. എസ്. ഐ സഭകളിൽ നിന്നുമുള്ള പെൺകുട്ടികളും അവിടെ പഠിച്ചിരുന്നു

**ദൈവശാസ്ത്ര പഠിതാവ്, മിഷനറി, വൈദികന്റെ ഭാര്യ, ബിഷപ്പിന്റെ ഭാര്യ, മഹായിടവക സ്ത്രീജനസഖ്യം പ്രസിഡന്റ്, ആഗോള സി.എസ്. ഐ സഭയുടെ സ്ത്രീജനസഖ്യം പ്രസിഡന്റ് എന്നീ നിലകളിൽ എന്താണ് വ്യത്യസ്തങ്ങളായ അനുഭവങ്ങൾ?**

വ്യത്യസ്തങ്ങളായ അനുഭവങ്ങളാണ് എല്ലാമേഖലയിൽ നിന്നും എനിക്ക് ഉണ്ടായിട്ടുള്ളത്. ഓരോ സ്ഥലത്തും ഓരോ അനുഭവങ്ങൾ, ഇപ്പോൾ ഉത്തരവാദിത്തങ്ങൾ കൂടിയിട്ടുണ്ട്. ഈ രംഗത്തെ പ്രവർത്തനപരിചയം കൂടുതൽ സഹായകരമാകുമെന്ന് കരുതുന്നു.

**പ്രസിഡന്റ് എന്ന നിലയിൽ നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം?**

സി.എസ്.ഐ സഭയുടെ സ്ത്രീജനസഖ്യത്തിന് ഓരോ മഹായിടവകയിലും തനതായ സ്വാതന്ത്ര്യം ഉണ്ട്. പ്രസിഡന്റ് എന്ന നിലയിൽ സ്ഥാനമുള്ളപ്പോൾ തന്നെ അഡ്മിനിസ്

ട്രേറ്റീവ് പവർ ഉപയോഗിച്ച് ഒന്നും ചെയ്യാൻ കഴിയില്ല. അതു നല്ലതുതന്നെയെന്ന് ഞാൻ കരുതുന്നു. ഭരണഘടനയുള്ളപ്പോൾ തന്നെ ചില കാര്യങ്ങൾ നമുക്ക് വേണമെങ്കിൽ ചെയ്യാം. മാസവരി നൽകാത്തവരെ കലാമേളകളിൽ പങ്കെടുപ്പിക്കാതെ ഒഴിവാക്കാം, പക്ഷേ സ്നേഹത്തിലും ദൈവ വചനത്തിലും അധിഷ്ഠിതമായ കൂട്ടായ്മയാകണം സ്ത്രീജനസഖ്യമെന്നാഗ്രഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു.

ഭാഷ മറ്റൊരു വെല്ലുവിളിയാണ്. താഴെക്കിടയിലുള്ളവരിലേക്ക് ഇറങ്ങി ചെല്ലണമെങ്കിൽ അവരുടെ ഭാഷയിലുള്ള അറിവ് ഉണ്ടാകണം. ഇംഗ്ലീഷിൽ ആശയവിനിമയം സാധ്യമാണ്. പക്ഷേ സ്ത്രീകളുടെ ഇടയിലുള്ള പ്രവർത്തനത്തിന് വ്യത്യസ്ത ഭാഷകൾ വെല്ലുവിളിയാണ്.

ചിലകാര്യങ്ങൾ എല്ലാ മഹായിടവകകളിലും നടപ്പാക്കാൻ പ്രയാസമാണ്. ഉദാഹരണമായി നഴ്സുമാരുടെ കൂട്ടായ്മ ക്രമീകരിക്കാൻ തീരുമാനിച്ചു. അതിവിടെ പ്രായോഗിക ബുദ്ധിമുട്ടാണ്. പരിസ്ഥിതി സംബന്ധമായ വിഷയങ്ങൾ, നിലവിൽ നാം അതിന്റെ വക്താക്കളാണ്. ഇത് ഇനി ഇവിടെ നടപ്പിലാക്കേണ്ട ആവശ്യമില്ല. ചുരുക്കത്തിൽ വിവിധ മേഖലകളിലുള്ള ഏകോപനം ദുർഘടമേറിയതാണ്.

**സ്ത്രീകൾ ഏതൊക്കെ മേഖലയിൽ മുന്നേറണമെന്നാണ് തോന്നുന്നത്?**

സ്ത്രീകൾ സ്വയം ചിന്തിക്കുന്നവരാകണം. തീരുമാനങ്ങളെടുക്കാൻ കഴിയുന്നവരാകണം; സ്വാതന്ത്ര്യബോധമുള്ളവരായിരിക്കണം. ഇന്ന് വിദ്യാഭ്യാസമുണ്ട്, പക്ഷേ അത് രൂപാന്തരത്തിലേക്ക് നയിക്കപ്പെടുന്നോ എന്ന് ചിന്തിക്കണം അടിമത്തം നിലനിൽക്കുന്ന ഘടനകളെ തിരിച്ചറിയുന്നില്ല. തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യവും, കഴിവും, അവകാശവും വേണം. ഉദാഹരണമായി, പ്രാർത്ഥനയ്ക്കു വരാത്തതിനുള്ള കാരണംപോലും ഭവനത്തിൽ നിന്ന് അനുവാദം കിട്ടിയില്ല എന്നു പറയുന്നവരാണ് പലരും. സ്ത്രീകൾ ഈ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നുവോ എന്നതും ഒരു മറുചോദ്യമാണ്.

**ഒരു പരിഷ്കൃത സമൂഹമെന്ന നിലയിൽ വ്യത്യസ്ത സംസ്കാര സമൂഹത്തിലിടപെടുമ്പോൾ സ്ത്രീകളുടെ സ്ഥാനം എവിടെയാണ് നിൽക്കുന്നത്?**

നാം ഒരു പരിഷ്കൃത സമൂഹമാണെന്നതിനോട് ഞാൻ യോജിക്കുന്നില്ല. കാരണം പരിഷ്കൃത സമൂഹം, സംസ്കാരമുള്ള സമൂഹം എന്നത് ആ സമൂഹത്തിലെ സ്ത്രീകളോടുള്ള മനോഭാവത്തിലാണ്. കേരളസമൂഹം മറ്റ് സമൂഹങ്ങളെ അപേക്ഷിച്ച് അത്ര പരിഷ്കൃതമാണെന്ന് തോന്നുന്നില്ല.

**വ്യക്തിപരമായ വിമർശനങ്ങളെ എങ്ങനെ കാണുന്നു?**

വ്യക്തിപരമായി ധാരാളം വിമർശനങ്ങൾ ഉണ്ടാകാറുണ്ട്. നമ്മുടെ ഉദ്ദേശ്യത്തെ തെറ്റായി കാണുന്നവരും വ്യാഖ്യാനിക്കുന്നവരും ഉണ്ട്. ആദ്യകാലങ്ങളിൽ വലിയ നിരാശയും ദേഷ്യവും തോന്നുമായിരുന്നു. എന്നാൽ ഇപ്പോൾ അങ്ങനെയില്ല. സഹതാപം മാത്രമേ ഇങ്ങനെയുള്ളവരോട് തോന്നാറുള്ളു.

**സി. എസ്.ഐ സഭ വനിതാ പൗരോഹിത്യവും, മേൽപ്പട്ട സ്ഥാനവും നൽകി വനിതകളെ അംഗീകരിച്ചു. പക്ഷേ പൊതുവിൽ സഭയുടെ മനോഭാവമെന്താണ്?**

തീർച്ചയായും മനോഭാവമാണിവിടുത്തെ പ്രശ്നം. മനോഭാവം പലതാണ്. ചിലർ എതിർക്കുന്നു.മ റ്റുചിലർ അനുകൂലിക്കുന്നു. മദ്ധ്യകേരള മഹായിടവകയിൽ മുഖ്യസ്ഥാനങ്ങളിൽ ഇപ്പോഴും പുരുഷന്മാർ മാത്രമാണ്. സ്ത്രീകളെ ഉത്തരവാദിത്തങ്ങൾ ഏല്പിക്കാൻ ഇപ്പോഴും നാം മടിക്കുന്നു. ഇനി പഠിക്കേണ്ട സമയമല്ല; പ്രവർത്തിക്കേണ്ട സമയമാണ് എന്നു ഞാൻ വിശ്വസിക്കുന്നു. നമ്മുടെ കൗൺസിലുകളിൽപോലും സ്ത്രീ പ്രാതിനിധ്യം എത്രയാണ്? മനോഭാവം മാറേണ്ടിയിരിക്കുന്നു. കേരളത്തിൽ സ്ത്രീകളുടെ നില മോശമാണ്. തിയററ്റിക്കലായും, ഇക്കണോമിക്കലായും സ്ത്രീ വിവേചനം കൂടുതലാണ്. ജാതി വ്യവസ്ഥയിൽ പ്രത്യേകിച്ച് മുന്നാക്കക്കാരുടെ ഇടയിൽ സ്ത്രീ സ്വത്തായിട്ടാണ് കാണുന്നത്. അതുകൊണ്ട് സ്ത്രീ ആശ്രിതയാണ്. എപ്പിസ്കോപ്പൽ പാരമ്പര്യമുള്ളവരാണോ സ്ത്രീയെ അംഗീകരിക്കാത്തതെന്നും ഞാൻ സംശയിക്കുന്നു. ഈ തലങ്ങളിൽ നല്ല പഠനം നടത്തണം. ദൈവികബോധം ഇല്ലാത്തതുകൊണ്ടാണ് സ്ത്രീയെ അംഗീകരിക്കാത്തതെന്നും ഞാൻ കരുതുന്നു.

**മഹായിടവകയിലെ സ്ത്രീകളുടെ ഇടയിലെ വിവിധ പ്രവർത്തനങ്ങളിലൂടെ എന്താണ് അർത്ഥമാക്കുന്നത്?**

സ്ത്രീകൾ സ്വയം ചിന്തിക്കാൻ കഴിവുള്ളവരാകണം. തീരുമാനങ്ങളെടുക്കണം. ശരിയായ ആത്മീയത എന്തെന്ന് മനസിലാക്കണം. ദൈവശാസ്ത്രപഠനം അവരെ അതിന്റെ പൂർണ്ണതയിലേക്കെത്തിക്കും. ദിവ്യബോധിനി ക്ലാസുകളും ചർച്ചകളും സംവാദങ്ങളും അതിനു അവരെ സഹായിക്കുന്നുണ്ട്.

**ദൈവശാസ്ത്രപഠനം ഇന്നും സ്ത്രീകളുടെ ഇടയിൽ വ്യാപകമാകാത്തതിന്റെ കാരണം ഭാവിയെക്കുറിച്ചുള്ള ചോദ്യമാണ്. തിയോളജി പഠിച്ചിറങ്ങിയാൽ എനിക്കു എന്തു ലഭിക്കും. പുരുഷന്മാർക്ക് അച്ചന്മാരാകാം. പക്ഷേ സ്ത്രീകൾക്ക് എന്താണ് സാധ്യത? എന്താണ് അങ്ങയുടെ പ്രതികരണം**

ഈ ചോദ്യം വളരെ പ്രസക്തമാണ്. ഭാവിയെക്കുറിച്ച് എല്ലാവരും ചിന്തിക്കുന്നു. ജീവിക്കുവാൻ പണം ആവശ്യമാണ്. ദൈവശാസ്ത്ര പഠനശേഷം സാമ്പത്തികം ഒരു പ്രശ്നം തന്നെ. ഈ രംഗത്തേക്കു കടന്നുവരാനുള്ള തടസവും അതു തന്നെയാണ്. സമഗ്രമായ വീക്ഷണമുണ്ടാക്കാൻ ദൈവശാസ്ത്രപഠനം സഹായിക്കും. സഭ ഉത്തരവാദിത്തം ഏറ്റെടുത്ത് കരുതിയാൽ കൂടുതൽ പെൺകുട്ടികൾ ഈ രംഗത്തേക്ക് കടന്നുവരും എന്നതിനു സംശയമില്ല.

ചില നിർദ്ദേശങ്ങൾ ഞാൻ പറയാം സ്കൂളുകളിലും കോളേജുകളിലും മറ്റു സ്ഥാപനങ്ങളിലും അവരെ ചാപ്ലിൻമാരായി നിയോഗിക്കാം. നമുക്ക് നല്ല നിലവാരമുള്ള അനേകം സ്ഥാപനങ്ങളുണ്ട്. അവരുടെ സേവനം അവിടെ ലഭ്യമാക്കണം. നല്ല പരിശീലനം സ്ത്രീകൾക്ക് നൽകിയാൽ അവർ നന്നായി ശോഭിക്കും.


പ്രവർത്തിക്കാനും ജീവിക്കുവാനും അവർക്ക് അവസരം നൽകുക. നമ്മുടെ സ്ത്രീജനസഖ്യം ഇവാഞ്ചലിസ്റ്റുകളായി ആറു സ്ത്രീകളെ ഈയിടെ നിയോഗിച്ചു. കൂടുതൽ സ്ത്രീകൾ ആത്മീക രംഗത്തേക്ക് കടന്നുവരണം വളരെ ഉത്തരവാദിത്തത്തോടെ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ശുശ്രൂഷകൾ അവർ നിവർത്തിക്കണം. നാം അവർക്ക് വേണ്ട സഹായ സഹകരണങ്ങൾ നൽകുകയും വേണം. സ്ത്രീകൾ സഭയുടെയും സമൂഹത്തിന്റെയും മുഖ്യധാരയിൽ ചാലകശക്തിയാകണമെന്നാണ് എന്റെ ആഗ്രഹം.

# ഗാന്ധിജിയുടെ വധം ഞങ്ങളുടെ ബാലമനസ്സുകളിൽ ഉളവാക്കിയ പ്രതികരണങ്ങൾ

**ജസ്റ്റിസ് കെ.റ്റി. തോമസ്**



മഹാത്മാഗാന്ധി വധിക്കപ്പെട്ട ദിവസം എന്റെ പതിനൊന്നാം ജന്മദിനമായിരുന്നു. ഞങ്ങളുടെ വീട്ടിലെ അംഗങ്ങളുടെ ജന്മദിനം ആഘോഷിക്കുമ്പോൾ എന്റെ അമ്മച്ചി പയർ പായസമുണ്ടാക്കി എല്ലാവർക്കും കൊടുക്കുമായിരുന്നു. എന്റെ പിറന്നാളിന് അമ്മച്ചി ഉണ്ടാക്കിയ പായസം കഴിച്ചശേഷം വൈകുന്നേരം നാലു മണിയോടു കൂടി ഞാനും എന്റെ പിതൃസഹോദര പുത്രൻ ബാബുവും കൂടി കോട്ടയം വൈ.എം.സി.എയിൽ കളിക്കാൻ പോയി. ഞങ്ങൾ ഒരേ പ്രായക്കാരും ബാല്യകാലത്തു ഒരേ വീട്ടിൽ തന്നെ വളർന്നവരുമായിരുന്നു. ഞങ്ങൾ സന്ധ്യയോടുകൂടി തിരുനക്കരയിലുള്ള ഞങ്ങളുടെ തറവാട്ടു വീട്ടിലേക്കു മടങ്ങുമ്പോൾ ഞങ്ങളുടെ ഇടവക പള്ളിയിലെ (മാർത്തോമ്മാ ജറുശലേം പള്ളി) ശുശ്രൂഷകനായിരുന്ന വർഗീസ് ചേട്ടൻ ഞങ്ങളെക്കണ്ട് അതീവ രഹസ്യമായി ഇങ്ങനെ പറഞ്ഞു. ഗാന്ധിജിയെ വെടിവെച്ചു കൊന്നു എന്നു കേൾക്കുന്നു. വേഗം വീട്ടിലേത്തിക്കോളു. ചിലപ്പോൾ വലിയ കലാപം ഉണ്ടായേക്കും. അതുകേട്ട് ഞങ്ങൾ വേഗം വീട്ടിലേക്കോടി. വീടിന്റെ മുൻവശത്ത് ഞങ്ങളുടെ അപ്പന്മാർ നടത്തിയിരുന്ന സ്റ്റേഷനറി കടയിൽ ചെന്നപ്പോൾ മുൻവശത്ത് ധാരാളം ആളുകൾ കൂടി നിൽക്കുന്നതു കണ്ടു. അടുത്ത കടയിലെ റേഡിയോയിൽ കൂടി ഗാന്ധി വധിക്കപ്പെട്ട വാർത്ത വളരെ അടക്കത്തിൽ ആവർത്തിച്ചു പറയുന്നതും, ശോകരാഗത്തിൽ ബാന്റു വായിക്കുന്നതും കേൾക്കാമായിരുന്നു.



മഹാത്മാജി പ്രാർത്ഥനാ യോഗത്തിനു പോകുമ്പോൾ അദ്ദേഹത്തിന്റെ നെഞ്ചിലേക്ക് ഒരു ഘാതകൻ വെടിവച്ചു എന്നും, മഹാത്മജി മരണമടഞ്ഞെന്നും, ഘാതകൻ ഒരു ഹിന്ദുമത ഭ്രാന്തനായിരുന്നെന്നും വാർത്തയിൽ പറയുന്നുണ്ടായിരുന്നു.

ഗാന്ധിജിയെ വെടിവെച്ചത് ഹിന്ദു അല്ലാത്ത മറ്റാരെങ്കിലും ആയിരുന്നെങ്കിൽ, പ്രത്യേകിച്ച് ഒരു സിക്കുകാരനോ, ഒരു മുസൽമാനോ ആയിരുന്നെങ്കിൽ ഒരു പക്ഷെ വലിയ വർഗീയ ലഹളതന്നെ പൊട്ടിപുറപ്പെട്ടേക്കാമെന്നുള്ളതു കൊണ്ടായിരിക്കാം ഘാതകൻ ഹൈന്ദവനാണ് എന്ന് റേഡിയോവിൽ കൂടി പറഞ്ഞുകൊണ്ടിരുന്നത്. മരണം നടന്ന സ്ഥലത്തേക്കു പ്രധാനമന്ത്രി ജവഹർലാൽ നെഹ്രുവും, ഡപ്യൂട്ടി പ്രധാനമന്ത്രി സർദാർ വല്ലഭായി പട്ടേലും എത്തിക്കഴിഞ്ഞെന്നും മദ്രാസിലേക്കു പോയിരുന്ന ആദ്യ ഗവർണർ ജനറൽ ഡൽഹിയിലേക്കു വിമാനം കയറിയിട്ടുണ്ടെന്നും വാർത്തയിൽ പറഞ്ഞുകൊണ്ടിരുന്നത് ഞങ്ങൾക്ക് കേൾക്കാമിയിരുന്നു.

ഉടൻ തന്നെ ഞങ്ങൾ പിന്നാമ്പുറത്തുള്ള തറവാട്ടു വീട്ടിലേക്കു കടന്നു ചെന്നു. വീടിനടുത്തുണ്ടായിരുന്ന കടമുറികളിൽ, പിൻവശത്ത് ഒഴിഞ്ഞു കിടന്നിരുന്ന ഒരു മുറിയിൽ ഞങ്ങൾ കുട്ടികൾ ചേർന്ന് ഒരു ക്ലബ് നടത്തിയിരുന്നു. ആ മുറിയിൽ കടന്നു ചെന്ന് മെഴുകുതിരികൾ കത്തിച്ച് ഞങ്ങളോടൊപ്പം കുടുംബത്തിലെ മറ്റു കുട്ടികളും ചേർന്ന് ഗാന്ധിജിയുടെ ആത്മാവിന്റെ നിത്യശാന്തിക്കു വേണ്ടി പ്രാർത്ഥന നടത്തി. ആ ഇളം പ്രായത്തിന്റെ പ്രത്യേകത കൊണ്ടോ, റേഡിയോയിലെ ശോകരാഗത്തിന്റെ സ്വാധീനം കൊണ്ടോ ഞങ്ങൾ എല്ലാവരും നിറ കണ്ണുകളോടാണ് പ്രാർത്ഥന ചൊല്ലിയത്.

പ്രാർത്ഥന കഴിഞ്ഞ് ഞാനും ബാബുവും കൂടെ തൊട്ടടുത്തുള്ള തിരുനക്കര മൈതാനത്തേക്കു പോയി. രാത്രി ആണെങ്കിലും മൈതാനത്തു ധാരാളം ആളുകൾ കൂടിയിട്ടുണ്ടായിരുന്നു. എന്തു ചെയ്യണമെന്ന് ആർക്കും അറിയില്ല. അന്നത്തെ ചില മുതിർന്ന കോൺഗ്രസ് നേതാക്കൾ അവിടെ എത്തി. അവരുടെ തീരുമാനപ്രകാരം അടുത്തുള്ള കടക

ളിൽ നിന്നും കിട്ടാവുന്നത്രയും മെഴുകുതിരികൾ വാങ്ങി. അതിനു ശേഷം മൈതാനത്തു വന്നു ചേർന്ന മുഴുവൻ ജനങ്ങളും രണ്ടുവരിയായി കത്തിച്ച മെഴുകുതിരിയും പിടിച്ച് കെ.കെ റോഡിലൂടെ കിഴക്കോട്ടു നീങ്ങി. മലയാള മനോരമ ഓഫീസ് വരെ നിശബ്ദത പാലിച്ചുകൊണ്ട് ഒരു ജാഥയായി നീങ്ങി. വളരെ ദൈർഘ്യമുണ്ടായിരുന്ന ആ ജാഥയിൽ ഞാനും ബാബുവും പങ്കെടുത്തു. മെഴുകുതിരി പിടിച്ച് മന്ദം മന്ദം നീങ്ങിയ കോട്ടയം നിവാസികളുടെ മുഖങ്ങളിൽ തീവ്രമായ ദുഃഖം പ്രതിഫലിച്ചിരുന്നു. എല്ലാവരും തിരികെ തിരുനക്കര മൈതാനത്തുവന്നു ചേർന്നു. ജനങ്ങൾ പിരിഞ്ഞു പോകുന്നതിനു മുമ്പ് മറ്റൊരു വാർത്ത കൂടി അവിടെ എത്തി. ഗാന്ധിജിയുടെ ഭൗതികശരീരം രണ്ടു ദിവസം കഴിയുമ്പോൾ, ഇപ്പോൾ രാജ്ഘട്ട് ഇരിക്കുന്ന സ്ഥലത്തു വച്ച് ശേഷക്രിയകൾക്കു വിധേയമാക്കുമെന്നുള്ള അറിയിപ്പായിരുന്നു. ആ ദിവസം വൈകുന്നേരം തിരുനക്കര മൈതാനത്തു വച്ച് വലിയ അനുശോചനയോഗം നടത്തുമെന്ന അറിയിച്ചുകേട്ട് എല്ലാവരും പിരിഞ്ഞുപോയി.

ഗാന്ധിജിയുടെ ശവദാഹം നടക്കുന്ന ദിവസം വൈകുന്നേരത്തോടു കൂടി തിരുനക്കര മൈതാനത്തു വന്നുകൂടിയത് ജനസഹസ്രങ്ങളായിരുന്നു. അവിടെ നിന്നും ഒരു വലിയ ശാന്തിയാത്ര പ്രധാനവീഥിയിലൂടെ മുന്നോട്ടു നീങ്ങി. അതിനു മുമ്പിലായി ഗാന്ധിജിയുടെ ഒരു വലിയ ഛായാചിത്രവും അതിന്റെ പിന്നിൽ സർവ്വോദയ പ്രവർത്തകരും അവരുടെ പിറകെ ഗായകസംഘവും അതിനു പിന്നിൽ ജനങ്ങളും കറുത്ത ബാഡ്ജ് ധരിച്ച് രണ്ടു വരിയായി പട്ടണത്തിന്റെ പ്രധാന വീഥിയിലൂടെ നീങ്ങിയ കാഴ്ച ഇന്നും എന്റെ മനസിൽ മായാതെ നിൽക്കുന്നുണ്ട്. എല്ലാ കടകളും മറ്റു സ്ഥാപനങ്ങളും അടച്ചിരുന്നുവെങ്കിലും കറുത്ത പതാക ഉയർത്തിയിട്ടില്ലാത്ത ഒരു കെട്ടിടവും ഞങ്ങൾ കണ്ടിരുന്നില്ല. വലിയ വികാരവായ്പോടെ ജനങ്ങൾ കൂടിയ യോഗവും ശാന്തമായ ജാഥയും അതിനുശേഷം കോട്ടയത്തു നടന്നതായി എന്റെ അറിവിൽ ഇല്ല. ജാഥ എം.റ്റി. സെമിനാരിയുടെ കിഴക്കു ഭാഗത്തു കൂടി നാഗമ്പടം കടന്നു ബേക്കർ സ്കൂളിന്റെ മുൻവശത്തു കൂടി വീണ്ടും തിരുനക്കര മൈതാനത്തു എത്തിയപ്പോഴേക്കും മൈതാനത്ത് ജനങ്ങൾ നിറഞ്ഞുകവിഞ്ഞിരുന്നു. അനുശോചനയോഗം ആരംഭിക്കുമ്പോൾ തന്നെ എല്ലാ ജനങ്ങളുടെയും മുഖത്ത് ശോകമൂകത നിഴലിച്ചിരുന്നു.

ആ മഹായോഗത്തിൽ നടത്തപ്പെട്ട പരിപാടികളിൽ ഏവരെയും കൂടുതൽ വികാരഭരിതരാക്കിയത് എൻ.എസ്.കുറുപ്പ് എന്ന ഒരു കവി പെട്ടെന്നു രചിച്ച ഗാനം അദ്ദേഹം തന്നെ മൈക്കിൽ കൂടി വിങ്ങിക്കൊണ്ട് ആലപിച്ചതാണ്. ആ ഗാനം മുഴുവനായല്ലെങ്കിലും എന്റെ മനസ്സിൽ തങ്ങി നിൽക്കുന്ന ചില ഈരടികൾ താഴെ പകർത്തുന്നു.

*കോളിളക്കം കരാളമേ നിന്നുടെ*
*കോളിളക്കം കരളുരുക്കീടുന്നു*
*അന്തരിച്ചു മഹാത്മജി ഭാരതം*
*സന്തപിക്കുന്നു രോദനം ദാരുണം*
*റേഡിയോ വഴി കേട്ടു സകലരും*
*കൂടി റോഡിലും മറ്റുള്ള ദിക്കിലും*
*ചോരചിന്തി മരിച്ചോ മഹാത്മജി*
*കൂരിരുട്ടു പരന്നു സകലടം*
*പ്രാർത്ഥനക്കായി നടന്നു മഹാത്മജി*
*പ്ലാറ്റുഫോറം സമീപിക്കവെ ഒരു*
*കാക്കിയിട്ട കരാളൻ വെടിവച്ചു*
*പോർക്കളത്തിലെ ശത്രുവിനെപ്പോലെ*
*തോക്കു നിർമ്മിച്ച പാശ്ചാത്യർ പോലുമീ*
*ക്രൂരനെകണ്ടു കണ്ണീരൊലിക്കവെ*
*ചീറിയെത്തിയ വെടിയുണ്ട മാറത്ത്*
*കേറി രക്തം തുളച്ചു കുടിക്കയായി*
*നേരമേതാണ്ടിരുണ്ടു പകലിന്റെ*
*ചോരസൂര്യൻ കുടിച്ചൊളിച്ചീടവേ*
*ഗാന്ധി ദേവനെ കാണുവാൻ നേതാക്കന്മാർ*
*പാഞ്ഞുവന്നെത്തി പരിഭ്രാന്തചിത്തരായി.*
*പാടെതണുത്തു സവിധം നെഹ്റുവും*
*കാഞ്ഞഹൃദയത്തോടെ പട്ടേലുമാക്ഷണം*
*ആണ്ടു മദ്രാസു വിട്ടു വിമാനത്തിൽ*
*പാഞ്ഞുവന്നെത്തി മൗണ്ട് ബാറ്റൺ പ്രഭു*
*ഓടിവന്നവരൊക്കെ നോക്കീടവേ*
*കൂടുമാത്രം മരിച്ചു കിടക്കുന്നു*
*കേഴുന്നു ഞങ്ങൾ ഭാരതാംബേ*
*കേഴുവോർക്കാശ്വാസമേകട്ടെയീശ്വരൻ*

തുടർന്നു പല ദിവസങ്ങളിലായി എല്ലാ സ്കൂളുകളിലും എല്ലാം സ്ഥാപനങ്ങളിലും ഗാന്ധിജിയുടെ ചിത്രം അനാഛാദനം ചെയ്യുന്ന പരിപാടി നടന്നു. ആ കൂട്ടത്തിൽ വളരെ വ്യത്യസ്ഥമായ ഒരു അനാഛാദനമാണ് ഞാൻ പഠിച്ചിരുന്ന സ്കൂളിൽ (കോട്ടയം സിഎം.എസ് കോളജ് സ്കൂൾ) നടത്തപ്പെട്ടത്. സ്കൂളിന്റെ അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന പി.പി സാമുവൽ എല്ലാ കുട്ടികളെയും വിളിച്ചു വരുത്തി ഇങ്ങനെ പറഞ്ഞു. മഹാത്മാ ഗാന്ധിയുടെ ഒരു ദീർഘകായ ഛായാചിത്രം ഗ്രേറ്റ് ഹാളിൽ അനാഛാദനം ചെയ്യണമെന്ന് ആഗ്രഹിക്കുന്നു. അതിന്റെ ചെലവ് സ്കൂളിന്റെ ഫണ്ടിൽ നിന്നും എടുക്കുവാൻ സാധിക്കുമെങ്കിലും എല്ലാ കുട്ടികളേയും ചേർത്തു ആ ചിത്രം തയ്യാറാക്കുന്നതു കൂടുതൽ സ്വീകാര്യമായി തോന്നുന്നതുകൊണ്ട് ഓരോ കുട്ടിയും ഒരണ വീതം (ഇന്നത്തെ നിരക്കിൽ അഞ്ചുരൂപ എങ്കിലും വരും)സംഭാവനയായി നൽകണം. മൊത്തം വരുന്ന സംഖ്യകൊണ്ട് ഒരു നല്ല ഛായാചിത്രം നിർമ്മിക്കുവാൻ സാധിക്കുന്നതുകൊണ്ട് അതു നിങ്ങളുടെ എല്ലാവരുടെതുമായി തീരുമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പിറ്റെന്നു തന്നെ കുട്ടികൾ എല്ലാവരും അവരുടെ വീതം സംഭാവന ചെയ്തു. നല്ല വലിപ്പത്തിൽ ഗാന്ധിജിയുടെ ഒരു പൂർണ്ണകായ ഛായാചിത്രം വളരെ ഹൃദയസ്പൃക്കായ ഒരു ചടങ്ങിൽ വച്ച് അനാഛാദനം ചെയ്യപ്പെട്ടു. ഏകദേശം എൺപതാം സംവത്സരത്തിലും ഗ്രേറ്റ് ഹാളിൽ ആ ചിത്രം കാണുമ്പോൾ അതിന്റെ ഉടമസ്ഥാവകാശത്തിൽ ഒരു ഓഹരി എനിക്കുമുണ്ടല്ലോ എന്ന തോന്നൽ മനസിൽ വരുമ്പോൾ പി.പി സാമുവൽ ഹെഡ്മാസ്റ്റർ എല്ലാ കുട്ടികളെയും കൊണ്ട് അതിന്റെ ചെലവ് സമാഹരിച്ചതിന്റെ പിന്നിലുള്ള ഭാവന എത്രയോ മഹനീയമാണ് എന്നെനിക്കു തോന്നിയിട്ടുണ്ട്. (പി.പി.സാമുവൽ സാറിനെപ്പറ്റി എന്റെ ഓർമ്മയിൽ തിളങ്ങുന്ന ഏറ്റം ശ്രേഷ്ഠനായ അദ്ധ്യാപകൻ എന്ന തലക്കെട്ടിൽ മുമ്പ് ഞാനെഴുതിയ ലേഖനം

ന്യു വിഷൻ മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു) ഞാൻ സുപ്രീം കോടതി ജഡ്ജിയായി സ്ഥാനമേറ്റ ദിവസം വൈകുന്നേരം ആദ്യം സന്ദർശിച്ചത് തീസ് ജാനുവരി മാർഗിലുള്ള ഗാന്ധിസ്മൃതി ആണ്. അവിടെ വച്ചാണല്ലോ ഗാന്ധിജിയുടെ അവസാന പ്രാർത്ഥന യോഗത്തിൽ അദ്ദേഹം എത്തിയപ്പോൾ വെടിയേറ്റ് മരിച്ചത്. അതിനു സമീപമുള്ള ബംഗ്ലാവാണ് എനിക്കു എന്റെ താമസത്തിനായി കിട്ടിയ ഒരു ഔദ്യോഗിക വസതി. ഗാന്ധിജി വധിക്കപ്പെട്ടത് ജനുവരി 30ന് ആയതു കൊണ്ട് എന്റെ ജന്മദിനമായ ജനുവരി 30 ഞാൻ ഡൽഹിയിൽ താമസിച്ചിരുന്ന എല്ലാ വർഷവും ഗാന്ധി സ്മൃതിയിൽ രാവിലെ എത്തി ഗാന്ധിജി വെടിയേറ്റു വീണ അതേ സ്ഥലത്തു പുഷ്പാർച്ചന നടത്തുന്ന ഒരു പതിവ് എനിക്കുണ്ടായിരുന്നു. ഗാന്ധിജി ജനിച്ച സ്ഥലവും (പോർബന്തർ) ഗാന്ധിജി പഠിച്ച സ്കൂളും (സെന്റ് ആൽഫ്രഡ് സ്കൂൾ, രാജ് കോർട്ട്) കാണണമെന്നുള്ള എന്റെ അതിയായ മോഹം കൊണ്ട് സുപ്രീം കോടതി ജഡ്ജി ആയിരുന്നപ്പോൾ ഗുജറാത്ത് സംസ്ഥാനത്തിന്റെ അതിഥിയായി ഞാനും ഭാര്യയും അവിടെ പോയിരുന്നു. പോർബന്തറിലുള്ള ഗാന്ധിജിയുടെ ജന്മഗൃഹത്തിൽ ചെന്ന് അദ്ദേഹം പിറന്നു വീണ സ്ഥലം അവിടെ മാർക്കു ചെയ്തിട്ടുണ്ടായിരുന്നു. ഗാന്ധിജിയുടെ പിതാവ് പോർബന്തറിലെ പ്രധാനമന്ത്രി സ്ഥാനം വഹിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ ഭവനം സാമാന്യം വലിപ്പമുള്ളതും ധാരാളം മുറികൾ ഉള്ളതുമായ ഒരു കെട്ടിടമായിരുന്നു. ഗാന്ധിജിയോടുള്ള എന്റെ അതിരറ്റ ബഹുമാനം കൊണ്ട് ഞങ്ങൾ ഏറെ നേരം ആ കെട്ടിടത്തിൽ ചെലവഴിച്ചു. അവിടെ നിന്നും വളരെ ദൂരത്തുള്ള രാജ്കോട്ട് എന്ന സ്ഥലത്ത് സെന്റ് ആൽഫ്രഡ് സ്കൂളിൽ ഞങ്ങൾ പോയിരുന്നു. ഗാന്ധിജി അവിടെ പഠിക്കുമ്പോഴുണ്ടായ ഒരു സംഭവം ഇന്ന് എല്ലാ വിദ്യാർത്ഥികൾക്കും പരിചിതമാണല്ലോ. പിൽക്കാലത്ത് ആ സ്കൂളിന് മഹാത്മാ ഗാന്ധി മെമ്മോറിയൽ സ്കൂൾ എന്ന് പുനർനാമകരണം ചെയ്തു. ഗാന്ധിജിയെ രാജ്യദ്രോഹകുറ്റത്തിന് വിചാരണ ചെയ്ത് ശിക്ഷിച്ച അഹമ്മദബാദിലെ കോടതി മുറിയിൽ ഞങ്ങൾ പോയിരുന്നു. അവിടെ വച്ച് ഗാന്ധിജി നിർഭയനായി. ജഡ്ജിയോടു പറഞ്ഞ പ്രസിദ്ധമായ പ്രസ്താവന അവിടെ ശാശ്വതമായി കാണത്തക്കവണ്ണം ലിഖിതം ചെയ്തിട്ടുണ്ട്. അവയെക്കാളൊക്കെ എനിക്ക് വൈകാരികമായി തൃപ്തി ലഭിച്ച ഒരു വിവരം മനസിലാക്കിയത് അടുത്ത കാലത്താണ്. മഹാത്മാഗാന്ധി കോട്ടയം സന്ദർശിച്ചത് ഞാൻ ജനിച്ച അതേ വർഷമായ 1937ലായിരുന്നു. അദ്ദേഹം കോട്ടയത്തു താമസിച്ചതും ഒരു രാത്രി ഉറങ്ങിയതും കോട്ടയത്തെ എം.റ്റി സെമിനാരി സ്കൂളിലെ ഒരു ചെറിയ വീട്ടിലായിരുന്നു. ആ വീട് സ്കൂളിലെ പ്രധാന അദ്ധ്യാപകന് താമസിക്കാൻ നിശ്ചയിച്ച വീടായിരുന്നു. ആ സ്കൂളിലെ പ്രധാന അദ്ധ്യാപകനായി എന്റെ ഭാര്യാപിതാവ് പല വർഷം ജോലി ചെയ്തിട്ടുണ്ട്. ആ വീട്ടിൽ തന്നെയാണ് പിൽക്കാലം എന്റെ ഭാര്യ തന്റെ മാതാപിതാക്കളോടൊപ്പം അഞ്ചുവർഷം താമസിച്ചത്. ആ കാലമത്രയും എന്റെ ഭാര്യ കിടന്നുറങ്ങിയിരുന്നതു ഗാന്ധിജി ഉറങ്ങിയ അതേ മുറിയിലാണെന്ന് ഞാൻ അറിഞ്ഞപ്പോൾ ആ സ്ത്രീയുമൊത്താണ് കഴിഞ്ഞ അമ്പത്തിയഞ്ച് വർഷങ്ങളായി ഞാനും കിടന്നുറങ്ങുന്നത് എന്ന വസ്തുത മനസ്സിൽ പൊന്തിവന്നു. അത് ഒരു ഭാഗ്യമായതുകൊണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഈ സത്യം ഞാൻ എന്റെ ഭാര്യയോടു പങ്കു വച്ചത് ഇക്കഴിഞ്ഞ ഗാന്ധിജയന്തി ദിനത്തിലായിരുന്നു.

📱 9447078215


**വായനക്കാരുടെ ശ്രദ്ധയ്ക്ക്**

ന്യു വിഷൻ മാസിക വായനക്കാരുടെ സംഭാവനകൾകൊണ്ടു മാത്രമാണ് ഓരോ മാസവും കടമില്ലാതെ പ്രസിദ്ധീകരിക്കുന്നത്. കവറിൽ 100 രൂപയെന്ന് അച്ചടിച്ചിരിക്കുന്നത് സർക്കാരിന് നൽകിയ ഡിക്ളറേഷൻ മാറ്റുവാൻ താമസം നേരിടുന്നതുകൊണ്ടാണ്. **വർഷം തോറും 200 രൂപ** സംഭാവനയായി വരിക്കാർ തന്നെങ്കിൽ മാത്രമേ മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയുള്ളു. മാന്യവായനക്കാർ 200 രൂപ കണക്കാക്കി വാർഷിക സംഭാവനയായി അയക്കണമെന്നഭ്യർത്ഥിക്കുന്നു. രണ്ടു വർഷത്തേക്ക് 350 രൂപയും മൂന്നു വർഷത്തേക്ക് 500 രൂപയുമാണ് സംഭാവനയായി നൽകേണ്ടത്. മാസിക ക്രമമായി എല്ലാ മാസവും കിട്ടണമെന്ന് ആഗ്രഹിക്കുന്നവരും അഞ്ചാം തീയതി വരെ കിട്ടിയില്ലെങ്കിൽ ടെലിഫോണിൽ ഞങ്ങളോട് ബന്ധപ്പെടുകയും ചെയ്യുന്ന നൂറു കണക്കിന് വരിക്കാരാണ് മാസികക്കുള്ളത്. മാസംതോറുമുള്ള സംഭാവനകളും വായനക്കാരുടെ ആഘോഷവേളകളിൽ നൽകുന്ന പ്രത്യേക സംഭാവനകളുമാണ് 1992 മുതൽ ഒരു ലക്കവും മുടങ്ങാതെ മാസിക പ്രസിദ്ധീകരിക്കാൻ സഹായിക്കുന്നത്. മികച്ച ക്രൈസ്തവ പ്രസിദ്ധീകരണമായി തീരുവാൻ ന്യൂവിഷനെ സഹായിച്ച എല്ലാ മാന്യ വായനക്കാർക്കും ഹൃദയം നിറഞ്ഞ നന്ദി.

വിവാഹ പരസ്യങ്ങൾ, ഫോട്ടോകൾ, സമ്രണാഞ്ജലികൾ എന്നിവയും മറ്റ് പരസ്യങ്ങളും ന്യൂവിഷനിൽ പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പരസ്യങ്ങളും, സംഭാവനകളും നൽകി ന്യൂവിഷൻ മാസികയെ സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു. കുടിശിഖയുള്ളവർക്കും, പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി അയച്ചു കൊണ്ടിരിക്കുന്നവർക്കും ഫെബ്രുവരി 15ന് ശേഷം മാസിക അയക്കുന്നതല്ല.

ജോർജ് മാത്യു സി (മാനേജിങ് എഡിറ്റർ)
9605004633, 9447114633



# ആലുവാപ്പുഴ പിന്നെയും ഒഴുകുന്നു

ഡോ.ഡി. ബാബു പോൾ



ആലുവാപ്പുഴ രണ്ട് കൈവഴികളായി പിരിയുന്നത് നോക്കി കൊട്ടാരക്കടവിന്റെ പടവുകളിൽ നിന്നു പോയി ഞാൻ. അതുവരെ ഒന്നിച്ചൊഴുകി. ഇനി ഒന്നിക്കുന്നത് കടലിൽ. അതായത് നദി ഇല്ലാതായി തീരുമ്പോൾ. രണ്ടു കൈവഴികളും വിസ്മൃതിയിൽ ലയിക്കുമ്പോൾ. മയിലാടും കുന്നിൽ പിറന്ന് മയിലാഞ്ചിക്കാട്ടിൽ വളർന്ന് നഗരം കാണാതെയും നാണം മാറാതെയും കുണുങ്ങി ഒഴുകിയ കൈവഴികൾ പലത് ചേർന്നാണല്ലോ നദി ഉണ്ടാകുന്നത്. ഒരുമിച്ച് ചേരുമ്പോൾ തോന്നുന്ന ഉന്മാദവും വേറിട്ട് പിരിയുമ്പോൾ അനുഭവിക്കുന്ന നൊമ്പരവും നദിയുടെ സത്യമോ കവിയുടെ കാൽപ്പനികതയോ?

ഓർമകൾ മനസിൽ നിറഞ്ഞു. നദി തന്നെ എത്ര മാറിയിരിക്കുന്നു. കര ഇടിഞ്ഞ് കൽക്കെട്ടുകൊണ്ട് അതിരിട്ടില്ലെങ്കിൽ അപകടം വരുന്ന അവസ്ഥ ശിവരാത്രി മണൽപ്പുറത്തെ ഭീഷണിപ്പെടുത്തിയിരിക്കുന്നു.ആലുവായിലെ വിസർജ്യങ്ങൾ ചൂർണിയുടെ പരിശുദ്ധിയെ കളങ്കപ്പെടുത്താൻ ജനപ്രതിനിധികളുടെ അനുവാദത്തോടെ ഉദ്യോഗവൃന്ദത്തിന് കഴിഞ്ഞിരിക്കുന്നു. അപ്പുറത്തെ പാലത്തിലൂടെ കടന്നുപോയ തീവണ്ടിക്ക് ഇപ്പോൾ ആവി പിടിക്കേണ്ട. എണ്ണ കുടിച്ചാൽ ഉന്മേഷം. പണ്ട് മദ്രാസ് വരെ പോകുന്നത് കഷ്ടി, ഇപ്പോൾ ജമ്മുവിലും പോകും. അതേ തൊട്ട് കിഴക്കുള്ള ആ നാട്ടിൻപുറത്ത് നിന്ന് പതിനഞ്ചാം വയസിൽ പട്ടണത്തിലെത്തിയ കോളെജ് വിദ്യാർത്ഥി കണ്ട ആലുവ ഇന്ന് ഇല്ല. അന്ന് കാത്തായി മില്ലിന് തൊട്ടു കിഴക്ക് ആ കൊവേന്തയുടെ ബോർഡ് നിന്ന പഴയ വളവ് കഴിഞ്ഞാൽ കാണുന്ന നെടുമ്പറമ്പായിരുന്നു ആലുവാ. പിന്നെ ഒരു തിയേറ്റർ. പങ്കജം? പിന്നെ സിഎസ്ഐ പള്ളിയും വൈഎംസിഎയും ഒരു ചെറിയ ട്രാൻസ്പോർട്ടാഫീസ്. അന്ന് വല്ല സ്റ്റേഷൻമാസ്റ്ററുടെയോ ഏറിയാൽ കൺട്രോളിങ് ഇൻസ്പെക്ടറുടെയോ ആസ്ഥാനം ആയിരുന്നിരിക്കണം, ആ കത്തോലിക്കാപ്പള്ളിയുടെ താഴെ കോഫിഹൗസിന˘അടുത്തുണ്ടായിരുന്നത് എന്ന് നാല് കൊല്ലം കെ.എസ്.ആർ.ടി.സി ഭരിച്ചതിന്റെ ബലത്തിൽ ഇപ്പോൾ തോന്നുന്നു. ഇന്ന് ആലുവായിൽ നിന്ന് കോളേജ് ബസ് എന്റെ ഗ്രാമത്തിൽ വന്ന് കുട്ടികളെ നിത്യേന തൂക്കിയെടുക്കുകയും തിരിച്ചെറിയുകയും ചെയ്യുന്നു. അന്ന് ഹോസ്റ്റലാണ് ശരണം തോട്ടുമുഖവും അശോകയും വരെ കിഴക്കോട്ടും പറവൂരോളം പടിഞ്ഞാറോട്ടും ഉള്ളവരും നടന്നെത്താവുന്നവരും മാത്രം ആയിരുന്നു വന്നുപോയി പഠിച്ചിരുന്നതെന്ന് തോന്നുന്നു. ടാഗോർ ഹോസ്റ്റലിന്റെ ഇഷ്ടിക പാകിയ വരാന്തയിൽ ചെതുക്കിച്ച് തുടങ്ങിയ തൂണിൽ ചാരി നിന്ന് പുസ്തകം വായിക്കുമ്പോൾ ടൗണിൽ നിന്ന് വരുന്ന ബസിൽ ഇരുന്ന് പുസ്തകം വായിക്കുന്നവരെയും ശ്രദ്ധിച്ചു പോകുമായിരുന്നു. അവരിൽ പലരെയും പിന്നെ കണ്ടിട്ടേയില്ല. ആലുവായ്ക്കും ആലുവാപുഴയ്ക്കും വന്ന മാറ്റങ്ങളെക്കുറിച്ചാണല്ലോ പറഞ്ഞു തുടങ്ങിയത്. ആലുവാ അന്ന് ഒരു വലിയ ഗ്രാമം, ഇന്നത്തെ പെരുമ്പാവൂരിനെക്കാൾ ചെറിയ സ്ഥലം. വേനൽക്കാലത്ത് കുളിച്ചുതാമസിക്കാൻ വരുന്നവരുടെ *നദി* തഴുകിയിരുന്ന നാട്. ഇന്നോ? വിശാല കൊച്ചിയുടെ ഭാഗം. അന്ന് അവൾക്ക് നുണക്കുഴി വിരിഞ്ഞിട്ടില്ല. ബൈപാസ് പണിതിട്ടില്ല എന്നർത്ഥം. അന്ന് ആ കണ്ണുകളിൽ മലരമ്പില്ല. ദേശം കടത്തേ ഉള്ളു, പാലം പണിതിട്ടില്ല. അല്ലിയാമ്പൽ കടവിലന്ന് അരയ്ക്ക് വെള്ളം. ഇന്ന് ആമ്പൽ എങ്ങോ പോയി മറഞ്ഞിരിക്കുന്നു. ആമ്പലോ? പഴയ വീടുകൾ പലതും കാണാനില്ല. ആകെ മാറ്റമില്ലാത്തത് മാർത്താണ്ഡവർമ്മ പാലത്തിനും കോളജിലെ കച്ചേരി മാളികയ്ക്കും പിന്നെ ഒരുവേള കൊട്ടാരത്തിനും മാത്രം. പുഴപോ



ലും എത്ര മാറിയിരിക്കുന്നു. അന്ന് സ്വച്ഛസ്ഫടിക സങ്കാശം, ഇന്ന് മാലിന്യസമ്പുഷ്ടം. കെട്ടുവള്ളങ്ങൾ അപൂർവ്വദൃശ്യം. എന്നിട്ടും ആലുവാപ്പുഴ പിന്നെയും ഒഴുകുന്നു. ഓളവും തീരവും ആലിംഗനങ്ങളിൽ മുഴുകുന്നു. തീരത്തിന് ഓളവും ഓളത്തിന് തീരവും ഒരിക്കലും സ്വന്തമാവില്ലെന്ന് തിരിച്ചറിയുന്നത് എപ്പോഴും വൈകിയാണല്ലോ.

ഈ മാറ്റങ്ങൾ ആലുവായിൽ മാത്രം സംഭവിച്ചതല്ല എന്നതാണ് സത്യം. തിരുവനന്തപുരത്ത് വരുന്ന കാലത്ത് ഇതും ഒരു ഗ്രാമം ആയിരുന്നു. വഴിയിൽ വണ്ടികൾ കുറവ്. ജഡ്കജാസ്തി. ട്രാൻസ്പോർട്ട് ബസുകൾ സമയത്തിനോടും. രാത്രി വഴി നടക്കാൻ പേടിക്കേണ്ട. എൻജിനിയറിങ് മെഡിക്കൽ വിദ്യാർത്ഥി സംഗമങ്ങളായിരുന്നു ഇവിടുത്തെ വലിയ പരിപാടി. ഡോ. സി.ആർ. സോമനും ഡോ. പി.ജി രാമകൃഷ്ണപിള്ളയും എൻജിനിയറിങ് കോളേജിലും കൃഷ്ണകുമാറും സുകുമാരൻ നായരും ഞാനും മെഡിക്കൽ കോളജിലും പ്രസംഗിക്കും. കേൾക്കാനും കൂവാനും ആളും കുറവ്. ലുമുംബയുടെ വധത്തിൽ യുഎൻഒയുടെ ഉത്തരവാദിത്തം മുതൽ ശങ്കരക്കുറുപ്പിന്റെ കവിത്വം വരെ ആയിരുന്നു വിഷയങ്ങൾ. റേഡിയോ ഹോസ്റ്റലിൽ ആകെ ഒന്ന്. ശംഖുമുഖം ബീച്ചിൽ സ്വസ്ഥമായിരിക്കാം. ഇപ്പോഴോ? കവടിയാറിന് ചുറ്റും ഇരുപതാണ് മാളികപ്പുരകൾ. വണ്ടി ജനത്തോളം ആയി എണ്ണത്തിൽ. പെണ്ണുങ്ങൾ സ്കൂട്ടർ ഓടിക്കുന്നു. എന്താ സ്ഥിതി?

ഈ മാറ്റങ്ങൾക്കിടയിലും സ്വസ്ഥമായിരിക്കാൻ കഴിയുന്നതാണ് വിജയരഹസ്യം. ഗൃഹാതുരത്വം സ്വാഭാവികമാണ്. എന്നാൽ അതിനപ്പുറത്തൊരു ശാന്തത കാണാൻ കഴിയണം. പിരിഞ്ഞതോർത്ത് കൈവഴികൾ തിരിച്ചൊഴുകാറില്ലല്ലോ. അതുപോലെ ചരിത്രത്തോടൊപ്പം നാമും നീങ്ങുക. ആലുവാപ്പുഴ പിന്നെയും ഒഴുകുക തന്നെ ചെയ്യും. കൊച്ചരുവികൾ ഇണ ചേരുകയും കടലെടുക്കുമ്പോൾ കൈവഴികളായി തിരിഞ്ഞ് ഡൽറ്റാകൾ സൃഷ്ടിക്കുകയും ചെയ്തുകൊണ്ടേയിരിക്കും. നടീനടന്മാർ മാറും, നാടകും തുടരും. അതറിയാൻ കഴിയുന്നത് വിവേകം, അതംഗീകരിക്കുന്നത് പക്വത.

9447331149

## അടുത്തിടെ നടന്ന ഒരു യഥാർത്ഥ സംഭവത്തെ ആസ്പദമാക്കിയുള്ള ലേഖനം



'അച്ചാ കുഞ്ഞു മറിയ ചേടത്തി പള്ളിയിൽ വന്നിട്ട് വർഷം ഒന്നാകുന്നു . പള്ളിക്ക് കുടിശിക തരുന്നില്ല .ഒരു കാര്യത്തിലും സഹകരിക്കില്ല ..ഇങ്ങനെ ഒരാളെ എന്തിനാ ഈ ഇടവകക്ക് ..ഇന്നൊരു തീരുമാനം എടുക്കണം ......

'പള്ളിയുടെ മാനേജിങ് കമ്മിറ്റിയിൽ പള്ളി പ്രമാണി ഈ കാര്യം അവതരിപ്പിച്ചു .എല്ലാവരും അത് ഏറ്റു പിടിച്ചു ..പുറത്താക്കണം അവരെ ...എല്ലാവരും കൈ അടിച്ചു പാസാക്കി ..നാളെ തന്നെ കത്തയച്ചോളൂ ......"രണ്ടാഴ്ച കഴിഞ്ഞപ്പോൾ അയച്ച കത്ത് തിരികെ എത്തി ...കുഞ്ഞു മറിയാമ്മച്ചേടത്തി ഒപ്പിട്ടു വാങ്ങിയില്ല ......

തോമാ എടുക്കടാ വണ്ടി ..അച്ചോ വണ്ടി അവരുടെ വീട് വരെ പോകില്ല ..കുറെ നടക്കണം .....ആ തള്ള തനിയെ അല്ലേ താമസിക്കുന്നെ ..വിവാഹം കഴിക്കാത്തതിനാല് മക്കളോ ഭർത്താവോ ഇല്ല ..അവരെ ആരെയെങ്കിലും വിട്ടു പള്ളിലോട്ടു വിളിപ്പിച്ചാ പോരെ .....എന്നാ നീയൊന്നു പോയിട്ട് വാ .........തോമാ കുഞ്ഞു മറിയയുടെ വീട്ടിലെത്തി ..കുറെ വിളിച്ചു ...ഒരു അനക്കവും ഇല്ല ...ഇവരെവിടെ പോയ് ..ആരടെങ്കിലും ചോദിക്കാം എന്ന് വച്ചാല് ഈ മലയില് മറ്റൊരു വീടും ഇല്ല ........ഒരു ജനല് തോമാ തുറന്നു .....അകത്തേക് നോക്കിയ തോമാ ഞെട്ടി പൊയ് ...

ഒറ്റമുറി വീടിന്റെ അകത്തു തലയോട്ടി ഇളകി മാറി ..അസ്ഥികൾ ഇളകി മാറി ...ഒരു രൂപം ..അയാൾ സൂക്ഷിച്ചു നോക്കി ..കുഞ്ഞു മറിയച്ചേടത്തി മരിച്ചിട്ട് നാളുകള് ഏറെയായി .........തുണയും തണലും ഇല്ലാത്ത ഒരു പാവം സ്ത്രീയുടെ ജീവിതം അവസാനിച്ചിട്ടു വർഷം കഴിഞ്ഞിരിക്കുന്നു ...പിന്നെ എല്ലാം വളരെ പെട്ടന്നായിരുന്നു ...പള്ളിയിൽ മണി മുഴങ്ങി ..ആളുകൾ മല കയറി ..തല്ലി കൂട്ടിയ തടി പെട്ടിയില് അസ്ഥി കഷണങ്ങൾ വാരി കൂട്ടി പൊലിസ് തന്ന നിർദേശം അനുസരിച്ച് ...കുഴിമാടത്തിലേക്ക് .....പള്ളിയിൽ പ്രാർത്ഥനയ്ക്ക് ഇടയിൽ....അച്ചന് ഒരു കത്ത് പൊട്ടിച്ചു വായിച്ചു ഒരു വർഷം മുമ്പ് തനിക്കു കൊടുത്ത് വിട്ട കത്ത് ..അതിനകത്ത് ആവലാതി പറച്ചിൽ ആയിരിക്കുമെന്ന് കരുതി വായിക്കാൻ താല്പര്യം കാണിച്ചില്ല ....പ്രിയപെട്ട വികാരി അച്ചാ ...എനിക്ക് തീരെ സുഖമില്ല ..കിടപ്പിലാണ് ..അച്ചൻ ഇവിടെ വരെ ഒന്ന് വരണം ..എനിക്ക് എന്തെങ്കിലും സംഭവിച്ചാൽ എന്റെ പേരിൽ ഉള്ള ഈ എട്ടു സെന്റ് ഭൂമിയും ഈ കൊച്ചു വീടും പള്ളിക്ക് ഞാൻ ഇഷ്ടദാനമായി നൽകുന്നു .വേറെ ഒന്നും നൽകാൻ എന്റെ കൈയിൽ ഇല്ല

നിറഞ്ഞു വന്ന കണ്ണുനീര് അച്ചൻ തുടച്ചു മാറ്റി ....സ്വയം കുറ്റം വിധിച്ചു ...എന്റെ പിഴ..... എന്റെ പിഴ......എന്റെ വലിയ പിഴ

എല്ലാം തന്റെ കൈപിടിയിലാക്കുവാൻ ഇടവകയിൽ എത്തുന്ന പാവം വൈദികരുടെ ചെവിയിൽ തലയിണ മന്ത്രം ഓതുന്ന പള്ളി പ്രമാണിമാർക്കും പ്രമാണിമാരാകുവാൻ തലപ്പാവ് പണിയാൻ തുന്നല്ക്കാരെ ചുമതലപ്പെടുത്തിയിരിക്കുന്നവർക്കുമായി സമർപ്പിക്കുന്നു..

ഫീച്ചർ

# ഈ തണലിൽ ഇത്തിരി നേരം



നൈനാൻ കെ. ജേക്കബ്

കൗസല്യാ സുപ്രഭാതവും, വാങ്കുവിളികളും ബൈബിൾ ഗീതങ്ങളുമെല്ലാം കേട്ടുണരുന്ന ഒരു ഗ്രാമം. മലകളും കുന്നുകളും അതിർവരമ്പിടുമ്പോഴും അവയ്ക്കിടയിലൂടെ കുളിരാരവങ്ങൾ മുഴക്കി ആറുകളും തോടുകളും അരുവികളും. ചിലയിടങ്ങൾ നാഗരികതയ്ക്കല്പമായി വഴി മാറുമ്പോഴും ഗ്രാമീണഭംഗി മങ്ങാതെ നില്ക്കുന്നു. വളഞ്ഞു പുളഞ്ഞു കയറുന്ന മലമ്പാതകൾ. നട്ടുച്ചവെയിലത്തും ശീതളിമ നൽകുന്ന മരങ്ങൾ, നല്ലവരായ നാട്ടുകാർ. ഇതെല്ലാം കൂടിച്ചേരുമ്പോൾ അത് ചിറക്കടവ് ഗ്രാമപഞ്ചായത്താകും.

ഒരു മുണ്ടക്കയം യാത്രക്കു ശേഷം ഞാനും സിഎസ്ഐ സഭയിലെ തോമസ് പായിക്കാടച്ചനും, ജോൺ ഐസക്കച്ചനും ഫ്രീലാൻസ് ഫോട്ടോഗ്രാഫറായ ശിശിറും കാഞ്ഞിരപ്പള്ളിയോടു വിട പറഞ്ഞ് ചിറക്കടവിന്റെ സ്വാഗത ബോർഡിനു മുമ്പിലെത്തിയപ്പോഴാണ് ഞങ്ങൾക്ക് ആഞ്ഞിലിമുത്തശിയുടെ കഥയോർമ്മ വന്നത്. പിന്നീട് മുത്തശിയെ തേടിയുള്ള യാത്രയായി. വഴിയിൽ കണ്ട പലരോടും വഴി തിരക്കി. മുത്തശി എല്ലാവർക്കും സുപരിചിത. തിരിയേണ്ട വഴികളും വഴികളിലെ അടയാളങ്ങളുമെല്ലാം കൃത്യമായവർ പറഞ്ഞുതന്നു. പൊൻകുന്നം മണിമല റോഡിൽ രണ്ടര കിലോമീറ്റർ യാത്ര ചെയ്താൽ ചിറക്കടവ് മഹാദേവ ക്ഷേത്രത്തിന്റെ മുമ്പിലെത്താം. ക്ഷേത്രക്കുളത്തിനു സമീപമായി ഒരു പള്ളിക്കൂടം. പള്ളിക്കൂടത്തിന്റെ പറമ്പിലാണ് മുത്തശി നിൽക്കുന്നത്. തിരുവല്ലയിൽ നിന്നു വരുന്നെന്നു കേട്ടപ്പോൾ പുരികങ്ങൾ വളച്ച് നെറ്റിയിൽ ആശ്ചര്യചിഹ്നം അവരിൽ ചിലരുയർത്തി. ഒടുവിൽ ഞങ്ങൾ ലക്ഷ്യസ്ഥലത്തെത്തി.



മാനം മുട്ടെ നിൽക്കുന്ന മരങ്ങളും, കൊച്ചു നാട്ടുവഴിയും, ക്ഷേത്രവും പഴമ മുറ്റിനിൽക്കുന്ന പഴയ പള്ളിക്കൂടവുമാണ് മുത്തശിയുടെ നല്ല അയൽക്കാർ. പള്ളിക്കൂടത്തിന്റെ കടമ്പയിൽ നീലനിറത്തിലുള്ള ബോർഡിൽ ചുവന്ന അക്ഷരങ്ങളിൽ ഗവൺമെന്റ് എൽപി സ്കൂൾ ചിറക്കടവ് 1881 ൽ സ്ഥാപിതമെന്നെഴുതിയിരിക്കുന്നു. പള്ളിക്കൂടത്തിന്റെ പടവുകൾ കെട്ടിയിരിക്കുന്നത് മുത്തശിയുടെ അതിരിലൂടെ. പടവുകൾ കയറി ഞങ്ങൾ പള്ളിക്കൂടത്തിന്റെ തിണ്ണയിലെത്തി. അക്ഷരമാലകളും ചിത്രങ്ങളുമെല്ലാം തിണ്ണയിൽ സമൃദ്ധം. ഉച്ചവിട്ട നേരം, ഇംഗ്ലീഷ് മീഡിയംകാർക്ക് ലഞ്ച് ബ്രേക്ക്.

വരാന്തയുടെ പടിഞ്ഞാറെ ഓരത്തുള്ള മുറിയിൽ കൊച്ചുകുട്ടികൾ ഉച്ചയുറക്കത്തിന്റെ മയക്കത്തിൽ. അവർക്കു താരാട്ടു പാടുന്ന അംഗനവാടി ടീച്ചർ. കിഴക്കുവശത്തെ വരാന്തയോടു ചേർന്ന് കുറച്ചു കുട്ടികൾ ഭക്ഷണം കഴിക്കുന്നു. അമ്മമാരെ പോലെ നിർബന്ധിച്ചൂട്ടുന്ന നാലു ടീച്ചറന്മാർ. തിളപ്പിച്ചാറ്റിയ വെള്ളം ഒരു ടീച്ചർ ഒഴിച്ചു കൊടുക്കുന്നു. ഭക്ഷണത്തിനു ശേഷം എല്ലാവർക്കും ഓരോ പഴവും നൽകി. കൂടെ നമ്മുടെ സ്കൂൾ പറമ്പിലെ കുല പഴുത്തതാണെന്നൊരശരീരിയും.

ഞങ്ങളെ കണ്ട് ഷീല ടീച്ചർ ഓടിയെത്തി. ആഞ്ഞിലി മുത്തശിയെ കാണാൻ വന്നവരാണെന്നറിയിച്ചപ്പോൾ റ്റീച്ചറിന്റെ സന്തോഷം ഇരട്ടിച്ചു .ഊണു കഴിഞ്ഞെത്തിയ കുട്ടികളെയെല്ലാം കൂട്ടി മറ്റു ടീച്ചറന്മാരായ ബേബിയും ബബിതയും ഹെഡ്മിസ്ട്രസ് അംബികയുമെത്തി. കുട്ടികൾ വരിവരിയായി മുത്തശി ആഞ്ഞിലിമരത്തിന്റെ ചുവട്ടിലെത്തി. ഒരു മിടുക്കി ആഞ്ഞിലി മുത്തശിയുടെ കഥയും, വേറൊരു മിടുക്കി സ്കൂളിന്റെ തുടക്കകാരൻ സ്വാ

മിയുടെ കഥയും ഞങ്ങൾക്കു പറഞ്ഞു തന്നു. *ആ കാണുന്ന പൊതിച്ചിൽ കണ്ടോ, അവിടെയാണ് മുത്തശിക്കസുഖം മരുന്നുവെച്ച് കെട്ടിയിരിക്കുകയാ സുഖമായി വരുന്നു.* ആഞ്ഞിലിയുടെ പടപ്പൻ വേരുകൾ മണ്ണിലാഴ്ന്നിറങ്ങിയതുപോലെ ഈ പിഞ്ചോമനകളുടെ മനസ്സിൽ വേരുപിടിച്ച പ്രകൃതി സ്നേഹത്തിന്റെ ദൃഢത ഓരോ കുട്ടിയിലും ദർശിക്കുവാൻ ഞങ്ങൾക്കു സാധിച്ചു. ബബിത ടീച്ചറെഴുതിയ ആഞ്ഞിലി മുത്തശിയെ പ്പറ്റിയുള്ള കുട്ടിക്കവിത അവരീണത്തിൽ ഞങ്ങളെ ചൊല്ലി കേൾപ്പിക്കുമ്പോൾ മണിമുഴങ്ങി, ഞങ്ങളോട് യാത്ര പറഞ്ഞ് ക്ലാസിലേക്ക് അവർ മടങ്ങി, ചിട്ടയായി.

**ആഞ്ഞിലി മുത്തശി**

ഒത്തുചേരാം നമുക്കിന്നീ
ആഞ്ഞിലി മുത്തശിതൻ ചുവട്ടിൽ
എത്രയോ യുഗങ്ങളായി
തണലു നൽകുന്നു
നമ്മൾക്കെത്രയോ യുഗങ്ങളായ്
വായു നൽകുന്നു
ജീവികൾക്കെല്ലാം
വസിക്കാനിടം നൽകിയ മുത്തശി
നിത്യഹരിതയാം മുത്തശി
ആദരിക്കുന്നു ഞങ്ങളാദരിക്കുന്നു
ആദരിക്കുന്നു ഞങ്ങളാദരിക്കുന്നു.

*കെ.കെ. ബബിത*

ഷീല ടീച്ചർ ഞങ്ങളെ സ്കൂളിലേക്ക് വീണ്ടും കൊണ്ടുപോയി. ഓഫീസ് മുറിയിലിരുത്തി. കഥയുടെ ചെപ്പുകൾ തുറന്നു, നൂറ്റിമുപ്പത്തഞ്ചു കൊല്ലം മുമ്പുള്ള ചരിത്രത്തിലേക്ക്. പൂഞ്ഞാർ രാജകുടുംബത്തിന്റെ അധീനതയിലുള്ള ഈ സ്ഥലം നാട്ടുരാജാവായ പഞ്ഞിപ്പുഴ തമ്പുരാനായിരുന്നു ഭരിച്ചിരുന്നത്. ചിറക്കടവ് മഹാദേവക്ഷേത്രമായിരുന്നു ദേശവാസികളുടെ ഏക സന്ദർശന സ്ഥലം. വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും അക്കാലത്തിവിടില്ല. വൈക്കം ചെമ്പിൽ നിന്നും നാരായണപിള്ള എന്ന യോഗി ചിറക്കടവ് മഹാദേവക്ഷേത്രം സന്ദർശിക്കുകയും ക്ഷേത്രപരിസരത്തുള്ള ആലിൻ ചുവട്ടിലൊരു കുടിപ്പള്ളിക്കൂടമാരംഭിക്കുകയും ചെയ്തു. യോഗി നാരായണപിള്ള പിന്നീട് ദേശാടനം തുടർന്നപ്പോൾ തലപ്പിള്ളി പരമേശ്വരൻ പിള്ള എന്നൊരു മറ്റൊരു യോഗി കുടിപ്പള്ളിക്കൂടത്തിന്റെ ചുമതലയേറ്റെടുത്തു. ഇന്നത്തെ എൽ പി സ്കൂൾ കുടിപ്പള്ളിക്കൂടത്തിന്റെ തുടർച്ചയായി ഉയർന്നുവന്നതാണെന്ന് പഴമക്കാരുടെ വായ്മൊഴി. യോഗി നാരായണപിള്ള ദയാനന്ദ സ്വാമി എന്ന പേര് സ്വീകരിച്ച് യാത്ര തുടർന്നു. അടൂരിൽ വച്ച് സമാധിയായി. ഈ സംഭവങ്ങൾക്കെല്ലാം മൂകസാക്ഷിയായി ഈ ആഞ്ഞിലിമരം അന്നും ഇവിടെ ഉണ്ടായിരുന്നു.

കാലചക്രത്തിന്റെ തിരിവിൽ കുടിപ്പള്ളിക്കൂടം സ്കൂളായി വളർന്നു, അനേകം കുട്ടികൾ ഇവിടെ വിദ്യ അഭ്യസിച്ച് ജ്ഞാനം നേടി. പക്ഷേ എൽപി സ്കൂളിനപ്പുറം ഈ വിദ്യാലയമുയർന്നില്ല.



എത്ര ആഴത്തിൽ നിമഗ്നമായി കിടന്നാലും കാലത്തിന്റെ കുത്തൊഴുക്കിൽ വേരുകൾ ചിലതെല്ലാം പുറത്തുവരും. വള്ളികയറി മൂടിക്കിടന്ന ആഞ്ഞിലിയുടെ കഥയും പുറത്തുവരുന്നതിനൊരു നിമിത്തമുണ്ടായി രക്ഷകർത്താക്കളും അധ്യാപകരും ചേർന്ന് ആഞ്ഞിലിയുടെ സമീപത്തെ കാടുകൾ വെട്ടിത്തെളിച്ചു കളിക്കളമൊരുക്കി. ബാല്യകൗമാര യൗവ്വനദശക്കളല്ലാം കടന്ന ആഞ്ഞിലിയുടെ പ്രൗഢി ഇവരുടെ ശ്രദ്ധയിൽപ്പെട്ടു. തൃശൂരുള്ള കേരള വനഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. മുരളിയുടെ സഹായമിവർ തേടി. ഇദ്ദേഹത്തിന്റെ ഗവേഷണാഭിപ്രായത്തിൽ നൂറ്റിഅമ്പത്തിയഞ്ചു വർഷത്തിനുമേൽ പ്രായമുള്ളതായി കണക്കാക്കുന്നു.

ആഞ്ഞിലിമുത്തശി ജനശ്രദ്ധ നേടിയത് ഇക്കഴിഞ്ഞ ഗാന്ധിജയന്തി ദിനത്തിലാണ്. അന്നായിരുന്നല്ലോ നമ്മുടെ രാജ്യം ഇന്തോ പാരിസ് ഉടമ്പടിയിൽ ഒപ്പുവച്ചതും. സംസ്ഥാന വനമിത്രപുരസ്കാര ജേതാവും പരിസ്ഥിതി പ്രവർത്തകനുമായ കെ. ബിനുവിന്റെ നേതൃത്വത്തിൽ

പരിസ്ഥിതി പ്രവർത്തകരും കുട്ടികളും നാട്ടുകാരും ചേർന്ന് ആഞ്ഞിലി മരത്തെ ആദരിച്ചു. അരിമാവു കലക്കി അതിൽ കൈമുക്കിയവർ മരത്തിൽ പതിപ്പിച്ച് മരത്തിന്റെ തൊലിയിലുള്ള സൂക്ഷ്മ ജീവികൾക്ക് സദ്യ നൽകി. പട്ടു ചേലയണിയിച്ച് ബഹുമാനിച്ചു. കവിതകൾ ചൊല്ലിയും മരത്തിന്റെ കഥകൾ പറഞ്ഞുമവർ മരത്തണലിലിരുന്നു. ആഞ്ഞിലിമുത്തശിക്കങ്ങനെ നാട്ടിലൊരു നായിക പരിവേഷം വന്നു ചേർന്നു.



എന്നാൽ ഒരു മാസം പിന്നിട്ടപ്പോഴേക്കും ഒരു ദുരന്തം ഈ നായികയ്ക്കുണ്ടായി. മുത്തശിയുടെ പ്രധാന ശിഖരത്തിൽ നിന്നും തൊലിപൊട്ടി വെള്ളമൊഴുകാൻ തുടങ്ങി. *പിങ്ക് ഡിസീസ്* എന്ന പേരിലറിയപ്പെടുന്ന രോഗത്തിന് വൃക്ഷായുർവേദ വിധിപ്രകാരം നവംബർ പതിനേഴിന് ചികിത്സ നൽകി. ചിതൽപ്പുറ്റ്മണ്ണ്, നാടൻപശുവിന്റെ പാൽ, ചാണകം, കദളിപ്പഴം, നെയ്യ്, ചെറുതേൻ, എള്ള് എന്നിവ കൂട്ടിയിളക്കിയ മിശ്രിതമാണ് വെള്ളം തൊടാതെ മരുന്നാക്കിയെടുത്തത്. ഇരുപത്തഞ്ചടി ഉയരത്തിൽ പടങ്ങു കെട്ടിയതിൽ കയറി നിന്നാണ് ഈ മരുന്ന് കേടായ ഭാഗത്ത് ലേപനം ചെയ്തത്. പിന്നീട് തുണിയിട്ടു പൊതിഞ്ഞ് ചാക്കു നൂലിട്ടു കെട്ടി സൂക്ഷിച്ചു.



ചികിത്സ ഫലിച്ചു, ആഞ്ഞിലി മുത്തശിക്ക് സൗഖ്യമായി. നാട്ടാരുടെയും ഇളംമനസ്സുകളുടെയും പ്രിയങ്കരിയായ മുത്തശിയെ സർവ്വേശ്വരൻ രക്ഷിച്ചു.

എന്നാൽ പരിമിതികളുടെ കടമ്പകൾ പലതും ചിറക്കടവ് എൽപി സ്കൂളിനു കടക്കാനുണ്ട്. ജനശ്രദ്ധയാകർഷിച്ച് ആഞ്ഞിലി മുത്തശി നിൽക്കുന്ന സ്ഥലത്ത് ചുറ്റുമതിലുകളൊന്നുമില്ല. കുട്ടികൾ കളിച്ചു നടക്കുന്ന ഇവിടെ ഒരു നാടൻ വേലി മാത്രമാണ് സംരക്ഷണം. വേലി തകർത്ത് കുട്ടികൾ മറിഞ്ഞാൽ ആറടി താഴ്ചയിലുള്ള റോഡിലെത്തും. ഇംഗ്ലീഷ് മീഡിയം പള്ളിക്കൂടങ്ങളുടെ കടന്നുവരവ് ഈ നാടൻ പള്ളിക്കൂടത്തിലെ കുട്ടികളുടെ അംഗസംഖ്യയെ ബാധിച്ചിട്ടുണ്ട്. *ഞങ്ങളുടെ അരികിലെത്തുന്ന കുട്ടികളെ ആത്മാർത്ഥതയോടെ അഭ്യസിപ്പിച്ച് മിടുക്കന്മാരായി ഈ വാതിൽ കടത്തി വിടും.* പ്രഥമാധ്യാപിക അംബികയുടെ നിശ്ചയദാർഢ്യം നിറഞ്ഞ ഈ വാചകം ശരിവച്ചുകൊണ്ട് സഹധ്യാപകരായ ഷീലാകുമാരിയും, ബേബിയും ബബിതയും മോഹനനും പറഞ്ഞു *ഞങ്ങളും ടീച്ചറിനൊപ്പമുണ്ട്.*

കത്തി നിൽക്കുന്ന സൂര്യന്റെ ഉഗ്രതാപങ്ങളൊന്നും മണ്ണിലേല്പിക്കാതെ ഒരു കുടയായി പള്ളിക്കൂടത്തിന്റെ മുറ്റംവരെ തണലേകി നിൽക്കുന്ന ആഞ്ഞിലി മുത്തശിയെ ഒരു നോക്കുകൂടി നോക്കിയിട്ട് ഞങ്ങളും മനസ്സിൽ പ്രാർത്ഥിച്ചു ആയുസേകു സർവ്വേശ്വരായെന്ന്.

വിലാസം: ഹെഡ്മിസ്ട്രസ്
ഗവൺമെന്റ് എൽപി സ്കൂൾ
ചിറക്കടവ് സെന്റർ പി.ഒ പൊൻകുന്നം
കോട്ടയം ജില്ല 9656006584

# നിങ്ങൾക്ക് എന്ത് വില കിട്ടും?



**റ്റി. ജോർജ് ബഹന്നാൻ**
കൗൺസലർ & തെറാപ്പിസ്റ്റ്



**സ്വയം വലിയതാണെന്ന് ചിന്തിക്കുന്നവർ അവസാനം വിഡ്ഢിയാകുന്ന പരിതാപകരമായ അവസ്ഥ. ജീവിതത്തിന്റെ അർത്ഥം, നേട്ടങ്ങളിലല്ല. ഞാനെന്ത് നേടി എന്നതിലല്ല. ഞാനാരാണ് എന്നതിലാണ്.**

ഞാൻ ഒരു കേമനാണ്, ഒരു സംഭവമാണ് എന്ന് ചിന്തിക്കുന്നതാണ് ഏറ്റവും വലിയ മനഃശാസ്ത്ര വൈകല്യം. എനിക്ക് എല്ലാം അറിയാം മറ്റുള്ളവർക്ക് ഒന്നുമറിയില്ല എന്ന നില അഹങ്കാരമാണ്. ഒരുദിവസം മഹാരാജാവിന് ഒരു തോന്നൽ എന്നെക്കാൾ കേമൻ ആരുണ്ട് എന്റെ രാജ്യത്തിൽ. എല്ലാം എന്റേത് ഞാൻ എത്ര വലിയവനാണ് എല്ലാ അധികാരവും, അവകാശവും എന്റെ കൈകളിൽ എന്ന് ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അതാ കയറി വരുന്നു മുല്ലാ നസറുദ്ദീൻ. ഒട്ടും ഗൗരവം കൈവിടാതെ മഹാരാജാവ് ഒരു ചോദ്യം ചോദിച്ചു. മുല്ലാ എന്നെ ചന്തയിൽ കൊണ്ടുപോയി വിറ്റാൽ എന്ത് വില കിട്ടും. തനിക്ക് ഭയങ്കര വില കിട്ടും എന്ന് ചിന്തിച്ചുകൊണ്ട് തന്നെയാണ് രാജാവ് ചോദിച്ചത്. മുല്ലാ രാജാവിനെ അടിമുടി നോക്കി എന്നിട്ട് പറഞ്ഞു. "ഒരു പതിനഞ്ച് സ്വർണ്ണനാണയം". രാജാവ് ഞെട്ടി. രാജാവിന് ഭയങ്കര ദേഷ്യം വന്നു. താനെന്താ പറയുന്നത്. എന്റെ വസ്ത്രത്തിന് കിട്ടുമല്ലോ പതിനഞ്ച് സ്വർണ്ണനാണയം. മുല്ലാ വളരെ ഗൗരവത്തോടെ പറഞ്ഞു. ഞാൻ അതിന്റെ വില മാത്രമെ കൂട്ടിയുള്ളൂ മുല്ലാ പറഞ്ഞത് എത്ര സത്യം.

മറ്റൊരു രാജാവിന്റെ കഥ കൂടി കേൾക്കാം. ഇവിടെ രാജാവ് വില്ലാളിവീരൻ. തന്റെ കഴിവിൽ ഒട്ടും മോശമല്ലാത്ത അഹങ്കാരവും അഭിമാനവും. ഞാൻ ജീവിതത്തിൽ വിജയിച്ചുകഴിഞ്ഞു. ഇനി ഒന്നുമില്ല വെട്ടിപ്പിടിക്കാൻ എന്ന തോന്നൽ രാജാവിനെ കൂടുതൽ സെൻസിറ്റീവാക്കി. അതുകൊണ്ടുതന്നെ രാജാവ് എല്ലാവരെയും സംശയദൃഷ്ടിയോടെയാണ് നോക്കുന്നത്.

ഒരുദിവസം കാട്ടിൽ നായാട്ടിനിറങ്ങിയ രാജാവ് ഒരു കാഴ്ച കണ്ടു. വനാതിർത്തിയിലെ മരങ്ങളിൽ വരച്ചിരിക്കുന്ന ഒരു ചെറിയ വൃത്തത്തിൽ ഒരമ്പ്. ഇത്ര കൃത്യമായി അമ്പെയ്യാൻ കഴിവുള്ളവൻ എന്റെ രാജ്യത്ത് ഉണ്ടോ. തനിക്ക് ഇതുവരെയും അത് സാധിച്ചിട്ടില്ല. ഇവൻ ഭയങ്കരൻ തന്നെ. രാജാവിന്റെ ഈഗോയെ അത് തൊട്ടു. ഇവനെ കണ്ടെത്തണം. രാജാവ് നിശ്ചയിച്ചു. എന്നെക്കാൾ ആരും കേമനാകണ്ട. അത് തന്റെ ജീവന് ഭീഷണിയാകും. അത് ഞാൻ സമ്മതിക്കില്ല. കൊട്ടാരവളപ്പിലെ പല മരങ്ങളിലും അമ്പ് കുത്തിനിൽക്കുന്നത് പട്ടാളക്കാർ കണ്ടു. ആ വിവരം രാജാവിനെ അറിയിച്ചു. അതോടെ രാജാവിന് സമാധാനമില്ലാതായി. രാജാവ് പട്ടാളക്കാരെ നാലുപാടും വിട്ടു. ഈ വില്ലാളിയെ കണ്ടെത്താൻ. പട്ടാളക്കാർ രാജ്യത്തിന്റെ ഓരോ മൂലയും അരിച്ചുപെറുക്കി. അവസാനം ആളെ കണ്ടെത്തി. കൗപീനം ധരിച്ച ഒരു കൊച്ചുപയ്യൻ അവന്റെ തമാശയാണ് ഇതെല്ലാം. *നീയെങ്ങനെയാണ് ഇത്ര കൃത്യമായി അമ്പെയ്യുന്നത്.* നിന്നെ ആരാണ് പഠിപ്പിച്ചത്. പയ്യൻ പറഞ്ഞു *ഞാൻ ആദ്യം മരത്തിൽ അമ്പെയ്യും പിന്നെ ചോക്കുകൊണ്ട് അതിന് ചുറ്റും വൃത്തം വരയ്ക്കും.* അതുകേട്ട് എല്ലാവരും പൊട്ടിച്ചിരിച്ചു. രാജാവ് ചിരിച്ചില്ല. കാരണം രാജാവ് തന്റെ അഹങ്കാരം കൊണ്ടെത്തിച്ച ആകുലതയുടെ അല്പത്തരത്തെപ്പറ്റി ചിന്തിക്കുകയായിരുന്നു!!

സ്വയം വലിയതാണെന്ന് ചിന്തിക്കുന്നവർ അവസാനം വിഡ്ഢിയാകുന്ന പരിതാപകരമായ അവസ്ഥ. ജീവിതത്തിന്റെ അർത്ഥം, നേട്ടങ്ങളിലല്ല. ഞാനെന്ത് നേടി എന്നതിലല്ല. ഞാനാരാണ് എന്നതിലാണ്.

വില്ല്യം ബോർഡൻ ഒരു കോടീശ്വരന്റെ പുത്രനാണ്. അമേരിക്കയിലെ കണക്റ്റികട്ടിലെ ന്യൂഹാവനിലുള്ള യേൽ യൂണിവേഴ്സിറ്റിയിൽ നിന്നും ഉന്നത ബിരുദങ്ങൾ നേടി മാതാപിതാക്കൾക്ക് അഭിമാനമായി. സ്വന്തം മകന് ലോകം ചുറ്റാൻ അവർ സഹായം കൊടുത്തു. ഏഷ്യയും,

യുറോപ്പും എല്ലാം വില്യം നേരിൽ കണ്ടു. പക്ഷെ അദ്ദേഹത്തെ ആകർഷിച്ചത് അവിടെയുള്ള സാധുക്കളുടെ ജീവിതമായിരുന്നു. ഇവർക്ക് ഒരു മാറ്റം വേണം. അദ്ദേഹം നേരെ പ്രിൻസ്റ്റൺ സെമിനാരിയിൽ ചേർന്നു. മിഷനറിയാകാൻ വില്ല്യം തീരുമാനിച്ചു. അദ്ദേഹം സ്വന്തം ബൈബിളിൽ എഴുതി. No reserves എല്ലാം സമർപ്പിക്കുന്നു ഒന്നും മാറ്റിവയ്ക്കാതെ. പഠനത്തിനിടയിൽ ധാരാളം ഉദ്യോഗങ്ങൾ അദ്ദേഹത്തെ തേടിയെത്തി. അതിലൊന്നിലും വില്ല്യമിന് താല്പര്യം തോന്നിയില്ല. വലിയ സ്ഥാനങ്ങൾ അദ്ദേഹത്തെ പ്രലോഭിച്ചു. അദ്ദേഹം അനങ്ങിയില്ല. വേദപുസ്തകമെടുത്ത് അദ്ദേഹം വീണ്ടുമെഴുതി. No retreats പിൻതിരിയുന്ന പ്രശ്നമില്ല. അർത്ഥപൂർണ്ണമായ ലക്ഷ്യങ്ങൾ കണ്ടെത്തുമ്പോൾ പിന്നെന്തിന് പിൻതിരിയണം. കലപ്പയിൽ കൈവച്ചിട്ട് പിന്തിരിഞ്ഞു നോക്കുന്നനെപ്പറ്റി വേദപുസ്തകം പറയുന്നില്ലേ.

സെമിനാരിയിലെ പഠനം പൂർത്തിയാക്കിയ വില്ല്യം ബോർഡൻ നേരെ പോയത് ചൈനയിലേക്കാണ്. അവിടെ മുസ്ലീങ്ങളുടെ ഇടയിൽ പ്രവർത്തിക്കാൻ ചൈനയിലേക്ക് പോകുന്ന വഴി അദ്ദേഹം ഈജിപ്തിലെത്തി, അവിടെയുള്ള ആൾക്കാരുമായി പരിചയപ്പെടാൻ. ഏതാനും മാസങ്ങൾക്കുള്ളിൽ അദ്ദേഹത്തിന് മെനഞ്ചൈറ്റിസ് രോഗം ബാധിച്ച് കിടപ്പിലായി, അധികം താമസിയാതെ ഈ ലോകത്തോട് വിട വാങ്ങി. എന്തൊരു ട്രാജഡി. എന്തൊരു നിർഭാഗ്യവാൻ എന്നൊക്കെ നാം പറയും. വില്ല്യം ബോർഡന്റെ ജീവിതം വെറുതെ പാഴായിപ്പോയി എന്ന് വിചാരിച്ചവർക്ക് തെറ്റി. കാരണം രോഗക്കിടക്കയിൽ ബൈബിളിന്റെ അവസാനത്തെ പേജിൽ അദ്ദേഹം, അവസാനമായി എഴുതി. No regrets യാതൊരു ദുഃഖവുമില്ല, നിരാശയുമില്ല. അദ്ദേഹം അക്ഷോഭ്യനായി കടന്നുപോയി.

ദൈവം നമ്മെ വിളിച്ചത് വിജയിക്കാനല്ല പ്രത്യുത വിശ്വസ്തനായിരിക്കാനാണ്. ഇതാണ് ജീവിതത്തിന്റെ ആത്മീയ മനഃശാസ്ത്ര സത്യം. വിജയിക്കാൻ, പേര് കിട്ടാൻ നാം കാട്ടികൂട്ടുന്ന കോപ്രായങ്ങൾ എന്തൊക്കെയാണ്. പലതും പണിയുന്നു അതിൽ നമ്മുടെ പേരെഴുതുന്നു, ഗ്രൂപ്പുണ്ടാക്കുന്നു, കാലുവാരുന്നു. അവസാനം നമ്മുടെ വിളി മറന്ന് വിഡ്ഢികളാകുന്നു. അതാണ് പലരുടെയും ജീവിതത്തിൽ സംഭവിക്കുന്നത്.

എന്റെയും നിങ്ങളുടെയും വിശ്വസ്തതയ്ക്ക് മാത്രമേ വിലയുള്ളൂ. ഇല്ലെങ്കിൽ മുല്ലാ നസറുദ്ദീൻ പറഞ്ഞ വിലയുടെ പത്തിലൊന്ന് പോലും നമുക്ക് കിട്ടില്ല

9895992129

# ഭാവാഭിനയം

B.tech പാസായ തൃശൂർകാരൻ പയ്യൻ ദുബായിൽ ജോലി തേടിച്ചെന്നു. പോയിടത്തെല്ലാം ഓരോരോ കാരണങ്ങളാൽ തിരസ്കൃതനായി. അങ്ങനെ വിഷമിച്ചിരിക്കുമ്പോൾ ഗ്ലോബൽ വില്ലേജിൽ സർക്കസ് കമ്പനി കണ്ടു. അവിടെ ചെന്ന് ഉടമയോട് ജോലി യാചിച്ചു. ഉടമ പറഞ്ഞു: താൻ പഠിച്ച വിഷയത്തിനു പറ്റിയപണിയൊന്നും ഇവിടെയില്ല. അതു കേട്ട് വിഷമിച്ച് നിൽക്കെ, സർക്കസിന്റെ തമ്പുടമ അയാളെ വിളിച്ചു 'തനിക്ക് കുരങ്ങന്റെ വേഷം കെട്ടാമൊ? സാധാ ജോലിക്കാരെക്കാൾ അധികം ശമ്പളം തരാം.' ഉത്തരം പറയാൻ ശങ്കിച്ചു നിൽക്കെ, അദ്ദേഹം ഇത്രയും കൂട്ടിച്ചേർത്തു: 'നിന്നെ കുരങ്ങന്റെ അഭ്യാസമൊക്കെ പഠിപ്പിക്കാൻ ഇവിടെ ആളുണ്ട്. മാത്രമല്ല, കണ്ടാൽ തിരിച്ചറിയാത്ത വിധം മേക്കപ്പ് ഇടാനും ആളുണ്ട്' യുവാവ് മറിച്ചൊന്നും ചിന്തിച്ചില്ല...പഠിച്ച വിഷയത്തിനു ഏതായാലും ജോലിയില്ല. ഇനി കിട്ടിയ ജോലി കളയണ്ട. മാത്രമല്ല, ഇവിടെ നിന്നാൽ കുറച്ച് പണമെങ്കിലുമുണ്ടാക്കാം. നാട്ടിൽ പോയി നാണം കെടാനാവില്ല. കുരങ്ങനെങ്കിൽ കുരങ്ങൻ! അയാൾ സമ്മതിച്ചു. ജോലിയിൽ കയറി. അയാളെ കുരങ്ങന്റെ വേഷമിടുവിച്ചു. അയാൾ കണ്ണാടിയിൽ ഒന്ന് നോക്കി, ശരിക്കും അമ്പരന്നു, എന്തു ഭംഗിയുള്ള കുരങ്ങൻ! താൻ കുരങ്ങനല്ല എന്നിനി വിശ്വസിപ്പിക്കാൻ പറ്റില്ല. അത്രയ്ക്ക് പെർഫക്ഷൻ.... ഒരു യഥാർത്ഥ കുരങ്ങൻ പോലും തെറ്റിദ്ധരിക്കും.

സർക്കസ് തുടങ്ങി..കുരങ്ങൻ ജനങ്ങളെ ചിരിപ്പിച്ച് കൈയിലെടുത്തു. കളി മുന്നേറുകയാണ്. കളിക്കിടയിൽ അയാൾ സ്റ്റെപ്പ് തെറ്റി സിംഹത്തിന്റെ മുകളിൽ ചെന്നുവീണു. അപകടം മനസ്സിലാക്കി അയാൾ പെട്ടെന്ന് ചാടി എഴുന്നേറ്റെങ്കിലും, സിംഹം സടകുടഞ്ഞു, പിന്നെ ഒന്ന് മുരണ്ടു. അത് അയാളെതന്നെ നോക്കി നിൽക്കുകയാണ്. എന്തുംസംഭവിക്കാം. കാഴ്ച്ചബംഗ്ലാവിൽ സിംഹം ഒരാളെ കൊന്നുതിന്നത് ഒരു മിന്നൽപിണർ പോലെ അയാൾ ഓർത്തു... അയാൾ പേടിച്ചു വിറച്ചു.

സിംഹം പതിയെ പതിയെ അയാളുടെ അടുത്തേക്ക് നീങ്ങുകയാണ്. കാണികളെല്ലാം കൈയടിക്കുന്നു. കാണികൾക്ക് അറിയില്ലല്ലോ അയാൾ യഥാർത്ഥ കുരങ്ങനല്ലെന്ന്. എന്നാൽ അയാൾ മാത്രം ശ്വാസമടക്കിപ്പിടിച്ചിരിക്കുകയാണ്.

തന്റെ കാര്യം ഏതാണ്ട് ഒരു തീരുമാനമായി എന്ന് അയാൾക്ക് മനസ്സിലായി. രക്ഷപെടാൻ ഒരു വഴിയുമില്ല. അവിടെ ജോലിക്ക് ചേർന്ന നിമിഷത്തെ അയാൾ ശപിച്ചു. ഒരു നിമിഷം അയാൾ കുടുംബത്തെ ഓർത്തു.....അയാൾക്ക് കരയാൻ തോന്നി, എന്നാൽ ശബ്ദം മാത്രം പുറത്തു വന്നില്ല. സിംഹം കൂടുതൽ അടുത്തുവന്നു. എന്നിട്ട് തല താഴ്ത്തി പറഞ്ഞു, പേടിക്കേണ്ട ഞാനും തന്നെപോലെ തന്നെ



# ആത്മാവിന്റെ പ്രൈസ് ടാഗ്

ഫാദർജി

നവാഭിഷിക്തനായ മെത്രാപ്പോലീത്താ തിരുമനസ്സിന്റെ മെത്രാഭിഷേക ചെലവു കണക്കുകൾ ഫെറോനപ്പള്ളി വികാരിയും നിലവിൽ വികാരി ജനറാളുമായ റവ. കളപ്പുറം ഭദ്രാസന കൗൺസിൽ മുമ്പാകെ സമർപ്പിച്ചതാവിതു:

നിയുക്ത പിതാവിനെ തിരഞ്ഞെടുത്തുകൊണ്ടുള്ള ലോക്കൽ ഘടകത്തിന്റെ തീരുമാനം പരമോന്നത പീഠത്തിൽ സമർപ്പിക്കുവാനും, 'ഉണ്ടോ, ഇല്ല്യോ'ന്നറിയാനുമായി ആറുതവണ പറന്നതിന്റെ പ്ലെയിൻ ഫെയർ യാത്രപ്പടി: ക. 5 ലക്ഷം.

അഭിഷേകാനുവാദം കിട്ടിയ മുറയ്ക്ക് അഭിഷേക മഹാമഹത്തിന്റെ കാര്യപരിപാടി ക്രമീകരണത്തിനായി കൂടിയ പതിനഞ്ച് സന്നിദ്രിം സംഘം, ഭദ്രാസനപള്ളി 'പ്രതി'കളായ പുരുഷൻമാരുടെ യോഗം, ക്ലെർജി കാര്യാലോചന മാരത്തോൺ സഹന സംഗമങ്ങൾ, വനിത, സീനിയർ സിറ്റിസൺ, യൂത്ത്, കരിസ്മാറ്റിക്, ഫെയിത്ത് പ്രൊട്ടക്ടേഴ്സ് തുടങ്ങിയ സംഘങ്ങളുടെയും സംഘടനകളുടേയും അനവരതം സമ്മേളനങ്ങളുടെ ചെലവ്: ക. 5 ലക്ഷം.



പബ്ലിസിറ്റി, തോരണം, വെടിക്കെട്ട്, വിളംബരയാത്ര, വഴിനീളെ സ്റ്റേറ്റാകെ പോസ്റ്റർ, മൈക്ക് അലർച്ച, ടിവിയിൽ സ്പെഷ്യൽ അഭിഷേക സ്പോൺസേഡ് പ്രോഗ്രാം, സകല പത്രങ്ങളിലും മെത്രാഭിഷേക സപ്ലിമെന്റ് പേജുകൾ എപ്പേർപ്പെട്ട ചെലവുകൾ: ക. 10 ലക്ഷം.

അഭിഷേക മഹോത്സവ പെരുന്നാൾ ദിവസം സ്റ്റേജ് സെറ്റിങ്, ലൈറ്റ്, സൗണ്ട്. വിഡിയോ, തത്സമയ പ്രക്ഷേപണം, ശിങ്കാരിമേളം, ആനച്ചന്തം, തെരുവലങ്കാരം, ഇത്യാദി: ക. 10 ലക്ഷം.

വിഐപി ട്രീറ്റ്മെന്റ് ആന്റ് സെക്യൂരിറ്റി: ക. 8 ലക്ഷം

വന്നുകൂടിയ ജനലക്ഷങ്ങൾക്ക് ബീഫ് ബിരിയാണി ആന്റ് സെലിബ്രിറ്റികൾക്ക് ഫൈവ്കോഴ്സ് മീൽസ്: ക. 15 ലക്ഷം.

വിളിച്ചുവന്ന വിശിഷ്ടാതിഥികൾക്ക് ടീഎ: ക. 2.5 ലക്ഷം.

ഇലക്ട്രിസിറ്റി, വാട്ടർ, ലോ ആന്റ് ഓർഡർ, പഞ്ചായത്ത്, മുൻസിപ്പാലിറ്റി, ഹെൽത്ത് അധികൃതർക്ക് കേർട്ട്സി ഗിഫ്റ്റ്: ക. 5 ലക്ഷം.

അത്യുന്നത കേന്ദ്രത്തിൽ നിന്ന് നിരീക്ഷക അനുഗ്രഹ ആശംസകൾക്കായെത്തിയ വന്ദ്യ പ്രതിനിധികൾക്ക് താമസം, യാത്രപ്പടി, കൈവണക്കം ഇനം ചെലവ്: ക. 10 ലക്ഷം.

ക്ലീനിങ്, പുനരധിവാസം, അല്ലറചില്ലറ: ക. 1 ലക്ഷം.

ആകെ മൊത്തം മെത്രാഭിഷേക ചെലവ്: ക. 73 ലക്ഷം.

മേൽപ്പടി സംഭവ വിഭവ സമാഹരണത്തിലൂടെ സമാഹരിച്ച തുകയുടെ കണക്കുകൾ എത്ര, എവിടെ എന്ന സിഎക്കാരൻ അനന്യാസിന്റ് സബ്മിഷനെ വികാരി ജനറാളായ റവ. കളപ്പുറം 'ഓവർറൂൾഡ് ആന്റ് റെഫ്യൂസ്ഡ് ടു സസ്റ്റെയ്ൻ'!

മെത്രാഭിഷേകം ചരിത്ര മുഹൂർത്തവും അനുപമ സംഭവവുമാകാൻ പരിശ്രമിച്ച എല്ലാ സഹകാരികളോടും നന്ദി പ്രകാശിപ്പിച്ചുകൊണ്ടു വികാരി ജനറാൾ സമർപ്പിച്ച കണക്കുകൾ സാക്ഷികളുടെ സമൂഹം കൈ അടിച്ചു പാസാക്കി, 'സ്വർഗസ്ഥനായ പിതാവു' ചൊല്ലി, സ്നേഹവിരുന്നും ഭക്ഷിച്ച്, സാക്ഷികൾ സമാധാനത്താലെ പിരിഞ്ഞു.

യേശു പിന്നെയും അവരോടു: നിങ്ങൾക്കു സമാധാനം: പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്ന് പറഞ്ഞു. ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെമേൽ ഊതി അവരോടു : പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ എന്നു പറഞ്ഞു (യോഹന്നാൻ 20 : 21 -22)

വിശ്വാസവും പരിശുദ്ധാത്മാവും നിറഞ്ഞ ഏഴുപേരെ തിരഞ്ഞെടുത്തു. അപ്പോസ്തലന്മാരുടെ മുമ്പാകെ നിറുത്തി: അവർ പ്രാർത്ഥിച്ചു അവരുടെമേൽ കൈവച്ചു.(അപ്പോ.പ്രവൃത്തികൾ 6: 5-6).

സൗജന്യമായി നിങ്ങൾക്കു ലഭിച്ചു സൗജന്യമായി കൊടുപ്പിൻ (മത്തായി 10:8).

# MODI MEETS ST. FRANCIS OF ASSISI

<u>**Valson Thampu**</u>

Readers, let's assume that the time gap of eight centuries has been digitally bridged. A meeting takes place between the Saint of Assisi (1181-1226) and our Prime Minister. Modi, a sturdy reader and a charismatic leader- is fascinated by the enigmatic person, who founded the world-wide Franciscan Order. He is keen to know the secret of the profound appeal that the Saint of Love had to people, animals and even trees. A conversation ensues-

Modi: Saint ji, I have come to get a tip or two from you. Would you have a little time to spare?

Francis: All I have is time. What can I do for you?

Modi: Brother Francis, I want to solve the Pak problem. I tried Obama. It didn't work. It got worse. I am told that you tried to sole the Moslem problem during the Crusades without arms and armies. First, of all, is it true? Or is it one of those fables that Christians use to decoy gullible people?

Francis: Brother Modi, it is true; but I cannot help you without your knowing it is to an eccentric fellow that you have come. My ways work only with people who think differently from the way of the world, and are willing to accept the risks involved. It is tough. Do you really want to get into all these?

Modi: Francis, you under-estimate me like the opposition parties back home. I am not unlike you. If I had got stuck with the ways of others I would not have reached where I have or done a thing like demonetization, which you may understand. Of course, I have treaded a way different from yours. But don't think that that is all there is about me. I must say I am a bit disappointed. I am told that you trust wolves and bears. But you seem to distrust me. That's not fair!

Francis: Brother Modi, it is not you I distrust. It's your conditioning within a system which holds you hostage. It makes a prisoner of all. I am an ass and I speak plainly. (In fact I call my body Brother Donkey. And I mean it.) You may think that you are the lord and master of the scheme of things over which you preside. No, not at all! You are as much its victim as anyone else is. Do you agree?

Modi: Saint sahib, don't put me straight, before I have time to take a breath, into your confessional seat! Please allow me to come point straight to the? Time's precious. I have to look after some sava sau karod bharat wasis.

Francis: Brother Modi, please proceed. But, just a moment. I have to cuddle my Brother Wolf who is new to this place and needs my attention.

St. Francis leaves. Modi looks around. Takes his smart phone. Makes a call to the Chief of Army Staff and checks on the latest developments along the LoC. On being told that the seventh successful and devastating surgical strike against the enemy has been achieved, he looks relieved but also perplexed as never before.

St. Francis returns with the Wolf, which sits beside him.

Modi: Great! I never knew you were such a genius of an animal trainer. Are you planning to start a circus or something?

Francis: No Brother Modi, I have no animal training skills. I only know how to love. So, I went and converted him. (Modi becomes a little uncomfortable with the idea of conversion.)

Francis senses this. He continues…

Francis: Well, I know this troubles you. Let me ask you a question, what is better: killing this wolf or converting him into a friend? Finishing off a superb and majestic animal, our neighbours in the awesomely beautiful and sublime world God created, and feeling relieved by seeing its dead body? Or, converting him into a brother and having him join me in prayer five times a day?

Modi: It really does? Wow! A wolf prays! Are you sure you are not being sarcastic?

Francis: Sarcastic? Love has nothing to do with sarcasm. In my world there is neither ridicule nor sarcasm. We don't hurt anyone with our tongue. We believe that speech is given to us express our adoration to God and love for every part of creation. If you read your own scriptures, you find it to be so.

Modi: Then tell me, how did this idea of converting wolves occur to you.

Francis: Now you are coming, as you said, straight to the point! You see, I participated in the Crusades. I did so only to establish peace. Christians and Moslem were like cats and dogs. (Sorry to put it that way; but when people behave worse than cats and dogs, what am I to do?). My stupid fellow Christians (by the way, I am fool numero uno, I am a fool for God) thought that peace could be established by killing Moslems. I wanted to try a different way: that of converting them. My point is simple, and it could be relevant to your Pak headache as well: It is better to create Christians, or to kill Moslems. What do you think?

Modi: I knew this was coming! You, Padre, have a knack for catching the jugular in a flash. It's ok. To tell you the truth, it is to get a few tips for solving the Indo-Pak headache that I have come to you. So far

we –both sides- have tried the way of arms. Our neighbours go poetic when it comes to doing the butcher's task. They talk of death by a thousand cuts and look ecstatic when they have our blood on their noses. How does one solve a problem like Pakistan?

Francis: That depends really on if both sides want to live together like fellow human beings and good neighbours. What is the problem between you? Their poetry of cruelty? No, it is the poverty in love on both sides. This is where my conversion-strategy works. I try to convert people not into Christianity but into the way of love. All I know is love. To me, God is love. I am free to love everyone: every human being, every bird, every animal, every plant, every blade of grass. And they love me back! I know you tried to win your Pak counterpart –Shariff, what a name!- through diplomacy. Didn't you know that it was sure to fail? How can there be a change in your relationship without a change in heart on both sides. See, I am willing to gift my Brother Wolf to you. Please try this. When you are sure that you are able to love my Brother Wolf sincerely, take a walk with him across the Line of Control. You will see that it is no longer LoC, but BoL, or Bride of Love. I will ask Brother Musharaff (a veritable wolf in his own ways and hence eminently suited for the task) to meet you at the Bridge. Together you walk to Brother Shariff. Then see what happens.

Modi: Saint ji, what you say sounds like the prattle of a mad man. Is there no facility in Assisi or anywhere in Italy to have your head examined? Do you think I can survive a single day as the PM of India if I follow your advice? Well, forget about being PM. If I walk across the LoC, and that too in the company of a wolf (actually two wolves) all the bloodthirsty terrorists – the brood of Masood Azhar and co.- will blow me up. You have tamed (or, as you say converted) this wolf, but try your hands with our Pak wolves. You won't survive a day.

Francis: May be. But it is better to die in love than live in hate.What a pity that human beings have become worse than wolves. Frankly, the problem is not just that there are people worse than wolves. The problem is that people create an ambience of power rather than love. You thought power and muscle-flexing would solve your problem; whereas it is your problem. Your aches and pains will continue so long as your refuse to trust the power of love and stay stuck with the love of power. Let me ask you, what is akin to peace? Love or power? Brotherhood or hatred? How can you practice hatred and expect from it the fruits of brotherhood? Peace, for example?

Modi: Francis ji, agreed. But how will I survive in my own country?

Francis: Yes, that's it. Now you hit the bull's eye (Good God, the idioms people craft!). Here is my advice. Take a message from me to your people. Your *Mann ki baath* is the right forum. In the next session do say this to them from me. It is better to make Hindus than to eradicate Moslems. But to do that we need to become authentic Hindus. (My greatest challenge was to make genuine Christians, you know? When I got started, they were worse than wolves.) Rest assured, once you have good Hindus who radiate the glory of your wonderful spiritual tradition –a tradition, imagine, of compassion, of unconditional hospitality, of shanti, of ahimsa, of seeing the whole world as one family!- all of Pakistan will be converted. You can be good neighbours only if you are good human beings. Don't you think that is the purpose of religion: to help us become good neighbours to each other, and not terrorists who flaunt human skulls like trophies? Your Indo-Pak problem is actually a family feud. Why don't you use the services (I am saying this in a lighter vein) of Brother Mulayam Singh Yadav. He is an expert in settling family feuds, though he does not seem to know how to keep his family in peace. So, let him be. But will **you** try?

Modi: Well, I have to give this a serious thought. I'll go back and consult Amit Shah ji. We are a team, you know. I never thought, before coming to you, that it will turn out to be a choice between Pakistan and the president of my own party. But if, as you say, love has the power to tame wild beasts, it looks worth a try. I assure you Saint ji, I'd give this a shot.

Modi prepares to leave. St. Francis hugs Brother Wolf, which looks plaintively at him, as if pleading that he should not be required to leave. The Saint looks him deep in his eyes. The wolf understands. He puts up a brave front and crosses over to Modi. He does all he can to look an iron man. Pats the animal affectionately on its head. The Saint weeps. No one knows, if for joy or for sorrow.


## Matrimonial

Marthomite Syrian Christian Doctor , MBBS, aged 25 height 158cm looking for a groom from the same profession mobile 9447712047

Marthomite (Rtd. Bank employee)from central Travancore, invite alliance for their daughter aged 25/165cm , M.Com,. Now doing CA internship. Contact No. 0479 2412454, mobile 9446243064

Inviting proposals for M.Com, CMA, C.S.I Syrian Christian groom 31/162 finance professional working in AbuDhabi, now on leave. m4 marry No- 4133266 georgevarughese1953@gmail.com, 9446118437/0479-2453691

# ശരിയായ ആസൂത്രണം ജീവിതവിജയത്തിന്

റവ. ഏബ്രഹാം പി. വർക്കി



**2016** നവംബർ 8ന് 500, 1000 രൂപ നോട്ടുകൾ കേന്ദ്ര സർക്കാർ അസാധുവാക്കിയത് സ്വതന്ത്ര ഇന്ത്യയിൽ കള്ള പ്പണത്തിനെതിരെ സ്വീകരിച്ച ഏറ്റവും ധീരമായ നടപടി യാണ്. എന്നാൽ വേണ്ടത്ര ആസൂത്രണമോ ആലോചനയോ ഇല്ലാതെ ഈ സാമ്പത്തിക പരിഷ്കാരം നടപ്പാക്കിയതുമൂലം രാജ്യത്തെ കോടിക്കണക്കിന് സാധാരണക്കാർക്ക് ഒട്ടേറെ ദുരിതങ്ങളും ആശയക്കുഴപ്പങ്ങളും സൃഷ്ടിച്ചു. നമ്മുടെ സമ്പദ് വ്യവസ്ഥയെ സംരക്ഷിക്കാനുള്ള ഈ നടപടി സദു ദ്ദേശപരമെങ്കിലും ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ സൃഷ്ടിക്കുന്ന ആഘാതവും ബുദ്ധിമുട്ടുകളും കേന്ദ്ര സർക്കാർ വേണ്ടവിധത്തിൽ വിലയിരുത്തിയോ എന്ന് സംശ യമാണ്. കറൺസി പരിഷ്കാരം നടപ്പാക്കാൻ 2016 ഡിസം ബർ 30 വരെയുള്ള 50 ദിവസത്തെ കാലാവധിയാണ് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടത്. എന്നാൽ നോട്ടുക്ഷാമം തീർക്കാനും എറ്റിഎം പ്രതിസന്ധി പരിഹരിക്കാനും ഇനിയും കഴിഞ്ഞിട്ടില്ല. അസാധുവാക്കിയ നോട്ടുകൾക്ക് പകരം പുതിയ നോട്ടുകൾ അച്ചടിച്ച് പ്രചാരത്തിലെത്തിക്കാൻ 2017 ഓഗസ്റ്റ് വരെ എങ്കിലും സമയമെടുക്കും. ഇവയെല്ലാം കേന്ദ്രസർക്കാർ നടപ്പാക്കിയ സാമ്പത്തിക പരിഷ്കരണത്തിൽ ആസൂത്രണ പ്പിഴവും മുന്നൊരുക്കങ്ങളിൽ പാളിച്ചകളും സംഭവിച്ചിട്ടുണ്ട് എന്ന് സമർത്ഥിക്കാൻ തക്ക കാരണങ്ങളാണ്. വേണ്ടത്ര ആലോചനയും ശരിയായ ആസൂത്രണവും ഏത് കാര്യത്തി ലായാലും അടിയന്തിര സാഹചര്യങ്ങളെ ഫലപ്രദമായി നേരി ടുന്നതിനും, അതിസങ്കീർണ്ണമായ ഒരു നടപടിയിൽ അഭിമു ഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളെ മുൻകൂട്ടി കാണാനും സഹായിക്കും. ഏത് കൃത്യമായാലും ഉദ്ദിഷ്ടലക്ഷ്യം നേടണ മെങ്കിൽ ജാഗ്രതയോടുകൂടിയ ആസൂത്രണം അനിവാര്യമാണ്.

**ശരിയായ ആസൂത്രണം + കഠിനപ്രയത്നം = ജീവിത വിജയം**

ഏത് രംഗത്ത് പ്രവർത്തിച്ചാലും ഒരു വ്യക്തിക്ക് വിജ യം കൈവരിക്കുന്നതിന് കാലേകൂട്ടിയുള്ള ആസൂത്രണവും കഠിനാധ്വാനവും അത്യന്താപേക്ഷിതമാണ്. ഒരു വ്യക്തിയു ടെ വിജയത്തിന് തടസമായി നിൽക്കാവുന്ന പല ഘടകങ്ങ ളുണ്ട്. പരാജയഭീതി, ആത്മവിശ്വാസമില്ലായ്മ, വ്യക്തമായ ലക്ഷ്യബോധത്തിന്റെ അഭാവം, നിശ്ചയദാർഢ്യമില്ലായ്മ എ ന്നിവ അവയിൽ ചിലത് മാത്രം. എന്നാൽ ഒരാളുടെ വിജയ പ്രാപ്തിക്ക് ഏറ്റവും തടസമായി നിൽക്കാവുന്ന സുപ്രധാ ന ഘടകമാണ് ശരിയായ മുൻഗണനാക്രമവും ആസൂത്രണ വുമില്ലാതെയുമുള്ള സമീപനവും. അത് ഏത് നടപടിയെ യും നിരാശാജനകമായ പരാജയത്തിൽ കലാശിക്കുവാൻ ഇടയാക്കും.

ഫുട്ബോൾ, ക്രിക്കറ്റ് മുത ലായ ടീം ഗെയിമുകളുടെ കാര്യം ശ്രദ്ധിക്കുക. വലിയ മത്സരങ്ങ ളിൽ വിജയിക്കുവാൻ കാലേകൂ ട്ടിയുള്ളതും സശ്രദ്ധം നിർവ്വഹി ച്ചതുമായ 'ഗെയിം പ്ലാൻ' അനി വാര്യമാണ്. സ്വന്തം ടീമിന്റെ കളി യിലെ ശൈലി മാത്രമല്ല, എതിർ ടീമിലെ ഓരോ അംഗത്തിന്റെയും ശക്തി, ദൗർബല്യം, കളി യിലെ ശൈലി എന്നിവ മുൻകൂട്ടി വിലയിരുത്തി അവയെ സ്വന്തം ടീമിന് പ്രയോജനകരമാക്കാനുള്ള തന്ത്രങ്ങളും അട വുകളും മെനയണം. അക്ഷീണ പ്രയത്നത്തോടൊപ്പം ജാഗ്ര തയോടുകൂടിയ ആസൂത്രണമാണ് ഒരു കളിയിലെ ജയപരാ ജയങ്ങളെ സ്വാധീനിക്കുന്നതെന്ന് മനസ്സിലാക്കുക.

എന്താണ് കൊളംബസിന്റെ വിജയത്തിന്റെ പിന്നിലെ രഹസ്യം? 'എന്താണ് നേടാൻ ആഗ്രഹിക്കുന്നത് എന്ന് വ്യക്തമായി അറിയുക; എങ്ങനെ നേടാൻ കഴിയുമെന്ന് ആസൂത്രണം ചെയ്യുക; വിജയം വരെ പ്രയത്നിക്കുക.' വളരെ ശ്രദ്ധയോടും ജാഗ്രതയോടും കൂടിയാണ് പുതിയൊരു ഭൂഖണ്ഡം കണ്ടുപിടിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട്, പത്തൊമ്പത് നാവികരെയും കൂട്ടി ഒരു ചെറുപായ്ക്കപ്പലിൽ, പസഫിക് സമുദ്രത്തിലൂടെയുള്ള തന്റെ യാത്ര അദ്ദേഹം ആസൂത്രണം ചെയ്തത്. ഇത് ഉദ്യമത്തിന്റെ അവസാനം വരെ ധൈര്യവും ആത്മവിശ്വാസവും നിലനിർത്താൻ സഹായകര മായി. തിടുക്കത്തിലും വേണ്ടത്ര ആലോചന ഇല്ലാതെയു മാണ് കൊളംബസ് തന്റെ ഐതിഹാസിക യാത്ര ആസൂ ത്രണം ചെയ്തിരുന്നതെങ്കിൽ, കപ്പലിലുണ്ടായിരുന്ന ആഹാ രവും ശുദ്ധ ജലവും കുറയാൻ തുടങ്ങിയപ്പോൾ, തന്റെ ക്യാപ്റ്റന്മാർ പിൻതിരിയാൻ പ്രേരിപ്പിച്ചപ്പോൾ, അവരുടെ അഭിപ്രായം മാനിച്ച് കൊളംബസ് തിരികെ പോകുമായിരു ന്നു. എന്നാൽ എല്ലാ ആസൂത്രണങ്ങൾക്കും ചുക്കാൻ പിടിച്ച കൊളംബസ് തന്റെ ലക്ഷ്യത്തിൽ നിന്നും പിൻമാറുവാൻ തയ്യാറായില്ല. അതുകൊണ്ട് കൊളംബസിന്റെ ജീവിതം നമ്മെ ഓർമിപ്പിക്കുന്നു: 'കാലേകൂട്ടിയുള്ള ശരിയായ ആസൂത്ര ണവും അക്ഷീണമായ പ്രയത്നവുമുണ്ടെങ്കിൽ വിജയം നമു ക്കൊപ്പമാണ്. എന്നാൽ ശരിയായ ആസൂത്രണത്തിന്റെ അഭാ വത്തിൽ ഏതു കഠിന പ്രയത്നവും നിരാശാജനകമായ പരാ ജയത്തിലെ കലാശിക്കൂ.'

**ജീവിത ലക്ഷ്യവും ആസൂത്രണവും**

ലക്ഷ്യത്തെപ്പറ്റി വ്യക്തമായ ബോധമുണ്ടെങ്കിൽ ശരി യായ ആസൂത്രണം എളുപ്പമാകും. നന്നായി ആസൂത്രണം

ചെയ്യുന്നതിന് വ്യക്തമായ ഒരു ലക്ഷ്യവും ആ ലക്ഷ്യത്തിലേക്കുള്ള സുവ്യക്തമായ ചുവടുവെയ്പ്പുകളും ഉണ്ടാകണം. നമുക്ക് ജീവിതത്തിൽ ഒരു ലക്ഷ്യവും അതു നേടാനുള്ള ജാഗ്രതയോടുകൂടിയ ആസൂത്രണവും പദ്ധതിയും ഉണ്ടെങ്കിൽ ജീവിതം സാഹസികതകൾ നിറഞ്ഞതും വിജയം കൈവരിക്കുന്നതുമാകും. ലക്ഷ്യബോധത്തോടെ നാം പരിശ്രമിക്കുമ്പോൾ മുൻകൂട്ടിയുള്ള ആസൂത്രണം നമ്മുടെ യാത്രയെ കൂടുതൽ സുഗമമാക്കും. ക്ലേശരഹിതമാക്കും. ലക്ഷ്യസ്ഥാനത്തെത്തുമ്പോൾ എന്തെന്നില്ലാത്ത സന്തോഷം തോന്നുകയും ചെയ്യും. എന്താണ് നാം ആസൂത്രണം ചെയ്യേണ്ടത്? ഉദ്ദിഷ്ട ലക്ഷ്യത്തിലെത്താനുള്ള പ്രവർത്തന പദ്ധതികളാണ് ആസൂത്രണം ചെയ്യേണ്ടത്. ഏതൊക്കെ മാർഗങ്ങൾ എങ്ങനെ ഉപയോഗിച്ചാൽ ലക്ഷ്യത്തിലെത്തും എന്ന് തുടക്കത്തിൽ തന്നെ തിരിച്ചറിയണം.

പ്രതിഭയുള്ളവന് എന്തു ചെയ്യണമെന്നറിയാം. ആസൂത്രണമുള്ളവന് അത് എങ്ങനെയെന്നും - ഡ്രൈഡൺ

**വിദ്യാർത്ഥികളും ആസൂത്രണവും**

എങ്ങോട്ടുപോകുന്ന ട്രെയിൻ എന്ന് ശ്രദ്ധിക്കാതെ അതിൽ കയറി ഇരുന്ന് യാത്രചെയ്യുന്നവരെപ്പോലെയാണ് ശരിയായ ആസൂത്രണം ഇല്ലാതെ അലക്ഷ്യമായി എന്തെങ്കിലും കോഴ്സുകൾ തിരഞ്ഞെടുക്കുന്ന ഒരു വിദ്യാർത്ഥി. 100മീറ്റർ ഓട്ടത്തിൽ പങ്കെടുക്കുന്ന ഒരു കായികതാരം മത്സരത്തിന് തയ്യാറെടുക്കുമ്പോൾ മുതൽ അതിലെ ഓരോ ഘട്ടവും നന്നായി ആസൂത്രണം ചെയ്യും. പഠനത്തിലും തത്തുല്യമായ ആസൂത്രണം അനിവാര്യമാണ്. ഓരോ കുട്ടിയുടെയും അഭിരുചി, പഠനശേഷി, ബുദ്ധി, താല്പര്യം ഇവ ഏത് മേഖലയിലാണെന്ന് മനസ്സിലാക്കി വേണം കരിയർ ആസൂത്രണം ചെയ്യാൻ.

ഇത്തരം ആസൂത്രണം കുട്ടികൾ സ്വയം ചെയ്യാനുള്ള അറിവോ പക്വതയോ ലക്ഷ്യബോധമോ ചെറുപ്രായത്തിൽ അവരിൽ സാധാരണയായി കാണാറില്ല. അതുകൊണ്ട് കുട്ടികൾക്ക് ഉചിതമായ മാർഗനിർദ്ദേശം നൽകാൻ മാതാപിതാക്കൾ തയ്യാറാകണം. എന്നാൽ ഇത് മാതാപിതാക്കളുടെ ഇഷ്ടവും താല്പര്യവും കുട്ടികളുടെ മേൽ അടിച്ചേൽപ്പിക്കാനുള്ള അവസരമായി മാറുകയുമരുത്. മാതാപിതാക്കളുടെ അഭിരുചികൾക്കല്ല കുട്ടികളുടെ അഭിരുചിക്കാണ് കരിയർ ആസൂത്രണം ചെയ്യുമ്പോൾ പ്രാമുഖ്യം നൽകേണ്ടത്. 'എനിക്കോ പറ്റിയില്ല. എന്നാൽ എന്റെ മക്കൾക്കെങ്കിലും സാധിക്കട്ടെ' എന്ന മനോഭാവം അപകടകരമാണ്. അതുകൊണ്ട് ഒരു കുട്ടിയുടെ കരിയർ തിരഞ്ഞെടുക്കുമ്പോൾ അവരുടെ ബുദ്ധി, ശക്തി, താല്പര്യം, അഭിരുചി എന്നിവ പരിഗണിച്ചായിരിക്കണം. അത് അവരെ മികവുറ്റവരായിമാറ്റും.

**ശരിയായ ആസൂത്രണം -വേദപുസ്തക ദൃഷ്ടാന്തങ്ങൾ**

ശരിയായ ആസൂത്രണത്തിന് പല ദൃഷ്ടാന്തങ്ങൾ തിരുവചനത്തിൽ പ്രതിപാദിക്കുന്നുണ്ട്. വിസ്താരഭയത്താൽ മൂന്നെണ്ണം മാത്രം രേഖപ്പെടുത്തുന്നു.

യിസ്രയേലിന്റെ രാജാവും മഹാജ്ഞാനിയുമായിരുന്ന ശലോമോൻ ആഹ്വാനം ചെയ്യുന്നു: 'മടിയാ ഉറുമ്പിന്റെ അടുക്കൽ ചെല്ലുക; ............... കൊയ്ത്ത് കാലത്ത് തന്റെ തീൻ ശേഖരിക്കുന്നു' (സദൃശ്യവാക്യങ്ങൾ. 6:6-8). വീണ്ടും ശലോമോൻ പറയുന്നു: ഉറുമ്പ് ബലഹീനജാതി എങ്കിലും വേനൽക്കാലത്ത് ആഹാരം സമ്പാദിച്ച് വെയ്ക്കുന്നു (സദൃശ്യവാക്യങ്ങൾ. 30:25). വേനൽക്കാലത്താണ് ധാന്യകൊയ്ത്ത്. അന്ന് ഏത് പാടത്തുനിന്നും ധാന്യം ശേഖരിക്കാം. എന്നാൽ സഞ്ചാര സൗകര്യമില്ലാത്ത മഞ്ഞുകാലത്ത് പാടശേഖരങ്ങളിൽ നിന്നും ഒന്നും ലഭിക്കയില്ല. ഇക്കാര്യം അറിയാവുന്നതുകൊണ്ട് ഉറുമ്പുകൾ കൊയ്ത്തുകാലത്തു തന്നെ ശീതകാലത്തേക്കുള്ള ഭക്ഷണം സംഭരിച്ചുവെയ്ക്കുന്നു. ഇവിടെ ശലോമോൻ വെളിപ്പെടുത്തുന്ന അമൂല്യമായ പാഠം എന്താണ്? യാഥാർത്ഥ്യ ബോധത്തോടെ ഭാവിയെപ്പറ്റി ചിന്തിക്കുകയും ശീതകാലത്തേക്ക് സമയബന്ധിതമായ കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് മുൻകരുതൽ എടുക്കേണ്ടതിന്റെയും ആവശ്യകത ശലോമോൻ നമ്മെ ഓർമ്മിപ്പിക്കുന്നു.

എല്ലാ മാനേജ്മെന്റ്, നേതൃത്വ വിജയത്തിന്റെയും അടിസ്ഥാനം ശരിയായ ആസൂത്രണമാണ് എന്നതിന്റെ മകുടോദാഹരണമാണ് നെഹമ്യാവിന്റെ ദൗത്യം. ശക്തമായ എതിർപ്പുകളുടെ മുമ്പിൽ പിന്മാറാതെ ജനത്തെ സംഘടിപ്പിച്ച് യെരുശലേമിന്റെ ഉദ്ധാരണം എന്ന ദൗത്യം നെഹമ്യാവ് വിജയകരമായി പൂർത്തിയാക്കിയത് പ്രാർത്ഥനയിലൂടെയും വ്യക്തമായ പ്ളാനിങിലൂടെയുമാണ് (നെഹമ്യാവ്. 2:4-6). പര്യാപ്തമായ ആസൂത്രണത്തിലൂടെയും കൂട്ടായ പ്രവർത്തനത്തിലൂടെയും ലക്ഷ്യങ്ങൾ നേടിയെടുക്കാൻ കഴിയുമെന്ന ആത്മവിശ്വാസം സഹപ്രവർത്തകരിൽ ഉളവാക്കാൻ കഴിഞ്ഞ നെഹമ്യാവ് യഥാർത്ഥ നേതൃത്വത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്.

വ്യക്തമായ ആസൂത്രണത്തിലൂടെ സമയം തക്കത്തിൽ വിനിയോഗിച്ചതിന് ഉത്തമ ദൃഷ്ടാന്തമാണ് യേശുക്രിസ്തു. ദൈവരാജ്യ സംസ്ഥാപനത്തിനായുള്ള ആഗോള ദൗത്യത്തിനും സുവിശേഷ പ്രഘോഷണത്തിനും ശിഷ്യന്മാരെ പരിശീലിപ്പിക്കുന്നതിനും മൂന്നു വർഷം മാത്രമേ ഉള്ളൂ എന്ന് യേശു മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് യേശു പറഞ്ഞു: 'എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളിടത്തോളം ഞാൻ ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർത്തിച്ചുകൂടാത്ത രാത്രി വരുന്നു' (യോഹന്നാൻ.9:4).

**വർത്തമാനകാല ആസൂത്രണം**

ഇന്നലെ ഒരു സ്വപ്നം മാത്രമാണ്. നാളെ ഒരു സങ്കൽപ്പമാണ്. പക്ഷേ, ഇന്ന് നന്നായി ജീവിച്ചാൽ അത് ഇന്നലയെ സന്തോഷദായകമായ ഒരു സ്വപ്നവും നാളെയെ പ്രതീക്ഷയുടെ കാഴ്ചയുമായി മാറ്റും. അതുകൊണ്ട് ഇന്നത്തെ ദിവസത്തെ നന്നായി കൈകാര്യം ചെയ്യുക - എ.പി. പെരേര.

ഒരു വീടോ പാലമോ വേണ്ടത്ര ആസൂത്രണം ഇല്ലാതെ നിർമ്മിക്കുന്നതിനെപ്പറ്റി സങ്കൽപ്പിക്കാൻ കഴിയുമോ? തീർച്ചയായും അസാദ്ധ്യമാണ്. എന്നാൽ ജീവിതം ഇതിലും എത്രയോ സങ്കീർണ്ണമാണ്. നമ്മളിൽ ഭൂരിപക്ഷത്തിനും ഓരോ ദിവസത്തെ പ്രവർത്തനത്തെക്കുറിച്ച് രൂപരേഖയോ സമയം എങ്ങനെ വിനിയോഗിക്കണം എന്നതിനെക്കുറിച്ച് ടൈംടേബിളോ ഇല്ല എന്നതാണ് യാഥാർത്ഥ്യം. ഓരോ ദിവസത്തെയും പ്രവർത്തനങ്ങളുടെ ശരിയായ ഒരു രൂപരേഖ ഉണ്ടാക്കിയാൽ സമയം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും തന്മൂലം കാര്യക്ഷമത വർദ്ധിക്കുന്നതിനും സഹായിക്കുന്നു. അതുകൊണ്ട് ഓരോ ദിവസത്തെ ജോലിയെ സംബന്ധിച്ച് ഒരു ഗൃഹനിർമ്മാതാവിന് വ്യക്തമായ തയ്യാറെടുപ്പ് ഉള്ളതുപോലെ ഓരോ ദിവസത്തെ ജീവിതത്തെക്കുറിച്ച് നമുക്ക് വ്യക്തമായ പ്ലാനിങ് ഉണ്ടാകണം. അപ്പോൾ അടുക്കിലും ചിട്ടയിലും നമ്മുടെ ജോലികൾ ചെയ്യാൻ കഴിയും. മാത്രമല്ല,

ഏറ്റവും പ്രധാനപ്പെട്ട ജോലിക്ക് മുൻഗണന കൊടുത്ത് ആ ജോലി നാം ഏറ്റവും ഊർജ്ജ്വസ്വലമായിരിക്കുന്ന സമയത്ത് ചെയ്ത് തീർക്കാനും സാധിക്കും.

അതുകൊണ്ട് ഒരു സമയം ഒരു ദിവസത്തിൽ മാത്രം ജീവിക്കുക. അത് നന്നായി ആസൂത്രണം ചെയ്യുകയും നന്നായി ജീവിക്കുകയും ചെയ്യുക. വർത്തമാനകാലത്തിലേക്ക് മാത്രമായി ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിഞ്ഞാൽ നാം കൂടുതൽ ഉന്മേഷഭരിതരാകും. മാത്രമല്ല, മികച്ച പ്രകടനം കർമ്മപഥത്തിൽ കാഴ്ചവെയ്ക്കാനും ജീവിതത്തിൽ പുതിയ ഉയരങ്ങൾ കീഴടക്കാനും നമ്മെ സഹായിക്കും.

ഇന്നലെയുടെ ആധിപത്യമോ, നാളെയുടെ അതിപ്രസരമോ ഇന്നിന്റെ പ്രസക്തിയെ നഷ്ടപ്പെടുത്തരുത്. എന്നാൽ ഭൂതകാലത്തിന്റെ അനുഭവസമ്പത്തും ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങളും വർത്തമാനകാലത്തെ പ്രചോദിപ്പിക്കേണ്ടതുണ്ട്. ഇന്നിന്റെ ചലനാത്മകതയാണ് പ്രകാശ പൂർണ്ണമായ നാളെയെ സൃഷ്ടിക്കുന്നത് - സ്വാമി ശാശ്വതികാനന്ദ.

8156889844

# Letter to the Editor



I have gone through the article “a Letter to fellow Indians” by Dr.Valson Thampu and I find myself in agreement with most of its content.. However,I am clueless at the end, as to what the author expects his fellow Indians to do. Should they join the likes of Mamata Bannerjee, Arvind Kejriwal and Rahul Gandhi and shout their protests against Demonitisation or piously wish and wait for the dawn of ‘an honest society and a healthy nation’? I also wonder why Dr.Thampu chose to publish his letter addressed to Fellow Indians numbering at least 1.3 billion in New Vision Magazine whose readership can not reach even a micro fraction of those addressed, instead of publishing it in the National dailies like The Hindu or The Times of India..

**K.P.Luke Vydhian, Bangaluru**

I have been receiving the New Vision Magazine regularly and enjoying the articles.

**Eappen Thomas, USA**

2016 ജൂലൈ മാസത്തിൽ ന്യൂവിഷൻ മാസികയിൽ ജോൺ മാത്യു അച്ചനെപ്പറ്റി വായിച്ച ലേഖനമാണ് ഈ പ്രതികരണം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചത്. ഞാൻ ഇപ്പോൾ യാക്കോബായ കുടുംബക്കാരനാണെങ്കിലും എന്റെ പിതൃകുടുംബക്കാരിൽ ഭൂരിപക്ഷവും മാർത്തോമ്മാ സഭാഗംങ്ങളാണ്.

എന്റെ മാതാവ് അടിയുറച്ച യാക്കോബായക്കാരിയായിരുന്നതിനാൽ എനിക്കും ആ സഭയിൽതന്നെ നില്ക്കേണ്ടിവന്നു. എന്നാൽ പ്രായ പൂർത്തിയായതോടെ ജോലി തേടി ഞാൻ മിലിട്ടറി സേവനത്തിലായിരുന്നു. ഇൻഡ്യയുടെ പലഭാഗങ്ങളിൽ പോകേണ്ടി വന്നിട്ടുണ്ട്. അതുകൊണ്ട് പല സഭാവിഭാഗങ്ങളുടെയും ആരാധനയിൽ പങ്കുചേർന്നിട്ടുണ്ട്. ഒട്ടുമിക്ക വൈദികരുടെയും ഇടപെടലുകൾ മനസിലാക്കിയിട്ടുമുണ്ട്.

പ്രത്യേകിച്ച് മാർത്തോമ്മ, യാക്കോബായ, ഓർത്തഡോക്സ്, സി.എസ്.ഐ സഭകളിലെ വൈദികരുമായി ഇടപെടേണ്ടി വന്നിട്ടുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം ഭവന സന്ദർശനം നടത്തി സഭാംഗങ്ങളോട് അടുത്തിടപെടുകയും അവരുടെ സാഹചര്യങ്ങൾ ചോദിച്ചു മനസിലാക്കുകയും ചെയ്യുന്നത് മാർത്തോമ്മ, സി.എസ്.ഐ സഭകളിലെ വൈദികരാണ്. മറ്റുള്ളവർ പണക്കാരെ മാത്രം തേടുന്നവരും അങ്ങനെ നേട്ടങ്ങൾ ആഗ്രഹിക്കുന്നവരുമാണ്.

എന്റെ ഒരനുഭവം പറയട്ടെ. 1988ൽ ഞാൻ ഒരു വാഹനാപകടത്തിൽപ്പെട്ടു ആറു മാസം വലതുകാലിന് പ്ലാസ്റ്റർ കാസ്റ്റിംഗിൽ കിടക്കേണ്ടിവന്നു. അങ്ങനെ കിടക്കുമ്പോൾ ഒരു നാൾ വൈകുന്നേരം എന്റെ ഇടവകയിലെ ഒരു ശെമ്മാശൻ വീട്ടിൽ വന്നു. അദ്ദേഹം ഇടവക മെത്രാപ്പോലീത്തായുടെ സെക്രട്ടറിയും കൂടിയായിരുന്നു. എന്നെ കണ്ട് എന്തുപറ്റിയെന്നൊക്കെ ചോദിച്ചിട്ട് ഒരു കവർ എന്റെ കൈയിൽ തന്നു. അത് ഇടവകമെത്രാപ്പോലിത്തായുടെ പള്ളി പണിയ്ക്കുവേണ്ടിയുള്ള പിരിവ് കവറായിരുന്നു. അതുവാങ്ങിയിട്ടു ഞാൻ പറഞ്ഞു ഇപ്പോഴത്തെ സ്ഥിതിയിൽ പണം എന്റെ കൈവശം ഇല്ല. പിന്നീട് അങ്ങോട്ട് എത്തിക്കാം എന്നു പറഞ്ഞു.

എന്നാൽ ആ ശെമ്മാശൻ എനിക്കുവേണ്ടിയോ കുടുംബത്തിനുവേണ്ടിയോ ഒരു നിമിഷം ഒന്നു പ്രാർത്ഥിക്കപോലും ചെയ്യാതെ തിരിച്ചുപോയി.

അതേ സമയം മാർത്തോമ്മാ സഭയിലെ പല അച്ചന്മാരും പലതവണ വീട്ടിൽ വരികയും എനിക്കു ആശ്വാസം പകർന്ന് പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു.

മറ്റൊരനുഭവം കൂടി ഞാൻ പറയട്ടെ. ഒരിക്കൽ എന്റെ ഇടവകയിലെ തന്നെ ഒരു സ്ത്രീ (എന്റെ മാതൃകുടുംബത്തിലെ ഒരു സഹോദരി) യെ കാണാനിടയായി. വളരെ പരിതാപകരമായ ഒരു കാര്യം എന്നോടു പറഞ്ഞു. അവരുടെ തലയിൽ തേങ്ങാ വീണ് കിടപ്പിലായി. വളരെനാൾ ചികിത്സയിലായിരുന്നു. അയൽവാസികളായി മൂന്ന് ഇടവക വൈദികർ അവരുടെ സ്ഥലത്തുണ്ടായിട്ടുപോലും ആരും അവരെ അന്വേഷിക്കുകയോ പ്രാർത്ഥിക്കയോ ചെയ്തില്ല എന്ന സങ്കടമാണ് അവർ പറഞ്ഞത്. എന്നാൽ പെന്തെക്കോസ്തു സഭാഗംങ്ങൾ പ്രാർത്ഥിക്കുക പതിവായി. അങ്ങനെ ശരീര സൗഖ്യം കിട്ടിയപ്പോൾ അവർ സ്വന്തം സഭവിട്ട് പുതിയ സഭയിലേയ്ക്ക് പോയി.

സഭാ വിശ്വാസികളെ സഭയിൽ നിന്ന് അകറ്റാൻ പ്രധാന കാരണം ഇതുതന്നെയല്ലേ? മറ്റൊന്നുകൂടി പറയട്ടെ ഒരു മരണാനന്തര ശുശ്രൂഷ (40-ാം നാൾ) യ്ക്ക് ശവക്കോട്ടയിൽവച്ചും ഒരു വിവാഹമോ, മാമോദീസയോ, ദേവാലയത്തിൽവച്ചു നടക്കുന്നതിനുശേഷവും വൈദികർ കവറുകൾ വാങ്ങുക പതിവാണ്.

മറ്റു പലതും പറയാനുണ്ടെങ്കിലും തല്ക്കാലം വേണ്ടെന്നു വെയ്ക്കുകയാണ്. കൂടുതൽ പറഞ്ഞാൽ ഞാൻ സഭയിൽ ഒറ്റപ്പെടും. പണക്കാരെ നോക്കി പോകുന്ന പല വൈദികരെയും സഹോദരിസഭകളിലും കാണാറുണ്ട്.

എന്റെ പ്രാർത്ഥന അശരണർക്ക് ദൈവം തുണയ്ക്കട്ടെ എന്നു തന്നെ. എന്റെ അനുഭവം അങ്ങനെതന്നെയാണ്.

എന്ന് വിധേയൻ
ഒരു വായനക്കാരൻ



മരുഭൂമിയിലെ നീരുറവ

# സൃഷ്ടാവും സൃഷ്ടിയും

റവ. എ. സി. തോമസ് തിരുവല്ല



**ഭൂമി പ്രസവിച്ചതാണ് മനുഷ്യനെ. ഭൂമിയുടെ മുകൾപരപ്പിലുള്ള ജൈവപുതയാണ് ക്ലേദം. ക്ലേദമാണ് (എക്കൽ മണ്ണ്) ഭൂമിയെന്ന മാതാവിന്റെ ഗർഭപാത്രം. സസ്യലോകത്തിന്റേയും ജീവലോകത്തിന്റേയും ശരീരം നല്കിയ ഭൂമി മാതാവും.**

### വ്യാഖ്യാനപ്രതിസന്ധി

പരിസ്ഥിതി പ്രശ്നങ്ങളുടെ ഉത്ഭവം വിശുദ്ധ ബൈബിളും ഏകദൈവവിശ്വാസവുമാണെന്ന് ആരോപിക്കുന്ന ചിന്തകർ ഉണ്ട്. ലിൻ വൈറ്റിന്റെ അഭിപ്രായത്തിൽ ഭൂമിയിൽ വാഴുവാൻ മനുഷ്യന് ലഭിച്ച അധികാരത്തെ സംബന്ധിച്ച (ഉല്പത്തി 1:26) പാശ്ചാത്യക്രിസ്തീയസഭയുടെ വ്യാഖ്യാനമാണ് ഇന്നത്തെ എല്ലാ പരിസ്ഥിതി പ്രശ്നങ്ങളുടേയും മൂലകാരണം. കരോളിൻ മെർച്ചന്റിന്റെ അഭിപ്രായത്തിൽ ഏകദൈവവിശ്വാസം ഭൂമിയേയും അതിലെ ജീവികളേയും സസ്യങ്ങളേയും വെറും ഉപഭോഗവസ്തുക്കളായി കാണുവാൻ ഇടയാക്കി. അത് പരിസ്ഥിതിദുരന്തങ്ങളിലേക്ക് നയിച്ചു. ഈ പശ്ചാത്തലത്തിൽ സൃഷ്ടിയും സൃഷ്ടാവും തമ്മിലുള്ള ബന്ധത്തിന്റെ ഒരു ഹരിത വായന അനിവാര്യമായിതീരുന്നു.

### സൃഷ്ടാവ്-സൃഷ്ടി വിപരീതദ്വന്ദം

മനുഷ്യതിന്മയുടെ ഫലമായി രൂപപ്പെട്ട വിപരീതദ്വന്ദങ്ങളിൽ അതിപ്രധാനമായ ഒന്നാണ് സൃഷ്ടാവ്-സൃഷ്ടി വിപരീത യുക്തി. ബാബിലോൺ സൃഷ്ടികഥയായ എനുമ എലീശ് പ്രകാരം തിയമത്ത് എന്ന ദുഷ്ടദേവതയുടെ ശരീരം വെട്ടിമുറിച്ചാണ് മാർദ്ദൂക്ക് എന്ന ദേവന്മാരുടെ അധിപൻ ആകാശവും ഭൂമിയും നിർമ്മിച്ചത്. തിയമത്തിന്റെ രക്തത്തിൽ നിന്നും നിർമ്മിക്കപ്പെട്ടതാണ് മനുഷ്യൻ. ദേവന്മാരായ രാജാക്കന്മാർക്കും ഭരണകൂടത്തിലെ മറ്റുള്ളവർക്കും ഭക്ഷണം മറ്റ് ഉപഭോഗവസ്തുക്കൾ എന്നിവ ഉല്പാദിപ്പിക്കേണ്ട അടിമകളാണ് മനുഷ്യർ. തന്നിൽ തന്നെ തിന്മയായ ഭൂമിയെ ദേവന്മാർക്ക് (രാജാക്കന്മാർ) വേണ്ടി മെരുക്കി നിർത്തേണ്ട ചുമതലയും അടിമകളുടേതാണ്. ഇവിടെ ദുഷ്ടദേവതയെ പരാജപ്പെടുത്തിയതും അതിന്റെ ആക്രമണത്തിൽ നിന്നും മനുഷ്യനെ രക്ഷിക്കുന്നതും മാർദ്ദൂക്ക് എന്ന ദേവാദിദേവൻ (ചക്രവർത്തി)) ആണ്. ഈ കഥയിൽ ചക്രവർത്തിയുടേയും ഭരണകർത്താക്കളുടേയും മറ്റു ജനങ്ങളുടേയും സ്ഥാനങ്ങൾ വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. ദേവന്മാരുടെ അധിപൻ-ചക്രവർത്തി രക്ഷകനാണ്. ജനങ്ങൾ വെറും കീടങ്ങൾ. ഭൂമി അതിൽ തന്നെ തിന്മയാണ്. ഭൂമിയുടെ സ്വഭാവം നിർവ്വചിച്ചിരിക്കുന്നത് അനുസരിച്ച് ദുഷ്ടദേവതയുടെ ശരീരമാണ്. അതിനാൽ അത് സൃഷ്ടിയല്ല, മെരുക്കിനിർത്തേണ്ട സത്വമാണ്. സാമാന്യജനങ്ങൾ അവകാശങ്ങൾ ഒന്നുമില്ലാത്ത നികൃഷ്ടജന്മങ്ങൾ.

### എബ്രായ വിവരണം

എബ്രായ വിവരണത്തിൽ പ്രകൃതി എന്നൊരു യാഥാർത്ഥ്യമില്ല, പ്രത്യുത സൃഷ്ടിയാണുള്ളത്. സൃഷ്ടി എന്ന വിവക്ഷയിൽ സൃഷ്ടാവ് സ്വാഭാവികമായും ഉണ്ട്. സൃഷ്ടാവ് ഇല്ലെങ്കിൽ സൃഷ്ടിക്ക് അസ്ഥിത്വം ഇല്ല. അതായത്, പ്രകൃതി എന്ന സംജ്ഞ വേദപുസ്തകാനുസരണം അല്ല. പ്രകൃതിക്ക് അതിൽതന്നെ നിലനില്പ്പില്ല.

സൃഷ്ടിക്കുക എന്ന ക്രിയാപദത്തിന്റെ മൂലപദം സൃഷ്ടിവിവരണത്തിലെ പശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ അതിന് വിശാലമായ അർത്ഥതലങ്ങൾ കണ്ടെത്തുവാൻ സാധിക്കും. നവീകരിക്കുക, രൂപപ്പെടുത്തുക, രൂപാന്തരപ്പെടുത്തുക, വേർപെടുത്തുക എന്നൊക്കെ അതിന് അർത്ഥമുണ്ട്. ദൈവം സൃഷ്ടിച്ച മനുഷ്യനിൽ പുരുഷഭാവവും സ്ത്രീത്വവും ഉൾച്ചേർന്നിരുന്നു (ഉല്പത്തി 5:2). അവയെ വേർപെടുത്തിയതാണ് ആണും പെണ്ണുമായ മനുഷ്യസൃഷ്ടി. ഭൂമിയിൽ നിന്നും വേർപെടുത്തിയതാണ് മനുഷ്യനേയും മറ്റു ജീവികളേയും. അങ്ങനെയെങ്കിൽ മനുഷ്യന് ഭൂമിയോടുള്ള ബന്ധം പൊക്കിൾക്കൊടി ബന്ധമാണ്.

### ദൈവവും പ്രപഞ്ചവും തമ്മിലുള്ളബന്ധം

ഭൂമി പ്രസവിച്ചതാണ് മനുഷ്യനെ. ഭൂമിയുടെ മുകൾപരപ്പിലുള്ള ജൈവപുതയാണ് ക്ലേദം. ക്ലേദമാണ് (എക്കൽ മണ്ണ്) ഭൂമിയെന്ന മാതാവിന്റെ ഗർഭപാത്രം. സസ്യലോകത്തിന്റേയും ജീവലോകത്തിന്റേയും ശരീരം നല്കിയ ഭൂമി മാതാവും. "പാഴും ശൂന്യവും" ആയ "ആഴി" യുടെ മീതെ ദൈവത്തിന്റെ "ശ്വാസം" (1:1 ലെ ആത്മാവ് എന്ന വിവർത്തനം എബ്രായ ചിന്താധാരക്ക് യോജിച്ചതല്ല. "റൂവാഹ്"

എന്ന പദം കാറ്റ്, ശ്വാസം എന്നൊക്കെയാണ് അർത്ഥം) പ്രതിപ്രവർത്തിച്ചപ്പോൾ "ആഴി"യിലെ കരയും കടലും വേർപെട്ടു, രാത്രിയും പകലും വേർപെട്ടു, ഇരുളും വെളിച്ചവും വേർപെട്ടു. സൗരോർജ്ജവും വായുവും അടങ്ങുന്ന അന്തരീക്ഷമാണ് ദൈവത്തിന്റെ "ശ്വാസം."

വെള്ളം ദൈവത്തിന്റെ ജീവൻ പകർന്ന ബീജമാണ്. (പുരുഷബീജത്തിന് എബ്രായചിന്തയിൽ വെള്ളം എന്ന രൂപകം ഉപയോഗിക്കുന്നുണ്ട്. യെശയ്യാവ് 48:1; സംഖ്യ 24:27). "ആഴി" ദൈവത്തിന്റെ ഗർഭപാത്രവും. സൃഷ്ടാവ് തന്റെ ഗർഭപാത്രമായ ആഴിയിൽ പ്രപഞ്ചത്തെ ഗർഭം ധരിച്ചു. സ്വന്തശരീരത്തിൽനിന്നും വേർപെടുത്തി, സൃഷ്ടിക്ക് ജന്മം നൽകി. സൃഷ്ടിയെ നോക്കി സൃഷ്ടാവിന് പറയുവാൻ സാധിക്കുന്നത് ഇതാണ്, "ഇത് എന്റെ ശരീരം." ഒരമ്മക്ക് മാത്രം തന്റെ കുഞ്ഞിനെ കരങ്ങളിലെടുത്ത് പറയുവാൻ സാധിക്കുന്നതാണിത്. സൃഷ്ടികർമ്മം ഒരു പ്രസവമാണ്.

സൃഷ്ടിതാവിൽ നിന്നും സൃഷ്ടിയിലേക്ക് ഒരു തുടർച്ചയുണ്ട്. സൃഷ്ടി സൃഷ്ടാവിന്റെ ശരീരമാകയാൽ അത് അതിൽ തന്നെ വിശുദ്ധമാണ്. സൃഷ്ടാവ് സ്ഥല-കാല പരിമിതികൾക്കതീതമാണ്. സൃഷ്ടി സ്ഥല-കാല പരിമിതിക്കുള്ളിലാണ് സ്ഥിതി ചെയ്യുന്നത്. സൃഷ്ടാവിന് അതിരുകളില്ല. സൃഷ്ടി അതിരുകൾക്കുള്ളിലാണ്. അവ തമ്മിൽ ഉള്ള ബന്ധവും തുടർച്ചയും സൃഷ്ടിയേയും വിശുദ്ധമായി നിലനിർത്തുന്നു.

**അനീതിയുടെ മൂലകാരണം**

ബാബിലോൺ-ഗ്രീക്ക്-റോമൻ-പാശ്ചാത്യ സാമ്രാജ്യങ്ങളുടെയെല്ലാം ലോകവീക്ഷണത്തിൽ പ്രകൃതി പ്രാകൃതവും നിരന്തരം മനുഷ്യപ്രയത്നത്താൽ വികസിപ്പിക്കേണ്ടതും മെരുക്കിയെടുക്കേണ്ടതുമാണ്. ശാസ്ത്രജ്ഞർ, ഉദ്യോഗസ്ഥ പ്രഭുക്കൾ, മാധ്യമപ്രവർത്തകർ, ഭരണകർത്താക്കൾ എന്നിവരടങ്ങുന്ന ഭരണകൂടത്തിനുവേണ്ടി ഉപഭോഗവസ്തുക്കൾ ഉല്പാദിപ്പിക്കുവാൻ വിധിക്കപ്പെട്ട നികൃഷ്ടജന്മങ്ങൾ മാത്രമാണ് സാമാന്യ ജനം. കർഷകന്റെ ഒരു വർഷത്തെ അദ്ധ്വാനത്തിന് ലഭിക്കുന്ന പ്രതിഫലം വ്യവസായിയുടെ ഒരു മണിക്കൂർ നേരത്തെ വേതനത്തിന് തുല്യമാകുന്നത് ഈതരത്തിലുള്ള ബന്ധങ്ങളുടെ നിർവ്വചനത്തിലാണ്. ലോകത്തെ ഏറ്റവും വലിയ എട്ടു സമ്പന്നരുടെ സ്വത്ത് ആകെയുള്ള ലോകജനതയുടെ പകുതിപേരുടെ സ്വത്തിന് തുല്യമാകുന്നത് ഈ ലോകവീക്ഷണത്തിലാണ്. ദൈവം സമ്പത്ത് സൃഷ്ടിച്ചിട്ടില്ല എന്നും ദൈവസൃഷ്ടിയിൽ ഉണ്മ മാത്രമേ ഉള്ളൂ എന്നും തിരിച്ചറിയണം. അതുകൊണ്ട് ദൈവസൃഷ്ടിയിൽ പ്രകൃതി ഇല്ല, സൃഷ്ടിയോ മനുഷ്യനോ സ്ത്രീയോ ഉപഭോഗവസ്തുവല്ല, സമ്പന്നരും ദരിദ്രരുമില്ല. സൃഷ്ടാവും സൃഷ്ടിയും വിപരീതദ്വന്ദങ്ങളുമല്ല. സൃഷ്ടി സൃഷ്ടാവിന്റെ തുടർച്ചയാണ്, വിശുദ്ധവുമാണ്

9446361660

## സൂക്ഷിക്കുക

ഇന്നത്തെ യുവ തലമുറ അന്യം നിന്ന് പോകാതിരിക്കാൻ കെ.എഫ്.സി എന്ന മാരക ഭക്ഷണ പദാർത്ഥം ഇന്ത്യയിൽനിരോധിക്കണം. കുട്ടികളുടെയും യുവജനങ്ങളുടെയും ഇഷ്ട ആഹാരമായി തിരഞ്ഞെടുത്തിരിക്കുന്ന കെ.എഫ്.സിയിൽ ഉപയോഗിക്കുന്ന ഇറച്ചിക്കോഴികൾ ഉണ്ടാക്കുന്നത് സാധാരണ കോഴി കുഞ്ഞുങ്ങളെ വിരിയിച്ച് എടുക്കുന്നതുപോലെയല്ല !

കൃത്രമ ജനിതക പ്രക്രിയ വഴി ഭ്രൂണത്തിനെ വളർത്തിയെടുത്ത കോഴിക്കുഞ്ഞുങ്ങൾക്ക് പൂടയോ, ചുണ്ടോ, ചിറകോ ഇല്ല!

കുഴൽ വഴി മാത്രം തീറ്റയെടുക്കുന്ന ഇവയുടെ എല്ലിന്റെ ഘടകം വളരെ ചുരുങ്ങിയതാണ് അതിനാൽ മാംസം ധാരാളം ലഭിക്കും!

ഇത്തരം രീതിയിൽ കോഴിയെ വളർത്തുന്നതിന്റെ കാരണം തൊഴിലാളികളുടെ എണ്ണം കുറയ്ക്കാനാണ്. ഇതിനെ ലോകത്ത് ഒരിടത്തും ചിക്കൻ എന്ന് വിളിക്കാറില്ല. പകരം കെ എഫ്സി എന്ന് മാത്രമേ സംബോധന ചെയ്യാറുള്ളൂ. സുര്യപ്രകാശമടിച്ചാൽ ചത്തുപോകുന്ന ഈ കൃത്രിമ ജീവിയെയാണ് കെ.എഫ്.സിയിലൂടെ നമുക്ക് ലഭിക്കുന്നത്. കെ.എഫ്.സിയിൽ ഒരിക്കലും ചിക്കന് ക്ഷാമമില്ല.

ഇറച്ചി കാലങ്ങൾ കേടുപാട് കൂടാതെ സൂക്ഷിക്കാൻ വേണ്ടി വളരെ മാരകമായ രാസവസ്തുക്കളാണ് ഉപയോഗിക്കുന്നത്.ഇത് കൂടാതെ കൃത്രിമ ജീവികൾ പെട്ടെന്ന് മരണപ്പെടാതിരിക്കാൻ ഹോർമോണും ആന്റിബയോട്ടിക്കും കുത്തിവെച്ച് വളർത്തുന്നതിനാൽ അവ ഭക്ഷിക്കുന്ന വ്യക്തികളുടെ പ്രത്യുൽപാദന ശേഷിയും പ്രതിരോധ ശേഷിയും കുറയുകയും വളർന്ന് വരുന്ന കുട്ടികളിൽ ബ്രസ്റ്റ് കാൻസർ, കൊളോൺ കാൻസർ എന്നിവ ജീവിതത്തിൽ ഉറപ്പായും പിടിപെടുന്നതുമാണ്.

ഇനി അടുത്ത ഒരു തലമുറ കെ.എഫ്.സി എന്നവാക്ക് കേൾക്കാൻ കൂടി ഭൂമിയിൽ അവശേഷിക്കില്ല. ഇപ്പോൾ കെ.എഫ്.സി ഉപയോഗിക്കുന്നവർക്ക് ജനിക്കുന്ന കുട്ടികളുടെ ആയുസ് 25നും 30തിനും മധ്യയിൽ അവസാനിക്കും. അവരിൽ ജനിക്കുന്ന കുട്ടികൾ കണ്ണും ചെവിയും മറ്റും പ്രവർത്തനരഹിതമായ ജനിതക വൈകല്യങ്ങളുള്ളവരായിരിക്കും.

കൃത്രിമ ജീവികളെ പോലെ മാറുന്ന മനുഷസമൂഹത്തെ കുറിച്ച് സങ്കല്പിക്കാൻ തന്നെ പ്രയാസമാണ്. ഇതിന് കാരണം മനുഷ്യരിൽ ഉണ്ടാകുന്ന ജനിതക മ്യൂട്ടേഷനാണ്.

ഇന്ന് പല ഉദ്യോഗസ്ഥരും ജോലിയിൽ സ്ഥലം മാറ്റം തിരഞ്ഞെടുക്കുന്നത് അവരുടെ കുട്ടികളുടെ ഇഷ്ടകേന്ദ്രമായ കെ.എഫ്.സി ശാഖകൾ ഉള്ളിടത്തേക്ക് മാത്രമാണ്. നമ്മുടെ കുടുംബത്തിന്റെ, കേരളത്തിന്റെ, ഭാരതത്തിന്റെ,

ലോകത്തിന്റെ ഭാവി തകർക്കുന്ന ഈ മാരക വസ്തു ഇന്ത്യയിൽ തടയാൻ നമ്മൾ ഓരോ വ്യക്തിയും പ്രതിജ്ഞ ചെയ്യണം. പണക്കൊതി മൂത്ത് ഈ മാരക വിഷത്തിന്റെ പരസ്യം നൽകി മാധ്യമങ്ങൾ ജനത്തെ ചതിക്കരുതെന്നും അപേക്ഷിക്കുന്നു.



# വാർത്തകളും വിശേഷങ്ങളും

**രാജൻ കെ. വർഗീസ്**

## പീഡനത്തെ അതിജീവിക്കുവാൻ ഇറാക്ക് ക്രൈസ്തവർ കമ്മിറ്റി ഉണ്ടാക്കുന്നു

**ബാഗ്ദാദ്:** ഇറാക്കിൽ ക്രൈസ്തവർ സമീപ കാലത്ത് നേരിടുന്ന വലിയ പ്രതിസന്ധികളെ അതിജീവിക്കുവാനായി ക്രൈസ്തവർ കമ്മിറ്റി രൂപീകരിക്കുന്നു. 2003 മുതിൽ ഇറാക്കിൽ ക്രൈസ്തവർ വലിയ പീഡനങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിനെ നേരിടാനായി രാജ്യത്ത് വലിയ ക്രൈസ്തവ കമ്മിറ്റി രൂപീകരിക്കാനാണ് ശ്രമം നടക്കുന്നത്. ഇതിന്റെ പ്രാരംഭ നടപടിയായി ഇറാക്ക് പ്രധാനമന്ത്രി ഹൈദർ അലി അബാദി ഔദ്യോഗികമായ അംഗീകാരം നല്കിക്കഴിഞ്ഞു.

2003 വരെ രാജ്യത്ത് 1.5 മില്യൻ ക്രൈസ്തവർ ഉണ്ടായിരുന്നു. ഇന്ന് വെറും രണ്ട് ലക്ഷം മാത്രമായി ചുരുങ്ങി. രണ്ട് വർഷം മുമ്പ് ഐ.എസ്. ഭീകരർ തുടങ്ങിവെച്ച അതിക്രമങ്ങളിലും അരാജകത്വത്തിലും ഭയന്ന് ബാക്കിയുള്ളവർ എല്ലാം വിദേശ രാജ്യങ്ങളിൽ അഭയം തേടിയതായിരുന്നു കാരണം. ഇക്കാലയളവിൽ  ഇറാക്കിൽ ക്രൈസ്തവർക്കെതിരായി 7,000 വലിയ ആക്രമണ കേസുകൾ ഉണ്ടായി. തട്ടിക്കൊണ്ടുപോകൽ, മോഷണം, കൊലപാതകം എന്നിവയ്ക്ക് നിരവധി ക്രൈസ്തവർ ഇരകളായി. രാജ്യത്തെ പൗരാണിക ജനവിഭാഗമായ ക്രൈസ്തവരെ ഇല്ലായ്മ ചെയ്യുവാനായി ഭീകരർ ശ്രമിച്ചു വരികയാണ്. രാജ്യം വിട്ടവരെ തിരിച്ചുകൊണ്ടുവരുവാനും, എല്ലാ പൗരന്മാരുടെയും ജീവനും സ്വത്തിനും സംരക്ഷണം നല്കുവാനുമാണ് ക്രൈസ്തവ കമ്മിറ്റി രൂപീകരിക്കുന്നത്

## ഫാ. ടോമിന്റെ മോചനത്തിനായി പ്രധാനമന്ത്രി ഇടപെടണം: പി.ജെ കുര്യൻ

**ന്യൂഡൽഹി**: ഫാ. ടോം ഉഴുന്നാലിലിന്റെ അടിയന്തര മോചനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇടപെടണമെന്നാവശ്യപ്പെട്ട് രാജ്യസഭാ ഉപാധ്യക്ഷൻ പി.ജെ കുര്യൻ കത്തയച്ചു. വൈദികന്റെ മോചനത്തിനായുള്ള ശ്രമത്തിൽ പ്രധാനമന്ത്രി വ്യക്തിപരമായി ഇടപെടണമെന്നു നരേന്ദ്ര മോദിക്കയച്ച കത്തിൽ അദ്ദേഹം ചൂണ്ടിക്കാട്ടി.

വൈദികന്റെ മോചനത്തിനായി സർക്കാർ നടത്തുന്ന എല്ലാ നടപടികളും അഭിനന്ദനാർഹമാണ്. മോചന ശ്രമങ്ങളിൽ പ്രധാനമന്ത്രിയുടെ ഇടപെടൽ കൂടുതൽ വേഗതയുണ്ടാക്കും.  എത്രയും പെട്ടെന്ന് ഫാ. ടോമിനെ സുരക്ഷിതനായി മോചിപ്പിച്ചു ഇന്ത്യയിലെത്തിക്കണം. അദ്ദേഹത്തിന്റെ മോചനം വൈകുന്നതിലും ആരോഗ്യത്തിലും ബന്ധുക്കൾ അതീവ ദുഃഖിതരാണെന്നും പി.ജെ കുര്യൻ പ്രധാനമന്ത്രിക്കയച്ച കത്തിൽ ചൂണ്ടിക്കാട്ടി.  വിദേശത്ത്, പ്രത്യേകിച്ച് ഗൾഫ് മേഖലകളിൽ പ്രതികൂല സാഹചര്യങ്ങളിൽ അകപ്പെട്ടു പോയ ഇന്ത്യക്കാരുടെ മോചനത്തിനായി സർക്കാർ നടത്തുന്ന എല്ലാ ശ്രമങ്ങളും അഭിനന്ദനാർഹമാണ്. ഫാ. ടോമിന്റെ മോചനത്തിനായി സർക്കാർ എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ടെന്ന് ഉറപ്പാണ്.  എങ്കിലും വൈദികന്റെ സുരക്ഷിതമായ മോചനത്തിന് പ്രധാനമന്ത്രി വ്യക്തിപരമായി ഇടപെടണമെന്നദ്ദേഹം കത്തിൽ ആവശ്യപ്പെട്ടു.

## എൽപിജി: ഓൺലൈനിൽ പണമടച്ചാൽ അഞ്ചു ശതമാനം ഇളവ്

**ന്യൂഡൽഹി**: കറൻസിരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാരിന്റെ നടപടികളുടെ ഭാഗമായി പാചകവാതക സിലിണ്ടർ ഓൺലൈൻവഴി ബുക്ക് ചെയ്യുന്നവർക്ക് അഞ്ചു ശതമാനം ഇളവു ലഭിക്കും.

ഇന്ത്യൻ ഓയിൽ കോർപറേഷൻ, ഭാരത് പ്രെട്രോളിയം കോർപറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് എന്നീ കമ്പനികളാണ് ഡിസ്കൗണ്ട് നല്കുന്നത്. ഡിസ്കൗണ്ട് ലഭിക്കാൻ സിലിണ്ടർ ബുക്ക് ചെയ്ത് ഓൺലൈനായി പണമടയ്ക്കണം.ഡിസ്കൗണ്ട് തുക കസ്റ്റമറുടെ അക്കൗണ്ടിൽ ക്രെഡിറ്റാകും.

കറൻസിരഹിത പണമിടപാടിലൂടെ പെട്രോൾ പമ്പുകളിൽ ഇന്ധനം നിറയ്ക്കുന്നവർക്ക് 0.75 ശതമാനം ഇളവു നല്കാൻ എണ്ണക്കമ്പനികളോടു സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്

9495481940



സിഎസ്ഐ സഭ മോഡറേറ്ററായി തെരഞ്ഞെടുക്കപ്പെട്ട ബിഷപ്പ് തോമസ് കെ. ഉമ്മൻ ഡെപ്യൂട്ടി മോഡറേറ്റർ പ്രസാദ് റാവു സെക്രട്ടറി റവ.ഡോ. ഡാനിയൽ രത്നാകര ട്രഷറർ റോബർട്ട് ബ്രൂസ് എന്നിവർക്ക് കോട്ടയത്ത് നൽകിയ പൗരസ്വീകരണം.



ഡോ.മാത്യു കോശി പുന്നയ്ക്കാട് എഡിറ്റ് ചെയ്ത് സിഎസ്ഐ സിനഡിന് വേണ്ടി പ്രസിദ്ധീകരിച്ച ഗ്രീൻ പാരബ്ൾ മോഡറേറ്റർ പ്രകാശനം ചെയ്യുന്നു

**NEW VISION FOR A CHANGING WORLD**

**February 2017**

**Annual Subscription Rs.100.00 Per Copy Rs.20**

**Postal Regn. KL/KTM/009/2015-17**

**Posted at Kottayam RMS on 28 of every preceding month**

**Registered with the Registrar of Newspapers for India, under**

**No.KER BIL/2000/1543**

**Licence No.KL/CR/KTM/WPP-20/2015-17**

**Licensed to post without prepayment**

**Published on 28.1.2017**




'Home Away From Home'

Neat Modest Accommodation with Quality Food

FACILITIES

Living Room
Dining Room
Homely Food
Open Restaurant
Free Wifi
Family Rooms
Couple's Rooms
Dormitory
Camp Fires
Cycling
Boating

HOME WOOD

KODAIKANAL

*Concession Rates to*

Church Groups
Prayer Groups
Schools
Colleges
Institutions

AN ECO SPIRITUALITY CENTRE

A Concern of C.S.I. Madhya Kerala Diocese

KODAIKANAL, 21/151, Near Gemini Ganesh Bunglow

Lower Shola Road, Kodaikanal, Tamilnadu 624 101

E-mail:homewoodkodaikanal@gmail.com

www.homewoodkodaikanal.com

Ph: 04542 244274, Mob:9585865620, Kottayam 0481-2567274

**CSI EDEN ECO SPIRITUALITY CENTRE**

**OTHERA**

Mob: 9447114781, Kottayam 0481-2567274

ACCOMMODATION FOR 100 PEOPLE

ECO FRIENDLY CONFERENCE HALL & CHAPEL

SITUATED IN 3 ½ ACRES OF LUSH GREEN LAND

SUITABLE PLACE FOR CAMPS & CONFERENCES

SERENE VILLAGE ATMOSPHERE



**CSI RETREAT CENTRE**

**DIOCESAN OFFICE, KOTTAYAM**

TEL: 0481 2304199 / 2566931 / 2567274

MOB: 9562832355

- A/C CONFERENCE HALL TO ACCOMMODATE 175 PEOPLE
- NON A/C AUDITORIUM TO ACCOMMODATE 600 PEOPLE
- DINING FACILITY FOR 750 PEOPLE
- A/C & NON A/C ROOMS TO ACCOMMODATE 100 PEOPLE
- AMPLE PARKING SPACE
- TRANQUIL ATMOSPHERE
- WITH IN THE HEART OF CITY


**Edited Printed and Published by Dr.Mathew Koshy Punnackad**

**Owned by Rev.K.C.Mathew Chairperson Nava Darshan Trust Manganam Kottayam**

**Printed at Evangel Press Thiruvalla for Learners Offset Printers CMS College Road Kottayam**

**Layout Nainan K Jacob Thiruvalla (enjay)**

**E-mail: newsvisionmagazine@gmail.com Website: newvisionmagazine.org**